

ചൊവ്വല്ലൂരിന്റെ 'ഒരു നേരമെങ്കിലും' എന്ന ഗാനം
ലോകപ്രശസ്തമായിത്തീർന്ന
ഒരു കൃഷ്ണരചനാവിസ്മയമാണ്.
ആസ്തികരും നാസ്തികരും ഒരുപോലെ ഹൃദയത്തിലേറ്റിയ
ഈ ഗാനം അതിന്റെ അഗാധമായ ലാളിത്യംകൊണ്ടും
ആത്മാർത്ഥതകൊണ്ടും ആത്മാർപ്പണംകൊണ്ടും
ഒറ്റയ്ക്കൊരു ഗാനചരിത്രമായി.
ലോകമെമ്പാടുമുള്ള കോടിക്കണക്കായ ഭക്തർ ആത്മദുഃഖങ്ങൾക്കുള്ള
നിത്യസമാധാനമായും പ്രാണമോക്ഷോപായമായും
ചൊവ്വല്ലൂരിന്റെ ഈ വരികളെ പുണ്യംപോലെ കൊണ്ടുനടന്നു.
ചൊവ്വല്ലൂരിനേക്കാൾ പ്രശസ്തമായിത്തീർന്ന
ഈ കൃഷ്ണപ്രേമാമൃതം തന്നെയാണ്
കവിയെ അമരനാക്കിത്തീർക്കുന്ന സർഗ്ഗപ്രസാദങ്ങളിലൊന്ന്.

– ആലങ്കോട് ലീലാകൃഷ്ണൻ

അനുഗ്രഹം
പബ്ലിക്കേഷൻസ്
വില: 250 രൂപ

ഒരു നേരമെങ്കിലും...



# ഒരു നേരമെങ്കിലും...

ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി

# ഒരുനേരമെങ്കിലും

(തെരഞ്ഞെടുത്ത കവിതകൾ)

**ചൊവ്വല്ലൂർ കൃഷ്ണൻ കുട്ടി**

**ORUNERAMENKILUM**
**POEMS**

By
**Chowallur Krishnankutty**

All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the author

FIRST EDITION : 2023
Copies : 1000

Typesetting
& Cover : Rajendran .V Aries

Printing :

Price: Rs.

# ശ്രദ്ധാഞ്ജലി

സംഗീതവും, സാഹിത്യവും, സമാന്തരമായി ഒഴുകുന്ന രണ്ടു പ്രവാഹങ്ങളാണോ? അതോ പരസ്പരം സംപൃക്തങ്ങളായി പല ഭാവമേഖലകളിലേക്കും അനുവാചകനെ ഉണർത്തുന്ന വൈകാരികതയോ? സംഗീതം ആപാതമധുരമാണെന്നും, സാഹിത്യം ആലോചനാമൃതമാണെന്നും എഴുതിയ ആചാര്യൻ ഏകമായ ഒരുടലിൽനിന്ന് ഒഴുകിവന്ന സ്തന്യമാണ് അവയെന്നു പറയുമ്പോൾ, അർത്ഥമാക്കുന്നത്, സദ്യോജാതങ്ങളായ വൈകാരികതയും, വിചിന്തനത്തിൽ നിന്നുണരുന്ന അമൃതരസവുമാണ്. രണ്ടും ഭിന്നങ്ങളല്ല; അവ പരസ്പരം ചേർന്നിരിക്കേണ്ടവയാണണെന്ന് ആചാര്യൻ പറയാതെ പറയുന്നു എന്ന് സാരം.

കേവലസംഗീതത്തിൽനിന്ന് വിഭിന്നമായി ഇന്ന് നാം കേൾക്കുന്ന ഗാനങ്ങളെല്ലാം ഭാഷയുടെ അർത്ഥത്തിന്റെ സംയോഗത്തിലൂടെയാണ് അനുവാചകഹൃദയത്തിലെത്തുന്നത്. സംഗീതത്തിന്റെ ഈ പരിവേഷം സാഹിത്യത്തിനും, മറിച്ചും ഉണ്ടാകുന്ന സൗന്ദര്യാതിശയമാണ് അവയെ അതീവ ഹൃദ്യമാക്കുന്നത്.

ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയുടെ തെരഞ്ഞെടുത്ത കവിതകൾ എന്ന സമാഹാരത്തിലൂടെ കടന്നുപോയപ്പോൾ ഉണ്ടായ ചിന്തകളാണ് മേൽ സൂചിപ്പിച്ചത്. ഈ സമാഹാരത്തിൽ അധികവും കാണുക ഗാനങ്ങളാണ്. കവിതകളുടെ മാതൃകയിലുള്ളവ നാലോ അഞ്ചോ.

ചൊവ്വല്ലൂരിനേയും, അദ്ദേഹത്തിന്റെ വൈവിധ്യമാർന്ന കർമ്മമേഖലകളെയും കുറിച്ച് അറിയാവുന്നവർക്ക് എന്നോ വ്യക്തമായ ഒരു സത്യമുണ്ട്. അദ്ദേഹത്തിന്റെ ആത്മാവിന്റെ അഗാധതയിൽ ഉണർന്നിരിക്കുന്ന ആസ്തിക്യബോധംതന്നെ അത്. അമ്പലങ്ങളിലും അമ്പലപരിസരങ്ങളിലും ജീവിക്കാൻ ഇടയായ ഒരു അമ്പലവാസിയായ ബാലനിൽ ഈ ആസ്തിക്യബോധം രൂഢമൂലമായില്ലെങ്കിലേ അദ്ഭുതപ്പെടുവാനുള്ളൂ.

പിൽക്കാലത്ത് ആധുനിക വിദ്യാഭ്യാസം നേടി, ഭൗതികതയുടെ കർമ്മമേഖലകളിൽ അദ്ദേഹം നിഷ്ണാതനായി. ഏറക്കുറെ ചെറുപ്പക്കാരിൽ യൗവനഘട്ടത്തിൽ കണ്ടേക്കാവുന്ന സർവ്വനിഷേധഭാവം ചൊവ്വല്ലൂരിനു

ണ്ടായോ എന്നറിയില്ല. ലൗകികജീവിതത്തിൽ, തന്റെ കർമ്മമേഖലയിൽ എഴുത്ത് അനിവാര്യമായ സാഹചര്യത്തിലോ, അല്ലാതെ സ്വതന്ത്രമായി തന്റെ സാമൂഹികബോധം ഉണർത്തിയ സർഗസിദ്ധികൾക്ക് രൂപം നൽകിയപ്പോ ഴോ, അദ്ദേഹം അസ്തിത്വവാദത്തിന്റെയും, സർവ്വനിഷേധത്തിന്റേയും വഴി യിൽ സഞ്ചരിച്ചിട്ടുണ്ടോ? ഉണ്ടായാലും ഇല്ലെങ്കിലും ഒരു കാര്യം സത്യമാണ്. കർമ്മ മേഖലയുടെ കർത്തവ്യം തന്നെ ഞെരുക്കുമ്പോഴും തന്റെ എല്ലാമായ ഗുരുവായൂരപ്പന്റെ എഴുന്നള്ളിപ്പിന് കൃഷ്ണൻകുട്ടി ഓടിയെത്തും. അകമേ നിലകൊണ്ടു തനിക്ക് വിവേകം പകരുന്ന ഒരു ശക്തിയുണ്ടെന്ന് അദ്ദേഹം എക്കാലത്തും കരുതിയിരുന്നു. അത് സാക്ഷാൽ ഗുരുവായൂരപ്പൻ തന്നെ.

ആന്തരികവും, സുദൃഢവുമായ ഈ വൈകാരികമായ നമ്രതയിൽ നിന്നാണ് ചൊവ്വല്ലൂരിന്റെ ഭക്തിഗാനങ്ങളെല്ലാം പിറന്നത്. ചൊവ്വല്ലൂർ തന്നെ നേരിട്ടു പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നു. ഒരു ഭക്തിഗാനം എഴുത ണമെന്ന് തോന്നിയാൽ താൻ പേന ഗുരുവായൂരപ്പന്റെ പടത്തിനു മുന്നിൽ വെയ്ക്കും. അല്പനേരം ഏകാഗ്രനായി ഭഗവാനെ ഓർക്കും. പിന്നെ പേനയിൽ നിന്ന് ഗാനം ഒഴുകുന്നു. ഇടയ്ക്ക് നിർത്താതെ വെട്ടും തിരുത്തിമില്ലാതെ എഴുതിയ ഗാനങ്ങൾ നിരവധിയാണ്. "ഒരു നേരമെങ്കിലും" എന്ന പാട്ടെഴു തുമ്പോഴുണ്ടായ അനുഭവം വിവരിക്കുമ്പാഴാണ് ഇക്കാര്യം അദ്ദേഹം പറ ഞ്ഞത്.

ഗുരുവായൂരപ്പനെക്കുറിച്ച് ഇത്രയധികം ഗാനങ്ങൾ എഴുതിയ മറ്റൊരു കവിയുണ്ടോ? സംശയമാണ്. എത്ര വർണിച്ചാലും പിന്നെയും വ്യത്യസ്തത കൾ ബാക്കിയാവുന്ന, എത്ര എഴുതിയാലും തീരാത്ത കവിതയാണ് (രമേ ശൻ നായർ) ഗുരുവായൂരപ്പൻ. ഒരു മയിൽപ്പീലി, ഓടക്കുഷണം, വനമാല, മഞ്ഞപ്പട്ട്, കാൽത്തള ഇത്രയും മതി ചൊവ്വല്ലൂരിന് ഉണ്ണിക്കണ്ണന്റെ വിചിത്ര മായ രൂപഭാവങ്ങൾ ആവിഷ്ക്കരിക്കുവാൻ. ഈ വർണനകൾക്ക് ആവർത്തന വിരസതയില്ലെന്നതാണ് സത്യം. ഒന്നുകിൽ പരിഭവം; അല്ലെങ്കിൽ വാത്സ ല്യം, അതുമല്ലെങ്കിൽ പ്രേമം. ഇങ്ങനെ ഏതു ഭാവത്തിലും കവി ഉണ്ണിക്ക ണ്ണനെ കാണുന്നു. ചിത്രീകരിക്കുന്നു. ഭഗവാനോട് നേരിട്ട് സംവദിക്കുന്ന രൂപത്തിലെഴുതപ്പെടുന്ന ആ ഗാനങ്ങൾക്ക് ഭക്തിഭാവതരംഗമുണർത്തി, അനു വാചകനെ ആത്മലയനിർവൃതിയിലാഴ്ത്താൻ സാധിക്കുന്നു എന്നതാണ തിന്റെ വിജയം.

മഹാകവി അക്കിത്തത്തെ അനുസ്മരിക്കുന്ന ഒരു കവിതയുണ്ട് ഈ സമാഹാരത്തിൽ. ഒരു കണ്ണുനീർത്തുള്ളിയിൽ സൗരമണ്ഡലം കണ്ട കവി യുടെ അനുഗ്രഹം, ഈ ഗാനങ്ങളിൽ ഉണ്ണിക്കണ്ണന്റെ വായിലെന്നപോലെ

സമസ്ത ലോകവും നിഴലിച്ചുകാണുന്നു. ബിംബാവലികൾകൊണ്ടു സമൃദ്ധമായ ഈ ഗാനങ്ങളിൽ, പദബന്ധങ്ങളുടെ സംപൃക്തതമായ ചാരുതകൊണ്ട്, അനുവാചകനിൽ തന്മയീഭാവജന്യമായ ഒരു അനുഭൂതിയുടെ ഭാവമേഖല അനാവരണം ചെയ്യപ്പെടുന്നു.

അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രസാധനം ചെയ്യപ്പെടുന്ന ഈ കവിതാസമാഹാരത്തിനു മുന്നിൽ, ഒരു ശ്രദ്ധാഞ്ജലിയായി ഈ കുറിപ്പ് മാറട്ടെ എന്നാശിക്കുന്നു. അനശ്വരയശസ്വിയായ ആ ഉത്തമസുഹൃത്തിന് ആദരാഭിവാദ്യങ്ങൾ.

**– രാധാകൃഷ്ണൻ കാക്കശ്ശേരി**

## പരിപൂർണ പ്രേമസാരമായ കൃഷ്ണപ്രസാദം

മലയാള കവിതയുടെ പ്രസന്നമധുരമായ മുഖങ്ങളിലൊന്നാണ് ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയുടെ കവിതകൾ. ഭക്തിയും ആത്മീയതയും ക്ലാസിക്കൽ കാല്പനികതയും ചൊവ്വല്ലൂർക്കവിതയ്ക്ക് ചന്ദനസുഗന്ധവും പ്രസാദവും ചാർത്തിക്കുന്നു. പരിപൂർണ്ണ പ്രേമാവതാരമായ ശ്രീകൃഷ്ണൻ ചൊവ്വല്ലൂരിന് നിത്യകാവ്യവിഷയമായിരുന്നു. ഭഗവാൻ കൃഷ്ണനെക്കുറിച്ച് ചൊവ്വല്ലൂരെഴുതിയ കവിതകൾക്ക് കണക്കില്ല. മരിക്കുന്നതിന് ഏതാനും ദിവസം മുമ്പ് ചൊവ്വല്ലൂർ 'ഭക്തപ്രിയ'യ്ക്കു തന്ന ഒരു കവിത മരണാനന്തരം ഒരു സ്മരണാഞ്ജലിയായി ഭക്തപ്രിയയിൽ ചേർത്തതും ഓർത്തുപോവുന്നു.

ഇവിടെ ചൊവ്വല്ലൂരിന്റെ കൃഷ്ണ(ഗുരുവായൂരപ്പ)ഭക്തികവിതകളിൽ നിന്നും ഗാനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ഏതാനും രചനകളാണ് സമാഹരിച്ചിരിക്കുന്നത്.

ഇതിൽ ആദ്യം ചേർത്തിരിക്കുന്ന 'ഒരു നേരമെങ്കിലും' എന്ന ഗാനം ഗുരുവായൂരപ്പനേക്കാൾ ലോകപ്രശസ്തമായിത്തീർന്ന ഒരു കൃഷ്ണരചനാവിസ്മയമാണ്. ആസ്തികരും നാസ്തികരും ഒരുപോലെ ഹൃദയത്തിൽ കൊണ്ടുനടക്കുന്ന ഈ ഗാനം അതിന്റെ അഗാധമായ ലാളിത്യംകൊണ്ടും ആത്മാർത്ഥതകൊണ്ടും ആത്മാർപ്പണംകൊണ്ടും ഒറ്റയ്ക്കൊരു ഗാനചരിത്രമായി ലോകമെമ്പാടുമുള്ള കോടിക്കണക്കായ ഭക്തർ ആത്മദുഃഖങ്ങളെ നിത്യസമാധാനമായും പ്രാണമോക്ഷോപായമായും ചൊവ്വല്ലൂരിന്റെ ഈ വരികളെ പുണ്യംപോലെ കൊണ്ടുനടന്നു. ചൊവ്വല്ലൂരിനേക്കാൾ പ്രശസ്തമായിത്തീർന്ന ഈ കൃഷ്ണപ്രേമാമൃതം തന്നെയാണ് കവിയെ അമരനാക്കിത്തീർക്കുന്ന സർഗ്ഗപ്രസാദങ്ങളിലൊന്ന്.

'എന്തെല്ലാം മോഹങ്ങൾ' എന്ന കവിതയിൽ ചൊവ്വല്ലൂർ എഴുതുന്നു.

'ഗുരുവായൂരമ്പല മതിലകത്തൊരു വെറും
മണൽത്തരിയാവാൻ എനിക്കു മോഹം
നിറകതിരൊളിപ്പൂവും, വിളക്കു മാടത്തിലെ
തിരിനാളമാകാൻ എനിക്കു മോഹം'

ഈ വിധത്തിൽ കൃഷ്ണാമൃതത്തിലലിഞ്ഞു ചേർന്ന സർവ്വസമർപ്പണ ഭാവമാണ് ഈ കൃഷ്ണകവിതകളുടെയെല്ലാം ആത്മചൈതന്യം. ഓരോ മന

സ്സിലും കയറിച്ചെന്നു പരമസ്നേഹത്തിന്റെ വെണ്ണ കവരുന്ന നിഷ്ക്കളങ്കമായ കൃഷ്ണസ്വരൂപം ഓരോ കവിതയിലും വ്യത്യസ്ത ലാവണ്യങ്ങളോടെ അവ തരിപ്പിക്കുന്നുണ്ട്. ചൊവ്വല്ലൂരിന് തന്റെ വീട്ടിലെ അരുമയായ സ്വന്തം ഉണ്ണി തന്നെയാണ് ഉണ്ണികൃഷ്ണൻ. അതിനാൽത്തന്നെ സ്തോത്ര സാധാരണ മായ ഏകാന്തതയിൽനിന്ന് ഈ സ്നേഹകവനങ്ങൾ ഉയർന്നു നിൽക്കുന്നു. ഗുരുവായൂരപ്പഭക്തന്മാർ പവിത്രമായ തീർത്ഥംപോലെയും നൈവേദ്യ പാൽപ്പായസം പോലെയും ഈ കാവ്യപ്രസാദങ്ങളെ സ്വയമറിയാതെ ഹൃദ യത്തിൽ സ്വീകരിച്ചുപോകും.

'ഒരു പിടി അവിലിനായ് വീണ്ടും വീണ്ടും
കൈനീട്ടും കൊതിയന്റെ ഭാവം
എന്തു കണ്ടാലും കവരും, എന്നി-
ട്ടൊന്നുമറിയാത്ത ഭാവം'

കൃഷ്ണഭഗവാന്റെ നിത്യകിശോരഭാവത്തിന്റെ കൈതവം എത്രയെത്ര വാഴ്ത്തിയെഴുതിയാലും മതിയാവുന്നില്ല ചൊവ്വല്ലൂരിന്. 'അരികത്തിളം കാറ്റി ലെത്തീടും ഹരിചന്ദനത്തിന്റെ ഗന്ധംപോലെ, കൃഷ്ണത്തുളസീദളത്തിൻ സുഗന്ധംപോലെ" അറിയുന്നതെല്ലാം കൃഷ്ണ പരിമളം (എന്റെ കണ്ണൻ). "പാടുവാനാവാത്ത ചെമ്പൈയ്ക്കു നാദം പകർന്ന കൃപാനിധി, മഞ്ജുള തൻ മാല ചാർത്തിയവൻ, നൽക്കുറൂരമ്മയുടെ ഓമനപ്പുത്രൻ, ആഞ്ഞത്തിൻ മുന്നിൽ ചിരിച്ചു നിൽക്കും തേജസ്വരൂപൻ തുടങ്ങി ഒരു ചെറിയ കവിത യിൽപ്പോലും പല രൂപത്തിൽ പല ഭാവത്തിൽ കണ്ണൻ. (കവിത താമസമരു തേ...) കവി നോക്കുന്നിടങ്ങളിൽ കാണായതെല്ലാം കൃഷ്ണനാട്ടം...

"അകലെയാണകലെയാണെന്നു തോന്നുമ്പഴേ
അരികത്തു വന്നെത്തിടുന്നു
തളരുന്നു എന്നു നാം തേങ്ങുമ്പോൾ തെന്നലായ്
തഴുകിത്തലോടി നില്ക്കുന്നു."

ഇത്തരത്തിൽ സർവ്വഭൂതൈക്യബോധത്തിൽ നിന്നുദിയ്ക്കുന്ന പ്രേമാ നുഭൂതിയുടെ സാക്ഷ്യമാണ് ചൊവ്വല്ലൂരിന് കൃഷ്ണാനുഭവം.

കൃഷ്ണ ഭഗവാന്റെ അനന്ത വിവിധങ്ങളായ ഭാവസൗന്ദര്യങ്ങളുടെ ഒരു മ്യൂസിയം ശയ്യാഗുണവും ഭാവാവിഷ്ക്കരണ ലാവണ്യവും തികഞ്ഞ ശില്പം, സംഗീത ലയമുള്ള ഭാഷയുടെ നൈസർഗ്ഗികമായ ഒഴുക്ക് എന്നിങ്ങനെ കാവ്യ ശില്പങ്ങളെന്ന നിലയിലും മൗലികതയും തനിമയുമുള്ളവയാണ് ചൊവ്വ ല്ലൂരിന്റെ കൃഷ്ണ കവിതകൾ.

"എവിടെപ്പോയ് എന്നറിയാതെ
എന്നുവരും എന്നറിയാതെ

ഇപ്പോഴും ഞാനലയുന്നു
പേരറിയാ വഴികളിലൂടെ"

"ഗുരുവായൂരമ്പല നടയിൽ ഞാനൊരുദിനം
പുലരിയോടൊപ്പം കുളിച്ചുവന്നു
ആരും കാണാതെയന്നേരം വനമാലി
ഒരു മയിൽപ്പീലി എനിയ്ക്കു തന്നു."

ഈ വിധത്തിലുള്ള മിസ്റ്റിക് ലാവണ്യം തികഞ്ഞ ആത്മീയദർശനം പല കവിതകളിലും വായിക്കാം.

ഇങ്ങനെയിങ്ങനെ വൈചിത്ര്യസുന്ദരങ്ങളായ കൃഷ്ണ കല്പനാകല്ലോലങ്ങൾ നിരന്തരം സ്പന്ദിക്കുന്ന കൃഷ്ണകൃപാസാഗരമായി ചൊവ്വല്ലൂരിന്റെ കൃഷ്ണഭക്തിഗീതങ്ങൾ അനുവാചക ഹൃദയങ്ങളെ അനുഗ്രഹിക്കുന്നു.

'ഒരു നേരമെങ്കിലും' എന്ന മാസ്റ്റർപീസ് ഗാനത്തിനു പുറമെ 'തിരുവാറന്മുള വാഴും കൃഷ്ണാ', 'അമ്പലപ്പുഴയിലെൻ മനസ്സോടിക്കളിയ്ക്കുന്നു' തുടങ്ങിയ ചൊവ്വല്ലൂരിന്റെ ചില പ്രശസ്തങ്ങളായ ഗാനരചനകളും ഈ സമാഹാരത്തിലുൾപ്പെടുത്തിയിട്ടുണ്ട്. ശ്രീഅയ്യപ്പനും, ഇടത്തരികത്തുകാവിലമ്മയും, മമ്മിയൂരപ്പനും, പൂന്താനം സ്മാരകവുമൊക്കെ ഒപ്പം കാര്യവിഷയമാവുന്നുണ്ട്. എല്ലാ അർഥത്തിലും ഭക്തഹൃദയങ്ങളെയും ഉത്തമകാവ്യാസ്വാദകരെയും ചിദാനന്ദസൗന്ദര്യം അനുഭവിപ്പിക്കുന്ന കവിതകളാണ് 'ഒരു നേരമെങ്കിലും' എന്ന ഈ സമാഹാരത്തിലുള്ളത് എന്ന് നിസ്സംശയം പറയാം.

ചൊവ്വല്ലൂരിന്റെ ഒന്നാം ചരമവാർഷിക സന്ദർഭത്തിൽ ഈ കാവ്യാമൃതം സമാഹരിക്കുവാൻ ആത്മാർത്ഥമായി യത്നിച്ച എല്ലാവർക്കും ഹൃദയപൂർണ്ണമായ സ്നേഹവും നന്ദിയും രേഖപ്പെടുത്തുക കൂടി ചെയ്യുന്നു.

**- ആലങ്ങോട് ലീലാകൃഷ്ണൻ**

# ഉള്ളടക്കം

| | |
|---|---|
| ഒരു നേരമെങ്കിലും... | 12 |
| എന്താണതിന്റെ രഹസ്യം | 13 |
| എന്റെ കണ്ണനോട് | 14 |
| തീരാത്ത കടപ്പാട് | 16 |
| കണ്ണന്റെ വികൃതി | 18 |
| ഒരേ ശീലം | 19 |
| ആത്മവിസ്മൃതിയിൽ | 20 |
| എന്റെ കണ്ണൻ | 21 |
| കണ്ടു കണ്ടില്ല | 22 |
| ജന്മസാഫല്യം | 23 |
| താമസമരുതേ... | 24 |
| എന്റെ സംശയം | 25 |
| പ്രിയം പ്രിയകരം | 27 |
| കടം തരാമോ | 28 |
| രാധ... രാധ... | 29 |
| തിരുനടയിൽ | 30 |
| എന്തെല്ലാം മോഹങ്ങൾ! | 32 |
| പരിഭവം തീർന്നില്ലേ? | 33 |
| അരുതേ, വൈകരുതേ... | 34 |
| അമ്പലപ്പുഴയിൽ | 36 |
| അമ്പലപ്പുഴ കൃഷ്ണാ... | 37 |
| രാധേ പറഞ്ഞാലും... | 38 |
| അപാരകാരുണ്യം | 39 |
| ഓരോരോ വിശേഷം | 40 |
| തിരിച്ചറിവ് | 41 |
| ചില സംശയങ്ങൾ | 42 |
| നിത്യശീലം | 43 |
| അപരാധം പൊറുക്കൂ | 44 |
| നീ എന്റെ സ്വന്തം! | 45 |
| കണ്ണന്റെ കളമൊഴി | 46 |
| മധുസൂദന, മാധവ ശൗരേ | 47 |
| വൈശാഖം വന്നിട്ടും! | 49 |
| ഒരേയൊരു പ്രാർഥന! | 51 |
| ആത്മവിസ്മൃതിയിൽ... | 53 |
| ശ്രീഅയ്യപ്പൻ | 56 |
| അങ്ങനെയാണ് എന്റെ കണ്ണൻ! | 57 |
| വൈശാഖമാസോത്സവം | 58 |
| എന്റെ കണ്ണനോട് | 59 |
| പൂന്താനം സ്മാരകം | 60 |
| ഇദം ന മമഃ ഇദം ന മമഃ | 63 |
| ഇടത്തരികത്തുകാവിൽ | 64 |
| ശ്രീമമ്മിയൂരപ്പൻ സുപ്രഭാതം | 66 |
| കണി കണ്ടപ്പോൾ | 69 |
| ഒരു കണ്ണീർക്കവിത | 70 |

കണ്ണന്റെ ഊഞ്ഞാല് 72
പൂന്താനത്തിന്റെ എഴുത്താണി 74
പാടണം, പാടണം 76
ഭജഗോവിന്ദം 78
ഗുരുസന്നിധിയിൽ 79
കൈ തൊഴുന്നേൻ 82
കണി ഗുരുവായൂരിൽത്തന്നെ 83
ആറ്റുകാലമ്മേ ശരണം 85
പറയാത്ത കാര്യങ്ങൾ 86
കണ്ണന്റെ പരിഭവം 88
ഓടിവരൂ, പാടി വരൂ.... 90
രാധാമാധവം 92
കണ്ണനൊരു താരാട്ട് 94
ആരാ,ണാരാണ് 95
മനസ്സിനകത്തോ , അരങ്ങത്തോ? 97
വൃന്ദാവനത്തിൽ 100
എന്റെ ഉണ്ണിക്കണ്ണനോട് 103
ഒരേയൊരു ആലംബം 105
ഈ തിരുനടയിൽ... 106
ഗജേന്ദ്രമോക്ഷം വീണ്ടും 108
നുണ വലിയ നുണ 110
നവകം 112
വാനമ്പാടി 115
എന്തേ കണ്ണാ, എന്തേ? 116
നിന്റെ മാത്രം മീര! 117
ഗോവിന്ദം ഭജ 118
തീരാത്ത സംശയം 119
അമ്പാടിക്കണ്ണനോട്... 121
ഓടിവരുന്നൂ ഞാൻ... 122
ചാഞ്ചാടുണ്ണി... 123
ഊഞ്ഞാലാട്ടം 124
ഹരിചരണ സ്മരണം 125
തിരുവമ്പാടിയിൽ 126
എന്റെ പ്രാർത്ഥന 127
ഊഞ്ഞാല്, നല്ലൊരൂഞ്ഞാല് 129
പിണങ്ങരുതേ... 130
ആറന്മുള കൃഷ്ണാ 131
കണ്ടൂ ഞാൻ... 132
തിരുനെല്ലി പെരുമാളേ... 133
ഒരു വാനമ്പാടിയുടെ പാട്ട് 134
കിളിമകളേ പാട്... 136
തിരുവമ്പാടി കൃഷ്ണൻ 138
കണ്ണിന് കർപ്പൂരം 139
കക്കാട് തിരുനടയിൽ 141
ശ്രീശബരീശൻ 142
കണ്ണന്റെ സന്നിധിയിൽ 143
പരമാർത്ഥം പറയൂ കണ്ണാ... 144
ആദിനാദബ്രഹ്മം 145
കണ്ണാ, പറയൂ! 146
കണ്ണന്റെ നിത്യശീലം 147
കണ്ണീരോടെ കണ്ണനോട് 148
കള്ളക്കണ്ണനോട് തന്നെ! 149
രാധയോട് 150

| | | | |
|---|---|---|---|
| വിസ്മൃതി | 151 | കുറൂരമ്മയുടെ അപൂർവ്വ ഭാഗ്യം | 187 |
| മീര, ഭക്തമീര... | 152 | രാധാമാധവം | 189 |
| എന്താണിതിന്റെ പരമാർത്ഥം? | 153 | വെറുതെ ഒരു പിണക്കം | 191 |
| ഉഷസ്സേ വിടരുക! | 154 | മുക്തക പഞ്ചകം | 192 |
| ഒരേയൊരു പ്രാർത്ഥന | 155 | ആനയോട്ടം: കണ്ണന്റെ ഒരു മോഹം! | 195 |
| അമ്പലപ്രാവുകളോട് | 156 | ത്രിമധുരം | 197 |
| എന്തൊരു വിസ്മയം! | 157 | രാധമാധവ സ്വരസംഗമം | 199 |
| ശ്രീകക്കാട് ഗണപതി | 158 | അണ്ണന്റെ നെന്മിനിയും | |
| ഒരേയൊരു മോഹം | 160 | കണ്ണന്റെ ഉണ്ണിയും | 201 |
| മുത്തും പവിഴവും | 161 | വിഷുക്കണിയഴക്! | 203 |
| തീരാത്ത കടപ്പാട് | 163 | എന്റെ ഉണ്ണിക്കണ്ണനോട് | 205 |
| കാത്തുനില്പുതന്നെ! | 164 | സാഫല്യം | 206 |
| വൈശാഖം വന്നിട്ടും... | 166 | അപരാധം പൊറുക്കൂ... | 207 |
| എന്റെ വിഷുക്കൈനീട്ടം! | 168 | ഒരു പ്രാർത്ഥന | 208 |
| ആ ഗദ്ഗദം | 170 | സുപ്രഭാതഗീതം | 209 |
| രാധാമാധവ രാഗതരംഗം | 172 | കണികാണും നേരം | 210 |
| ഒരു ചെറിയ സ്വകാര്യം | 173 | ആനന്ദ നിർവൃതി | 214 |
| ഇനിയെങ്കിലും കണ്ണാ ആടാട് | 174 | സ്വരൂപവർണ്ണന | 217 |
| ഒരേ വിചാരം | 175 | യമുനേ നീ അറിഞ്ഞില്ലേ? | 218 |
| അഷ്ടമിരോഹിണി കൃഷ്ണവേഷം! | 176 | ശ്രീമഹാഗണപതി-ഉണ്ണിഗ്ഗണപതി | 220 |
| അടിയങ്ങൾ കഷ്ടത്തിലായീലോ! | 178 | ഒരു വിഷുപ്പാട്ട് കടം തരാമോ? | 221 |
| ആ പരിഭവം | 179 | ആരേ പറഞ്ഞത്? | 224 |
| തീരാത്ത സംശയം | 180 | രാസക്രീഡ | 226 |
| നേരു പറയൂ... | 181 | കരുണാമയനുടെ ഹൃദയം... | 228 |
| മാപ്പു തരൂകണ്ണാ, മാപ്പുതരൂ! | 183 | എങ്കിലും ഒരു ചോദ്യം | 229 |
| എന്താണിതിന്റെയൊരു പേര്? | 185 | വിസ്മയം തന്നെയെല്ലാം | 231 |

# ഒരു നേരമെങ്കിലും...

**ഒ**രു നേരമെങ്കിലും കാണാതെ വയ്യെന്റെ
ഗുരുവായൂരപ്പാ നിൻ ദിവ്യരൂപം,
ഒരു മാത്രയെങ്കിലും കേൾക്കാതെ വയ്യ നിൻ-
മുരളി പൊഴിയ്ക്കുന്ന ഗാനാലാപം.

ഒരു നേര...

ഹരിനാമകീർത്തനം ഉണരും പുലരിയിൽ
തിരുവാകച്ചാർത്തു ഞാൻ ഓർത്തുപോകും,
ഒരു പീലിയെങ്ങാനും കാണുമ്പോൾ അവിടുത്തെ
തിരുമുടി കൺമുന്നിൽ മിന്നിമായും
തിരുമുടി കൺമുന്നിൽ മിന്നിമായും!

ഒരു നേര...

അകതാരിൽ തെരുതെരെ എത്തിടും ഓർമ്മകൾ
അവതരിപ്പിയ്ക്കുന്നു കൃഷ്ണനാട്ടം,
അടിയന്റെ മുന്നിലുണ്ടെപ്പോഴും മായാതെ
അവതാര കൃഷ്ണാ നിൻ കള്ളനോട്ടം!

ഒരു നേര...

❖

# എന്താണതിന്റെ രഹസ്യം

ഇന്നലെ കണ്ടപ്പോൾ ചോദിയ്ക്കും മുൻപ് നീ
തന്നു എനിയ്ക്കൊരു മയിൽപീലി!
ഇന്ന് കളഭത്തിന് കൈനീട്ടി, എന്നാൽ
ഒന്നും തന്നീലല്ലോ വനമാലി!

എന്നോടു പറയുമോ കണ്ണനുണ്ണീ
എന്താണിതിന്റെ രഹസ്യം?

സങ്കടം നടയിൽ പറയുമ്പോഴും നീ
നന്നായ് ഊറിച്ചിരിയ്ക്കുന്നു!
എത്ര പറഞ്ഞാലും എത്ര കരഞ്ഞാലും
കേട്ടില്ലയെന്നു നടിയ്ക്കുന്നു!

എന്നോടു പറയുമോ അമ്പാടുണ്ണീ
എന്താണിതിന്റെ രഹസ്യം

ഒന്നും പറയാതെ മടങ്ങുമ്പോൾ ഓടി–
വന്നെന്നെ തഴുകിത്തലോടുന്നൂ,
പോകാൻ വരട്ടെ, ഞാൻ കൂടെ വരാം എന്ന്
കാതിൽ സ്വകാര്യം പറയുന്നൂ!

എന്നോടുപറയുമോ അമ്പാടുണ്ണീ
എന്താണിതിന്റെ രഹസ്യം

❖

# എന്റെ കണ്ണനോട്

നാണം കുണുങ്ങിക്കുണിങ്ങിക്കൊണ്ടും, പട്ടു-
കോണകം മാത്രമുടുത്തുകൊണ്ടും,
ഓരോ മനസ്സിലും കേളികളാടുന്ന
കേശവപ്പൈതലെ കാണാകേണം!

അമ്മ തൻ ചാരത്തു കൊഞ്ചിക്കൊണ്ടും, പിന്നെ-
ക്കൊതിയോടെ വെണ്ണയ്ക്കായ് കെഞ്ചിക്കൊണ്ടും
ഓടക്കുഴലു വിളിച്ചുകൊണ്ടും എന്റെ
കോടക്കാർവർണനെ കാണാകേണം!

മണ്ണുതിന്നില്ലെന്നു മൊഴിഞ്ഞുകൊണ്ടും, വായിൽ
ഈരേഴുലുകവും കാട്ടിക്കൊണ്ടും
പാവം യശോദയെ പേടിപ്പെടുത്തിയ
തിരുമാലിയെ മുന്നിൽ കാണാകേണം!

ആറ്റിൽക്കുളിയ്ക്കുന്ന ഗോപികമാരുടെ
ആടകൾ വാരിയെടുത്തവനെ,
നാണത്തിൽ മുങ്ങുമാപ്പെൺകൊടിമാരുടെ
മാനസചോരനെ കാണാകേണം!

മാരകമാം വിഷം അമ്മിഞ്ഞപ്പാലായി
തെരുതെരെയൂട്ടിയ പൂതനയ്ക്കും
കാളകൂടം ചീറ്റും കാളിയന്നും ശാപ-
മോക്ഷം കൊടുത്തോനെ കാണാകേണം!

അരികത്തു വന്നൊന്നു തഴുകിത്തലോടാനും
പരിഭവം പലതും പറയുവാനും,
കെട്ടിപ്പിടിച്ചുമ്മ വയ്ക്കാനുമെൻചിത്ത-
മിപ്പോഴും കണ്ണാ തുടിയ്ക്കുന്നൂ!

അകലെയാവാം ഞാൻ, എന്നാലും അരികത്തെൻ
ആലിലക്കണ്ണനെ കാണേണം,
കേശവനുണ്ണി തൻ പാദാദികേശവും
കേശാദിപാദവും കാണേണം!

❖

# തീരാത്ത കടപ്പാട്

എന്നുണ്ണിക്കണ്ണാ! കടം തരാമോ ഒരു
വർണപ്പീലി, മയിൽപ്പീലി?
എന്തിനെന്നല്ലേ, നീ ചാർത്തുമ്പോഴതിൻ-
ചന്തം കണ്ടോണ്ടിരിയ്ക്കാനാണ്!
ഓരോ പീലി കാണുമ്പോഴും നിന്നെ
ഓർമ വരുന്നൂ വനമാലി!

പാടാൻ മോഹം! നീയെനിയ്ക്കായൊരു
പാഴ്മുളന്തണ്ട് കടം തരാമോ?
നീയൊന്നു തൊട്ടാൽ, ഏതു മുളന്തണ്ടിലും
നിരുപമ ഗാനങ്ങൾ വിരിയുമല്ലോ!
ഓരോ മനസ്സിലും അതുവരെക്കേൾക്കാത്തൊ-
രോടക്കുഴൽവിളി തുളുമ്പുമല്ലോ!

മൂവന്തി മാനമേ! കണ്ണനെയുടുപ്പിയ്ക്കാൻ
ഒരു മഞ്ഞപ്പട്ട് കടം തരാമോ?
കോണകം മാത്രമുടുത്തവൻ നിൽപ്പതു-
കാണുമ്പോൾ നാണം തോന്നുന്നൂ!
ഗോപികമാരുടെ പണിയാണിതെങ്കിലും
നേരോർത്താൽ ഒരുതരം കെണിയല്ലേ?

ഓരോന്നിടയ്ക്കിടെ വന്നു ചോദിക്കുമ്പോൾ
ഓരോ കള്ളച്ചിരി - ഇതെന്താണ്?
കടമായി മേടിച്ചതൊന്നും നീ പിന്നെ
തിരികെത്തരാറില്ല - എന്നാണോ?

ആണെങ്കിൽ നേരാണ്; കണ്ണാ, നീയല്ലാതെ
ആരുണ്ടെനിയ്ക്കു കടം തരുവാൻ?
സത്യത്തിൽ നാം തമ്മിലുള്ള ബന്ധം തന്നെ
തീർത്താലും തീരാത്ത കടപ്പാടല്ലേ?

❖

# കണ്ണന്റെ വികൃതി

ഒന്നും നോക്കാതെ തയിൽക്കലമിങ്ങനെ
തട്ടിയുടയ്ക്കില്ല കണ്ണൻ! വെറുതെ
തട്ടിത്തകർക്കില്ല കണ്ണൻ!
ഒന്നുകിൽ തൈര് കൊടുക്കാഞ്ഞിട്ട്,
അല്ലെങ്കിലാരെയോ കണ്ടു പേടിച്ചിട്ട്, അതു-
മല്ലെങ്കിൽ അമ്മ ഉരലിൽക്കെട്ടീട്ട്...

ഒന്നും ഓർക്കാതെ പശുവിന്റെ പാല്
കട്ടുകുടിയ്ക്കില്ല കണ്ണൻ എന്നും
കട്ടുകുടിയ്ക്കില്ല കണ്ണൻ
ഒന്നുകിലോ പശു താനേ ചുരത്തീട്ട്,
അല്ലെങ്കിൽ കണ്ടപ്പോൾ കൊതി തോന്നീട്ട്, അതു-
മല്ലെങ്കിൽ പൈക്കുട്ടി കുത്താൻ വന്നിട്ട്...

ഒന്നും കാണാതെ കാളിന്ദിയാറ്റിൽ
കണ്ണൻ എടുത്തു ചാടില്ല, അമ്പാടി-
ക്കണ്ണനാമുണ്ണി ചാടില്ല,
ഒന്നുകിൽ നല്ലൊരു പാമ്പിനെ കണ്ടിട്ട്,
അല്ലെങ്കിൽ നീന്തിക്കുളിയ്ക്കാനായിട്ട്, അതു-
മല്ലെങ്കിൽ നമ്മളെ പേടിപ്പിയ്ക്കാനായിട്ട്...

ഒന്നും കരുതാതെ പൂതനപ്പെണ്ണിനെ
കണ്ണൻ കൊല്ലുകയില്ല, താമര-
ക്കണ്ണൻ കൊല്ലാനിടയില്ല!
ഒന്നുകിൽ ഇത്തിരി ദ്വേഷ്യം വന്നിട്ട്,
അല്ലെങ്കിൽ മോക്ഷം കൊടുക്കാനായിട്ട്, അതു-
മല്ലെങ്കിൽ സ്നേഹം ഏറെയേറീട്ട്...

❖

# ഒരേ ശീലം

അകലെയാണകലെയാണെന്നു തോന്നുമ്പഴേ
അരികത്തു വന്നെത്തിടുന്നു,
തളരുന്നുവെന്നു നാം തേങ്ങുമ്പോൾ തെന്നലായ്
തഴുകിത്തലോടി നിൽക്കുന്നു!

അറിയുന്നു ഞാൻ; ഇതാ, അന്നുമിന്നും എന്റെ
ഗുരുവായൂരപ്പന്റെ ശീലം!

ആ തിരുനടയിൽ നിൽക്കുമ്പോൾ ദുഃഖങ്ങൾ
അലിയുന്നതായി തോന്നും,
"പലനാളായ് കാണാനേയില്ലെ"ന്ന പരിഭവം
പറയുന്നതായും തോന്നും!

അറിയുന്നു ഞാൻ: ഇതാ,ണപ്പോഴുമിപ്പോഴും
ഗുരുവായൂരപ്പന്റെ ശീലം!

കാണേണ്ട താമസം: പല ദിനമായ് നമ്മൾ
മോഹിച്ചതെല്ലാം തരുന്നു,
ചോദിച്ചതും പിന്നെ ചോദിയ്ക്കാത്തതും
വാരിക്കോരിത്തരുന്നു.

അറിയുന്നു ഞാൻ: ഇതാ, ണാരിലും കനിയുന്ന
ഗുരുവായൂരപ്പന്റെ ശീലം!

❖

# ആത്മവിസ്മൃതിയിൽ

തിരുവാറൻമുളവാഴും കൃഷ്ണാ, നിന്നോമൽ-
തിരുമുഖം കണികണ്ടുനിൽക്കുമ്പോൾ
എന്നെ മറക്കു,ന്നെൻ ദുഃഖം മറക്കുന്നു, ഇ-
ന്നെല്ലാം മറക്കുന്നു ഞാൻ ഇ-
ന്നെല്ലാം മറക്കുന്നു ഞാൻ!

കാർവണ്ണാ, നിൻനടയിൽ മുത്തും പവിഴവും
കാഴ്ചവയ്ക്കാൻ മോഹമു,ണ്ടെന്നാൽ,
തിരുമുന്നിലർപ്പിയ്ക്കാൻ തിരുമാറിൽ ചാർത്തുവാൻ
അടിയന്റെ കൈയ്യിലീകതിർമാത്രം,
വെറുമൊരു തുളസിക്കതിർമാത്രം

അഴലിൽ പെടുന്നോർക്കു കരകേറാനവിടുത്തെ
മിഴിയിലെ കാരുണ്യം മതിയല്ലൊ,
എരിയുന്ന തീയിലും കുളിരേകാനാ നറും
ചിരിയൊന്നുമാത്രം മതിയല്ലൊ!

ആറൻമുളയിലെ മതിലകം ഗോകുല-
മായിട്ടെന്നോർമ്മയിൽ തെളിയേണം,
അവിടുത്തെ ശ്യാമള കോമളവിഗ്രഹം
അകതാരിലെപ്പോഴും കാണേണം!

❖

# എന്റെ കണ്ണൻ

ഗുരുവായൂരോമനക്കണ്ണനെകാണുവാൻ
ഏറെ നാളായ് ഒരു മോഹം,
ആ മോഹം പെരുകുന്ന മാത്രയിൽ കണ്ടുള്ളിൽ
തെളിയും ഒരു മുഗ്ദ്ധരൂപം,
അന്നേരം എന്നന്തരംഗം കാറൊളി-
വർണ്ണന്റെ നർത്തനരംഗം, എങ്ങും
ഗോപാലലീലാതരംഗം!

കണ്ണനു നുകരുവാൻ നിത്യവും ഞാൻ നറു
വെണ്ണയും പാലും ഒരുക്കും,
വരുമെന്നു തന്നേ നിനയ്ക്കും, ഏറെ
വൈകിയാലും കാത്തിരിയ്ക്കും,
അന്നേരം കേൾക്കാം അരികെയാമധുരമാം
കളമുരളീരവഘോഷം, പിന്നെ-
ക്കാണാമക്കൈശോരവേഷം!

കിങ്ങിണി, പൊന്മണിത്താലി കണ്ടാൽ, എന്റെ
കണ്ണനായ് ഞാൻ മാറ്റി വയ്ക്കും,
ഒരു പീലി കിട്ടിയാൽ അഴകോടെ നെറുകയിൽ
ചൂടിയ്ക്കാം എന്നോർത്തുവയ്ക്കും,
അന്നേരം അരിക,ത്തിളം കാറ്റിലെത്തിടും
ഹരിചന്ദനത്തിന്റെ ഗന്ധം, കൃഷ്ണ-
ത്തുളസീദളത്തിൻ സുഗന്ധം

❖

# കണ്ടു കണ്ടില്ല

കണ്ടൂ, കണ്ടില്ല, തൊട്ടൂ തൊട്ടില്ല,
കണ്ണാ നീ എവിടെ ഒളിച്ചുനിൽപ്പൂ?
കാണാൻ കൊതിച്ചിട്ടും കണ്ടില്ല, നിന്നെ
പൂണാൻ മോഹിച്ചിട്ടും പറ്റീലാ,
മണിവർണ്ണാ എന്തൊരു മറിമായം,
മതി മതി നിന്റെയീ മായാജാലം? (കണ്ടൂ...)

ഗുരുവായൂരമ്പല നടയിൽ വന്നാൽ മതി
കാണാം എന്നു നീ പറഞ്ഞതല്ലേ?
നന്നായി കെട്ടിപ്പിടിച്ചുമ്മ വയ്ക്കാനും
നിന്നുതരാം എന്നും ഏറ്റതല്ലേ?
എന്നിട്ടും... (കണ്ടൂ...)

മണിമുത്തേ, മതിലക,ത്തിന്നും തിടുക്കത്തിൽ
മാനവേദനപ്പോലെ ഓടിവന്നൂ,
ഒരു മയിൽപീലി സദയം നീ എനിയ്ക്കും
തരുമെന്നു കരുതി ഞാൻ കാത്തു നിന്നൂ,
എന്നിട്ടും... (കണ്ടൂ...)

തങ്കത്തിടമ്പേറ്റാൻ മോഹിച്ചു ഗജരാജൻ
കേശവനെപ്പോലെ വന്നൂ ഞാൻ,
ഇപ്പോൾ വരും വരും ഇപ്പോൾ വരും നീയെ-
നോർത്തും പ്രാർത്ഥിച്ചും നിന്നൂ ഞാൻ
എന്നിട്ടും... (കണ്ടൂ...)

❖

# ജന്മസാഫല്യം

**അ**മ്പാടിക്കണ്ണനെ-ഗുരുവായൂ-
രമ്പാടിക്കണ്ണനെ ചിലനേരം കണ്ടാൽ
കണ്ടതുപോരെന്നു തോന്നു, വീണ്ടും
കണ്ടുകൊണ്ടേനിൽക്കാൻ തോന്നും;
പതിനെട്ടു പൂജയ്ക്കും നന്നായ് തൊഴുതാലും
തൊഴുതതു പോരെന്നും തോന്നും!

ചിലനേരം കളിചിരി കണ്ടാൽ കണ്ണന്റെ
അരികത്തണയുവാൻ തോന്നും; ചെന്ന്
വാരിപ്പുണരാനും തോന്നും;
ചിലനേരം കണ്ടാൽ കണ്ണനാമുണ്ണിയ്ക്കൊ-
രുമ്മ കൊടുക്കാൻ തോന്നും; ഇത്തിരി
വെണ്ണ കൊടുക്കാനും തോന്നും!
ചിലനേരം പൊന്നോടക്കുഴൽ വിളികേട്ടാൽ
കേട്ടുനിൽക്കാൻ മോഹം തോന്നും, അതുപോലൊരു
പാട്ടുപാടാനും തോന്നും!

ചിലനേരം ചെഞ്ചുണ്ടിൽ വിരിയുന്നൊരാ കള്ള-
ച്ചിരിയിൽ നാം എല്ലാം മറക്കും; നമ്മൾ
മതിമറന്നങ്ങനെ നിൽക്കും;
ചിലനേരം നടയിൽ തൊഴുതുനിൽക്കുമ്പോൾ
ഇനിയൊന്നും വേണ്ടെന്നു തോന്നും; ജന്മം
സഫലമായെന്നും തോന്നും!

❖

# താമസമരുതേ...

ഒരു കൃഷ്ണത്തുളസീദളമായി, ഞാനൊരുദിനം
ഗുരുവായൂരപ്പാ നിൻ കാൽക്കൽ വീഴും,
കുരുണ ചെയ്‌വാനിനി താമസമരുതെന്ന്
കഴലിണവാരിപ്പുണർന്ന് കേഴും!

നൽക്കുറൂരമ്മതൻ ഓമനപ്പുത്രനായ്
നിത്യവും ചെന്ന് കളിച്ചവനേ,
മഞ്ജുള തൻമാലചാർത്തിയോനെ, എന്റെ
കണ്ണുനീരിനിയും കാണാത്തതെന്തേ?

പാടുവാനാവാതെ തേങ്ങിയ ചെമ്പൈയ്ക്കു
നാദം പകർന്ന കൃപാനിധി നീ!
ആഞ്ഞത്തിൻ മുന്നിൽ ചിരിച്ചു നിൽക്കും തേജഃ
പുഞ്ജമേ, നീയെന്നെ കൈവിടല്ലേ?

❖

# എന്റെ സംശയം

സത്യം പറഞ്ഞാലും കണ്ണാ, ഇനിയുമെൻ-
സംശയം തീരുന്നില്ലല്ലോ!
ആചാര്യ വചനങ്ങൾ കേട്ടിട്ടുമെൻ മന-
ശ്ച്ചാഞ്ചല്യം മാറുന്നീലല്ലോ!

സൽക്കർമ്മം ചെയ്യുന്നവർക്കും ഇടയ്ക്കിടെ
ദുഃഖങ്ങൾ മാത്രം-ഇതെന്തേ കൃഷ്ണാ?
സജ്ജന സംസർഗ്ഗം കൊണ്ടും ഭവിയ്ക്കുന്നു
സങ്കടം മാത്രം - ഇതെന്തേ കൃഷ്ണാ?

ഇരവും പകലും തൃപ്പാദാരവിന്ദമേ
ശരണമെന്നോർക്കുന്നുണ്ടാ, നെന്നിട്ടും
ഓർക്കാപ്പുറത്തോടിയെത്തിപ്പിടിയ്ക്കുന്നു
ഓരോ ദുരന്തം! ഇതെന്തേ കൃഷ്ണാ?

അടിയനോടെപ്പോഴും ഇഷ്ടമാ, ണിഷ്ടമി-
പ്പരമാർത്ഥം അറിയാം എനിയ്ക്കെന്നാലും
എന്നെ മറന്നുപോകുന്നു നീ ചിലനേരം:
എന്നൊരു തോന്നൽ -ഇതെന്തേ കൃഷ്ണാ?

ഹരിനാമ കീർത്തനം പാടിക്കൊണ്ടു, ശ്രീ-
ഹരിയുടെ തൃപ്പാദം തേടിക്കൊണ്ടും
കഴിയുന്നോനാണു ഞാ,നെന്നിട്ടും മിഴിനീർ
തോരുന്നീലല്ലോ - ഇതെന്തേ കൃഷ്ണാ?

ഭക്തിയുണ്ടാവാൻ കൊതിച്ചുകൊണ്ടും
ഭക്തരെ കണ്ടാൽ നമിച്ചുകൊണ്ടും
മരുവുന്ന നേരത്തും ഓരോ വിപത്തുകൾ
കീഴ്പ്പെടുത്തുന്നു! - ഇതെന്തേ കൃഷ്ണാ?

നീ മാത്രമാണൊരു ബന്ധുവെന്നും
നീ മാത്രമാണെന്റെ തോഴനെന്നും
അറിയാത്തോനല്ല ഞാ-നെന്നിട്ടുമെന്മനം
പിടയുന്നുവല്ലോ! ഇതെന്തേ കൃഷ്ണാ?

കാരുണ്യം ചൊരിയുവാ,നന്നും ഇന്നും
നീ മാത്രമേയെനിയ്ക്കുള്ളൂവെന്നും
ഓർക്കാത്ത നേരമില്ലെങ്കിലുമെൻ ചിത്തം
നീറുന്നുവല്ലോ! - ഇതെന്തേ കൃഷ്ണാ?

മാധവ! നിൻ തിരുനടയിലെൻ ദുഃഖങ്ങൾ
മാത്രം പറഞ്ഞു കരഞ്ഞിടുമ്പോൾ,
മറ്റൊന്നും തോന്നല്ലേ! നീയല്ലാതടിയന്
മറ്റാരുണ്ടഭയം തരാ,നെൻ കൃഷ്ണാ?

❖

# പ്രിയം പ്രിയകരം

ഗുരുവായൂരമ്പാടിക്കണ്ണനേറെ പ്രിയം
കളഭം കൊണ്ടുള്ളോരഭിഷേകം,
പഴനിയാണ്ടവ,നെന്നും പ്രിയംകരം
പഞ്ചാമൃതത്താലേ അഭിഷേകം,
എന്നാൽ, എൻ മണികണ്ഠനുണ്ണിയ്ക്കു നിത്യവും
നെയ്യഭിഷേകം തന്നെ വേണമല്ലൊ. (ഗുരുവായൂ...)

അമ്പലപ്പുഴിലെ കണ്ണനെന്നും വേണം
ചെമ്പൊന്നിൻ നിറമെഴും പാൽപ്പായസം,
കൊട്ടാരക്കരയിലെ ഗണേശനെന്നും വേണം
കൈനിറയെ, കൈനിറയെ ഉണ്ണിയപ്പം,
അരോമലുണ്ണിയാം അയ്യപ്പ സ്വാമിയ്ക്കു
അരവണപ്പായസമേ സന്തോഷം! (ഗുരുവായൂ...)

മൂകനെ പാടിയ്ക്കും മൂകാംബികമ്മയ്ക്ക്
തിരുമധുരം പ്രിയമേറും നൈവേദ്യം,
കാരുണ്യം ചൊരിയുന്ന കാടാമ്പുഴമ്മയ്ക്ക്
പൂമൂടൽ വഴിപാടാണേറെ ഹൃദ്യം,
കലിയുഗവരദനാം എൻ മണികണ്ഠന്
കളഭാഭിഷേകമത്രേ ഏറെ പ്രിയം! (ഗുരുവായൂര...)

കൂടൽ മാണിക്യം ശ്രീസംഗമേശന്
താമര മലർമാല ഏറെ ഇഷ്ടം,
തിരുമാന്ധാം കുന്നിലെ ദേവിയ്ക്ക് - മംഗല്യ-
തിരുതാലി പൂജ സുപ്രധാനം,
പൂങ്കാവനത്തിൽ കളിയാടും അയ്യന്
പുഷ്പാഭിഷേകമല്ലോ ഏറെ പ്രിയം?

(ഗുരുവായൂര...)

❖

# കടം തരാമോ

**ചെ**ന്താമരാക്ഷാ... ആരോടും പറയാതെ...
ചെയ്യുമോ നീയൊരു ഉപകാരം?
മറ്റാരും അറിയാതെ, നിന്റെ പൊന്നോട-
ക്കുഴലൊന്നെനിയ്ക്ക് കടം തരാമോ?

എന്തിനാണെന്നല്ലേ? ചില ചില ഗാനങ്ങൾ
നിന്റെ മുരളിയേ പാടാറുള്ളൂ!
ഇന്നോളം ആരാരും പാടാത്ത രാഗങ്ങൾ
നിന്നോടക്കുഴലിലേ... ഉണരാറുള്ളൂ!
ഭക്തരിൽ നന്മകൾ ചൊരിയുന്ന നെൻമിനി-
ത്തട്ടകം വാഴുന്ന തമ്പുരാനേ...
ഇതുവരെ കേൾക്കാത്ത ഒരു വരിയെങ്കിലും
പാടട്ടെ ഞാൻ നിന്റെ സന്നിധിയിൽ!

പറയാറുണ്ടെപ്പോഴും തോഴിമാർ: ഈ കണ്ണൻ
പാട്ടിന്റെ പാലാഴിയാണുപോലും,
രാഗസുധാലയ സാഗരം നീയൊരു
ആദിനാദ ബ്രഹ്മമാണുപോലും!

# രാധ... രാധ...

**പ**റയാറുണ്ടെപ്പോഴും രാധ: ഞാൻ കണ്ണന്റെ
പ്രിയതമയായതിൻ ശേഷം
പ്രായം ഞങ്ങൾ അറിഞ്ഞിട്ടില്ല, കളി-
പ്രായം വിട്ടുമാറീട്ടുമില്ല!

തോഴിമാരോടൊപ്പം ജലക്രീഡ ആടുമ്പോൾ
കൂട്ടത്തിൽ അവനെന്നും രാധവേണം.
ഇക്കിളിപ്പാട്ടുകൾ ആദ്യമായ് പാടാനും
ആടാനും അവനെന്നും രാധ വേണം!

അനുരാഗലോല വിലോലനെ എപ്പോഴും
അണിയിച്ചൊരുക്കുവാൻ രാധ വേണം,
ആരും മയങ്ങുന്ന നൃത്തച്ചുവടുകൾ
അവനെ പഠിപ്പിയ്ക്കാൻ രാധ വേണം!

അക്കവിൾക്കൂമ്പിലെ നുണക്കുഴിമൊട്ടുകൾ
കിള്ളിയുണർത്തുവാൻ രാധ വേണം
കെട്ടിപ്പിടിച്ചുമ്മ വെയ്ക്കുമ്പോൾ മറ്റാരും
കാണരുത് – അതിനും രാധ വേണം!

❖

# തിരുനടയിൽ

ഗുരുവായൂരപ്പന്റെ നടയിൽ നിന്നു ഞാൻ
ഒരുപാട് ദുഃഖം പറഞ്ഞു;
കണ്ണനും എന്നെ മറന്നുവോ ഓർത്തോർത്തു
ഒരുപാട് നേരം കരഞ്ഞു;
അന്നേരം കണ്ടു ഞാൻ ശ്രീലകത്തമരുന്ന
കണ്ണന്റെ മിഴിയും നിറഞ്ഞു; മണി-
വർണ്ണന്റെ മിഴിയും നിറഞ്ഞു...

ഒരു പട്ടുകോണകം, പീതാംബരം, നല്ല
കദളിപ്പഴം ഞാൻ നടയ്ക്കൽ വയ്ക്കേ,
അവിലെവിടെ? ഞാനതും കാത്തിരിപ്പാണെന്നോ-
രശരീരി ഞാനപ്പോൾ കേട്ടു!
അന്നേരം കണ്ടു ഞാൻ ശ്രീലകത്തോമന-
ക്കണ്ണൻ ചിരിച്ചു നിൽക്കുന്നു; മണി-
വർണ്ണൻ കൈനീട്ടിനിൽക്കുന്നു!

ഒരുനാൾ പ്രദോഷ സന്ധ്യക്കു ഞാൻ മമ്മിയൂർ
നടയിൽ പ്രാർത്ഥിച്ചു നിൽക്കെ
മുന്നിൽ തൊഴുതുനിൽക്കുന്നതെൻ അമ്പാടി-
ക്കണ്ണനല്ലേ എന്നുതോന്നി!
അന്നേരം കേട്ടേനൊരുമൊഴി: നീയെന്നെ
കണ്ടതാരും അറിയേണ്ട; ഇ-
താരോടും നീ പറയേണ്ട....!

അൻപെഴും ഗുരുവായൂരപ്പാ! ഞാനർപ്പിക്കും
അവിൽപ്പൊതിയാണെന്റെ ഗാനാർച്ചന;
കാരുണ്യ വാരിധേ! വൈകരുതരുതേ
കൈക്കൊൾക നീയെന്റെ നാദാർച്ചന!

പാഴ്മുളം തണ്ടാമീയെന്നിൽ നീയല്ലയോ
സപ്തസ്വരങ്ങൾ ഉണർത്തി? കൃഷ്ണാ,
മുഗ്ദ്ധ രാഗങ്ങൾ ഉണർത്തി?
എന്നുള്ളിൽ നീയല്ലോ സങ്കീർത്തനങ്ങൾ തൻ-
പൊൻ മയിൽപ്പീലി വിടർത്തി?

"കരുണചെയ്‌വാനെന്തുതാമസം" എന്നു ഞാൻ
ഇനിയുമീ നടയിൽ പാടും;
അറിയാമന്നേരമെൻ അരികത്തു വന്നുനീ
അനുഗ്രഹം കൊണ്ടെന്നെ മൂടും!

❖

# എന്തെല്ലാം മോഹങ്ങൾ!

ഗുരുവായൂരമ്പല മതിലകത്തൊരു വെറും
മണൽത്തരിയാവാൻ എനിക്കുമോഹം
നിറകതിരൊളി ചൂഴും, വിളക്കുമാടത്തിലെ-
ത്തിരിനാളമാകാൻ എനിക്കുമോഹം!

മണിവർണ്ണൻ നിത്യവും തിരുമാറിലണിയുന്ന
വനമാലയാവാൻ എനിക്കു മോഹം;
ഗോപികാ രമണന്റെ മലർമേനി ചുംബിക്കും
പീതാംബരമാവാൻ എനിക്കു മോഹം!

നലമോടാനെറ്റിയിൽ ചാർത്തിടും കസ്തൂരീ-
തിലകമായ് തീരാൻ എനിക്കു മോഹം;
നിരുപമ കാരുണ്യ കടലേ, നിൻ പൊന്നോട-
ക്കുഴലായ് പിറക്കാൻ എനിക്കു മോഹം!

തിരുനാമം ചൂഴുന്ന മുഖമണ്ഡപത്തിലെ
മണിനാക്കായ് തീരാൻ എനിക്കു മോഹം;
പാടിപ്പതിഞ്ഞൊരാ ഗീതഗോവിന്ദത്തിൽ
ഈരടിയാവാൻ എനിക്കുമോഹം!

❖

# പരിഭവം തീർന്നില്ലേ?

**പ**രിഭവം തീർന്നില്ലേ കണ്ണാ, ഇനിയും നിൻ
പരിഭവം തീർന്നില്ലേ, മണി വർണ്ണാ?
നറുവെണ്ണ കുഞ്ഞിക്കൈ നിറയെ തന്നിട്ടും
ഉറതൈരും പാലും നുകർന്നിട്ടും
പരിഭവം...

കൺമുന്നിൽ കണ്ടതെല്ലാം എടുക്കുമെന്നും, ആരും
കാണാതെയെന്തും കവരുമെന്നും
വനമാലിയ നീ തിരുമാലിയാണെന്ന്
വെറുതേ പറഞ്ഞതല്ലേ? തോഴിമാർ
കളിവാക്കു പറഞ്ഞതല്ലേ?
പരിഭവം...

കണ്ണൊന്നു തെറ്റിയാൽ തീ വിഴുങ്ങും, പിന്നെ
മണ്ണുതിന്നും, ആറ്റിൽ നീന്തുമെന്നും,
ഇടയ പെൺകൊടിമാരെ നാണംകെടുത്തുമെന്നും
പറഞ്ഞതു നേരല്ലേ? കണ്ണാ, എല്ലാം
നീ ചെയ്ത വികൃതികളല്ലേ?
പരിഭവം...

കണ്ണാ നീയില്ലെങ്കിൽ ഗോകുലമുണ്ടോ?
അമ്പാടിയുണ്ടോ? യമുനയുണ്ടോ?
ഗോപികളുണ്ടോ? ഗോക്കളുണ്ടോ? വൃ-
ന്ദാവനമുണ്ടോ? രാധയുണ്ടോ? ഈ
ദ്വാരകാപുരിയുണ്ടോ?

❖

## അരുതേ, വൈകരുതേ...

മധുസൂദനാ! മാധവ ശൗരേ,
മായരുതേ ഇനിയും ദൂരെ,
അൻപോടെ വരികെൻ ചാരെ
വൈകരുതേ കൃഷ്ണമുരാരേ!

എവിടെപ്പോയ് എന്നറിയാതെ,
എന്നുവരും എന്നറിയാതെ,
ഇപ്പോഴും ഞാനലയുന്നൂ
പേരറിയാ വഴികളിലൂടെ!

ഈ വൃന്ദാവന മേഖലയിൽ
ഞാനറിയാ വഴിയില്ലല്ലോ.
ഞാനറിയാ നദിയില്ലല്ലൊ
പൂവിടരും കാടില്ലല്ലൊ!

എന്നിട്ടും നിന്നെത്തേടി
മിഴിനിറയും പാട്ടുകൾ പാടി
അലയുകയാണവശൻ ഞാൻ, എൻ-
അരികെ വരൂ കൃഷ്ണ മുരാരേ!

നറുവെണ്ണ, പഞ്ചാമൃതവും
മലരവിലും പാലും പഴവും
തന്നീലേ ഇന്നും-എന്നാൽ
തീർന്നീലേ നിന്റെ പിണക്കം?

ഇല്ലാത്ത കഥകൾ പറഞ്ഞും
വല്ലാത്ത നുണകൾ മൊഴിഞ്ഞും
നിന്നെ കളിയാക്കാൻ ഇന്നും
വന്നെന്നോ ഗോപികമാര്?

ഉടയാടകൾ വാരിയെടുത്തു,
അരയാലിൽ കേറി ഒളിച്ചു;
പണ്ടത്തെ വികൃതികൾ പറയാൻ
വന്നെന്നോ ഗോപൻമാര്?

നേരോതാം കണ്ണാ: നിന്നെ
കാണാതെയിരിയ്ക്കാൻ വയ്യ;
ഒരു നിമിഷം പോലും നിന്നെ
ഓർക്കാതിരിയ്ക്കാനും വയ്യ!

കരുണാമയ, ഗോപകുമാരാ,
ശരണാഗത വത്സല ശൗരേ,
പകരൂ നീ വീണ്ടും വീണ്ടും
ഹരിമുരളീലയ ലഹരീ!

❖

# അമ്പലപ്പുഴയിൽ

അമ്പലപ്പുഴയിലെൻ മനസ്സോടിക്കളിയ്ക്കുന്നു
അമ്പാടിയിൽച്ചെന്നാലെന്ന പോലെ,
ഓംകാരം ഉയിരേകും വേണുഗാനം കാതിൽ
തേൻതുള്ളിയായ് പെയ്താലെന്ന പോലെ!

മതിലകത്തെ മണൽപ്പരപ്പിൽ ചെന്താമര-
മലർമൊട്ടുപോൽ കണ്ടൂ കാലടികൾ,
പുലരൊളി തേവാരമന്ത്രമായ് ചൊല്ലുന്നൂ
പൂന്താനം പാടിയോരീരടികൾ!

മേദുരശ്രീയെഴും കണ്ണന്റെ ചുറ്റിലും
മേയുന്നു മോഹങ്ങൾ ആർത്തിയോടെ;
കൈതൊഴുന്നൂ കർമ്മബന്ധങ്ങൾ, ഞങ്ങളെ
കൈവിടല്ലേയെന്ന തേങ്ങലോടെ!

# അമ്പലപ്പുഴ കൃഷ്ണാ...

**അ**മ്പലപ്പുഴ വാഴും കൃഷ്ണാ! നിൻമുന്നിലെൻ-
അന്തരംഗം ഒരമ്പാടി,
ആനന്ദരൂപാ! നിൻ അപദാനം പാടും
ഞാനൊരു വാനമ്പാടി!

മാനത്തു മാരിവിൽപ്പീലി വിടർത്തും
മയിലായി ഞാൻ നൃത്തമാടും,
അകലെ കുഴൽവിളികേൾക്കുമ്പോൾ ഞാനും
കുയിലായ് മധുരമായ് പാടും!

ചടുലം നിൻ നടനങ്ങൾ ഓർക്കുമ്പോൾ കാതിൽ
പൊഴിയും താലതരംഗം;
കണ്ടുനിൽക്കുന്നേരം തെളിയുമല്ലോ നിന്റെ
കാളിയമർദ്ദന രംഗം!

ഉദയാർക്ക ശോഭയ്ക്കെന്തഴകാണ്! കൃഷ്ണാ നീ
മുഴുക്കാപ്പു ചാർത്തിയപോലെ,
വർണ്ണങ്ങൾ തെന്നലിൽ ഇളകുന്നു, നിന്നുടെ
മഞ്ഞപ്പട്ടുടയാടപോലെ!

അറിയുന്നേൻ കൃഷ്ണാ എന്നെന്നും നിന്നുടെ
പദഭജനം മഹാപുണ്യം;
ശരണാഗത വത്സല! അതിനായിനിയും നീ
ചൊരിയേണം പൂർണ്ണകാരുണ്യം.

❖

# രാധേ പറഞ്ഞാലും...

രാധേ പറഞ്ഞാലും: വനമാലിയ്ക്കോ, പീലി-
ത്തിരുമുടിയ്ക്കോ ഇന്ന് ഏറെ ഭംഗി?
രണ്ടിനുമല്ലെന്റെ മുന്നിൽ ചിരിയ്ക്കുമീ-
യമ്പാടിക്കണ്ണനാണേറെ ഭംഗി!

-രാധേ...

ഓടക്കുഴൽ വിളിയാണോ, ഞാനോതുന്ന
ചാടുവാക്കോ നിനക്കേറെയിഷ്ടം?
രണ്ടിനുമല്ല നീയപ്പപ്പോൾ ചൊല്ലുന്ന
കള്ളത്തരങ്ങളാണേറെ ഹൃദ്യം!

-രാധേ...

കണ്ടുകണ്ടങ്ങിരിയ്ക്കുമ്പോഴോ, എന്നെ
കാണാത്ത നേരത്തോ ഏറെ ഇഷ്ടം?
കണ്ണനെ കാണാതിരിയ്ക്കിൽ മരിയ്ക്കയാ-
ണെന്നല്ലി? പിന്നെയിതെന്തു ചോദ്യം?

-രാധേ...

# അപാരകാരുണ്യം

ഈറൻ മിഴിയോടെ ഒരു ദിനം മേൽപ്പത്തൂർ
നാരായണീയം സമർപ്പിച്ചപ്പോൾ, തൃ-
പ്പാദങ്ങളിൽ വീണു നമിച്ചപ്പോൾ,
ഓമനക്കണ്ണാ സത്യമല്ലേ, നിന്റെ
താമര മിഴികൾ തുളുമ്പിയില്ലേ, എല്ലാം
മറന്നു നീ ഒരു നിമിഷം വിതുമ്പിയില്ലേ?

അറിയാമെനിക്കെന്റെ കണ്ണാ, അത്രമേൽ
കരുണാർദ്രമല്ലോ നിൻ ഹൃദയം!
ഇടറുന്നോരീണത്തിൽ പൂന്താനം ഓരോ
ഈരടിയും പാടി തേങ്ങിയപ്പോൾ, എനിക്കിനി

ഉണ്ണിനീ മാത്രമെന്ന് കരഞ്ഞപ്പോൾ,
കളിചിരി മാറാത്തോരുണ്ണിയായ് കണ്ണാ നീ
അരികത്ത് ഓടിച്ചെന്നില്ലേ, തപ്ത-
മനസ്സിൽ കയറി ഇരുന്നില്ലേ?

രാത്രിയായ് നടയടച്ചു, ഇനി മാല
ചാർത്തുവാനാവില്ലെന്നറിഞ്ഞപ്പോൾ മഞ്ജുള
ഇടനെഞ്ച് പൊട്ടി കരഞ്ഞപ്പോൾ,
ആൽത്തറക്കല്ലിൽ ചാർത്തിയ മാല നീ
ആരാത്രിതന്നെ എടുത്തണിഞ്ഞില്ലേ, ഭക്ത-
മഞ്ജുളയിൽ കാരുണ്യം ചൊരിഞ്ഞില്ലേ...

❖

# ഓരോരോ വിശേഷം

**ക**ണ്ണനെ കാണുമ്പോൾ എപ്പോഴും ഓർക്കും ഞാൻ
ഇന്നുമുണ്ടല്ലോ വിശേഷം:
ഒരു നോക്കുകാണുവാനാരും കൊതിക്കുന്ന
ഓരോ മാതിരി വേഷം, എന്റെ
ഗുരുവായൂരപ്പന്റെ വേഷം!

പുലർ വേളയിൽ ചെന്നു കണ്ടാലുണരുന്ന
അരുണകിരണങ്ങൾ പോലെ,
തെരുതെരെ, തുടുതുടെ ഇതൾ വിടരുന്നൊരു
താമരപ്പൂമൊട്ടുപോലെ,

ഒരുനോക്കു കാണുവാനാരും കൊതിക്കുമാ-
റഴകാർന്നതാണല്ലോ വേഷം!
എന്റെ ഗുരുവായൂരപ്പന്റെ വേഷം!

നെറുകയിൽ നിറപീലി കതിര്, ചുണ്ടിൽ
മലർ മന്ദഹാസത്തിൻ നിറവ്
മിഴികളിൽ കരുണതൻ ഉറവ്, മെയ്യിൽ
ഹരിചന്ദനത്തിന്റെ കുളിര്!

ഒരു നോക്ക് കാണുവാൻ
ആരുംകൊതിക്കുമാ-
റഴകാർന്നതാണല്ലോ വേഷം, എന്റെ
ഗുരുവായൂരപ്പന്റെ വേഷം!

ഒരുപിടി അവിലിനായ് വീണ്ടും വീണ്ടും
കൈനീട്ടും കൊതിയന്റെ ഭാവം,
എന്തുകണ്ടാലും കവരും, എന്നി-
ട്ടൊന്നും അറിയാത്ത ഭാവം.

# തിരിച്ചറിവ്

**കൈ**വന്ന നേട്ടങ്ങളോരോന്നും എന്നുടെ
കഴിവുകൊണ്ടാണെന്നു ഞാൻ ധരിച്ചു;
സ്ഥാനമാനങ്ങൾ ലഭിച്ചതുമീയെന്റെ-
യോഗ്യതയാലെന്നും വിശ്വസിച്ചു!

കണ്ണാ- ഇതെല്ലാം കനിവോടെ നീ തന്ന
കൈനീട്ടം- ആ സത്യം ഞാൻ മറന്നു!

നിന്നെക്കുറിച്ചുള്ള ഗാനങ്ങൾ പോലുമെൻ-
ഭാവനയാണെന്നു ഞാൻ ധരിച്ചു;
സംഗീതം, സാഹിത്യം, സപ്തസ്വരം പോലും
എന്റെയാണെന്നും ഞാൻ വിശ്വസിച്ചു!

കണ്ണാ- ഇതെല്ലാം കനിവോടെ നീ തന്ന
കൈനീട്ടം ആ സത്യം ഞാൻ മറന്നു.

ഇന്നെനിക്കുള്ളതെല്ലാം ഞാനൊറ്റയ്ക്കു-
നേടിയതാണെന്നു വിശ്വസിച്ചു;
ആരും തുണവേണ്ട, എന്നും എനിക്കെന്തും
കീഴടക്കാമെന്നും ഞാൻ ധരിച്ചു!

ഇന്നിതാ നേരറിയുന്നേൻ; ഇതെല്ലാമെൻ-
കണ്ണാ! നീ തന്നതുമാത്രമല്ലോ?

❖

# ചില സംശയങ്ങൾ

**നീ**ലക്കാർവർണ്ണാ, നിൻ സ്വപ്നങ്ങളിൽ എന്നും
നിറഞ്ഞുനിൽക്കുന്നതാരാണ്?
പ്രിയതമ ഭാമയോ? രുഗ്മിണിയോ? നിന്നെ
പ്രണയിക്കാൻ പഠിപ്പിച്ച രാധികയോ?

മറുപടിയറിയാതെ പരുങ്ങുന്നുവോ?
മാധവ! നീ നാണം കുണുങ്ങുന്നുവോ?

എനിക്കു കേൾക്കാൻ മാത്രം ഒരു രാഗമാലപിക്കാൻ
കളിത്തോഴിമാർ വന്നു കെഞ്ചുമ്പോൾ, മറ്റാരും
കാണാതെ നിന്നെ പുണരുമ്പോൾ,
നീ പാടും രാഗമേത്? തോടിയോ, ഭൈരവിയോ?
കേദാരഗൗളമോ? ശ്രീരാഗമോ?

മറുപടി അറിയാതെ പരുങ്ങുന്നുവോ?
മാധവ! നീ നാണം കുണുങ്ങുന്നുവോ?

ഈ രാത്രി എനിക്കും നിനക്കും മാത്രമെന്ന്
ഓരോ ഗോപികയും കൊഞ്ചുമ്പോൾ, നിന്റെ
മലർമേനിയിൽ പടർന്ന് കയറുമ്പോൾ,
നീ കാട്ടും സൂത്രമെന്ത്? ആൾമാറാട്ടമാണോ?
കപടവേഷം ധരിക്കും അടവാണോ?

മറുപടിയറിയാതെ പരുങ്ങുന്നുവോ?
മാധവ! നീ നാണം കുണുങ്ങുന്നുവോ?

# നിത്യശീലം

ഇഷ്ടം തോന്നിയാൽ, അവരെ ഇടയ്ക്കിടെ
കഷ്ടപ്പെടുത്തും-ഇതാണത്രെ പണ്ടുമെൻ-
ഗുരുവായൂരപ്പന്റെ ശീലം;
രക്ഷിക്കുവാനായി തൽക്ഷണം ഓടിവ-
ന്നെത്തും - അതും ഒരു ശീലം!

എല്ലാരുമൊരുപോലെ പറയുന്നു കണ്ണാ
എന്താണിതിന്റെ പരമാർത്ഥം?

എന്നെ മറന്നുവോ കണ്ണനെ, ന്നോർത്തു ഞാൻ
കണ്ണീരിൽ മുങ്ങിത്തുടിയ്ക്കും, തുണയെനി-
യ്ക്കാരുമില്ലെന്നു പിടയ്ക്കും,
അന്നേരമവനോടിയെത്തും, ആനന്ദ-
ക്കണ്ണുനീരായ് അതു മാറ്റും!

എല്ലാരുമൊരുപോലെ പറയുന്നു കണ്ണാ
എന്താണിതിന്റെ പരമാർത്ഥം?

ഇരവുപകലില്ലാതെ നാമജപം, സദാ
ഹരിചരണ പങ്കജ സ്മരണയും, എന്നിട്ടും
പെരുകുന്നു കൊടിയ ദുഃഖങ്ങൾ!
അന്നേര, മെങ്ങുനിന്നോ വരും, നീ, കുളിർ-
ത്തെന്നലായ് തഴുകിത്തലോടും!

എല്ലാരുമൊരുപോലെ പറയുന്നു കണ്ണാ
എന്താണിതിന്റെ പരമാർത്ഥം?

❖

# അപരാധം പൊറുക്കൂ

**ക**രുണ ചെയ്‌വാനെന്തു താമസം എന്നു ഞാൻ
അറിയതെ ചോദിച്ചുപോയി, കണ്ണാ ഞാൻ
അവിവേകം അയ്യോ പറഞ്ഞുപോയി;
അപരാധം പൊറുക്കാവൂ; അടിയങ്ങൾക്കവലംബം
അവിടുത്തെ കാരുണ്യമൊന്നുമാത്രം, ആ
അളവറ്റ കാരുണ്യമൊന്നുമാത്രം!

കൺമുന്നിൽ നിന്നെ കാണുമ്പോൾ മതിലകത്തെ
മൺതരിയും കോരിത്തരിയ്ക്കും,
കൈകളിൽ വാരിവാരി നീ കളിയാടുമ്പോൾ
മഞ്ചാടിക്കുരുവിനും മുഖം തുടുക്കും, ആ
കുന്നിക്കുരുവിനും മനം തുടിയ്ക്കും!

മരതകവർണ്ണനെ ഓർക്കുമ്പോൾ മനസ്സൊരു
മയിൽപ്പേടയായ് പീലി നിവർത്തും,
ഓരോ മോഹങ്ങൾ കോർത്തു കോർത്തൊരുക്കിയ
തിരുമുടിമാല ഞാൻ ചൂടിയ്ക്കും, മണിമാറിൽ
വനമാലയായും ഞാൻ അണിയിക്കും

# നീ എന്റെ സ്വന്തം!

രാധ പറയുന്നു; മാനസചോരനെൻ-
മാധവ,നെന്നും എനിയ്ക്കു സ്വന്തം;
ഗോപികമാരും ചൊല്ലുന്നു: കണ്ണൻ, അനു-
രാഗവിലോലൻ ഞങ്ങൾക്കു സ്വന്തം!

ആരെന്തു പറഞ്ഞാലും കരുണാനിധേ, ഞാൻ
നേരറിയുന്നു; നീ എനിയ്ക്കു സ്വന്തം!

നാണിച്ചു നാണിച്ചു യമുന പാടുന്നു;
നവനീതക്കണ്ണൻ എന്റെ സ്വന്തം;
നീലക്കടമ്പിനും കാളിന്ദിയ്ക്കും വാശി:
നീരദവർണ്ണൻ അവർക്കു മാത്രം!

ആരെന്തു പറഞ്ഞാലും ഓമനക്കുട്ടാ ഞാൻ
നേരറിയുന്നു; നീ എനിയ്ക്കു മാത്രം!

കാട്ടിലെ പൂക്കളും കിളികളും ചൊല്ലുന്നു:
കണ്ണന് അവരോട് പ്രേമമത്രെ;
നിത്യവും പൈമ്പാൽ ചുരത്തുന്ന സുന്ദരി,
നന്ദിനിപ്പയ്യിനും പ്രണയമത്രെ!

എന്തും പറഞ്ഞോട്ടെ, ഞാൻ നിൻ മുരളി; നീ
ചുംബിച്ചുണർത്തുന്നതെന്നെ മാത്രം!

❖

# കണ്ണന്റെ കളമൊഴി

ഒരു രാവിൽ, പാതി മയക്കത്തിൽ ഞാനൊരു
ഓടക്കുഴൽവിളി കേട്ടുണർന്നു,
എവിടെ നിന്നാണെന്നറിയാതെ, യെഴുന്നേറ്റ്
ഒരുപാടു ദൂരം ഞാൻ നടന്നു,
ഒടുവിൽ ഞാനെത്തിയത് ഗുരുവായൂരമ്പല-
നടയിലാണെന്നു തിരിച്ചറിഞ്ഞു!

കാതോർത്തു നിന്നു ഞാ,നേറെ നേരം എന്നാൽ
ആ നടയിലാരുമില്ലായിരുന്നു,
കേൾക്കയാണന്നേരം അരികേ നിന്നൊരു
കാൽച്ചിലമ്പിന്റെ കിലുകിലുക്കം
മതിമറ,ന്നൊട്ടു നടന്നപ്പൊ, ളെത്തിയത്
മതിലകത്താണെന്നു ഞാനറിഞ്ഞു!

ഇടവും വലവും ഞാൻ നോക്കി നിന്നു, എന്നാൽ
അവിടെയും ആരുമില്ലായിരുന്നു,
ഒന്നും മനസ്സിലാവുന്നീല, ഞാനപ്പോൾ
ഒറ്റയ്ക്കു നിൽക്കുകയായിരുന്നു,
'എന്തിനി ചെയ്യേണ്ടൂ' എന്ന നടുക്കത്തിൽ
കണ്ണീരുറയുന്നുണ്ടായിരുന്നു!

ഒരു മാത്ര: അന്നേരമെന്നെ തഴുകുന്നു
ഹരിചന്ദനത്തിൻ സുഗന്ധം,
അശരീരി കേൾക്കുന്നു: "ഞാനിവിടെ നിന്നുടെ
അരികത്തുതന്നെയുണ്ടല്ലോ,
നിന്നെത്തഴുകി തലോടുന്നത് കുളിർ-
തെന്നലല്ല-ഞാനാണല്ലോ"

# മധുസൂദന, മാധവ ശൗരേ

മധുസൂദന! മാധവ ശൗരേ
മായരുതേ ഇനിയും ദൂരെ
അൻപോടെ വരികെൻ ചാരെ
വൈകരുതേ കൃഷ്ണമുരാരേ!

എവിടെപ്പോയ് എന്നറിയാതെ,
എന്നുവരും എന്നറിയാതെ
ഇപ്പോഴും ഞാനലയുന്നു
പേരറിയാ വഴികളിലൂടെ!

ഈ വൃന്ദാവന മേഖലയിൽ
ഞാനറിയാ വഴിയില്ലല്ലോ
ഞാനറിയാ നദിയില്ലല്ലോ
പൂവിടരും കാടില്ലല്ലോ!

എന്നിട്ടും നിന്നെത്തേടി
മിഴിനിറയും പാട്ടുകൾ പാടി
അലയുകയാണവശൻ ഞാൻ, എൻ-
അരികെ വരൂ കൃഷ്ണ മുരാരേ!

നറുവെണ്ണ പഞ്ചാമൃതവും
മലരവിലും പാലും പഴവും
തന്നീലേ ഇന്നും-എന്നാൽ
തീർന്നീലേ നിന്റെ പിണക്കം?

ഇല്ലാത്ത കഥകൾ പറഞ്ഞും
വല്ലാത്ത നുണകൾ മൊഴിഞ്ഞും
നിന്നെ കളിയാക്കാൻ ഇന്നും
വന്നെന്നോ ഗോപികമാർ?

ഉടയാടകൾ വാരിയെടുത്തു,
അരയാലിൽ കേറി ഒളിച്ചു;
പണ്ടത്തെ വികൃതികൾ പറയാൻ
വന്നെന്നോ ഗോപന്മാര്?

നേരോതാം കണ്ണാ നിന്നെ
കാണാതെയിരിയ്ക്കാൻ വയ്യ;
ഒരു നിമിഷം പോലും നിന്നെ
ഓർക്കാതിരിയ്ക്കാനും വയ്യ!

കരുണാമയ, ഗോപകുമാരാ
ശരണാഗത വത്സല ശൗരേ,
പകരൂ നീ വീണ്ടും വീണ്ടും
ഹരിമുരളീരവലയ ലഹരി!

❖

# വൈശാഖം വന്നിട്ടും!

**അ**രുതരുത് മുരാരേ!
ശിക്ഷയിമ്മട്ടിലായാൽ
അടിയനത് സഹിയ്ക്കാൻ
ശേഷിയില്ലെന്റെ ശൗരേ!
എന്തേയെന്നുണ്ണി, നീന്നെയീ നടയിൽ
ഏറെ നാളായീലെ കണ്ടിട്ട്!
നാദസുധാരസം കിനിയും നാരായണ-
നാമജപഘോഷം കേട്ടിട്ട്!

ഒന്നുകിൽ ഓരോ വഴിയും അടഞ്ഞിട്ട്,
അല്ലെങ്കിൽ എങ്ങും ഇരുട്ട് നിറഞ്ഞിട്ട്,
ഓടക്കുഴലിൽ കരട് കുടുങ്ങീട്ട്,
ഓരോ പാട്ടും മറന്നു പോയിട്ട്!

വൈശാഖം വന്നതറിഞ്ഞില്ലേ നീ?
വൈവശ്യം മാറുന്നേയില്ലെന്നോ?
രാവുകൾ പകലുകളാക്കി മാറ്റീടുന്ന
പതിവുകളൊക്കെ മറന്നെന്നോ?

പണ്ടത്തെ കാര്യങ്ങൾ ഓർക്കുമ്പോൾ മനമൊരു
പാരാവാരമായ് അലറീട്ട്!
പതിവുകൾ ഒന്നൊന്നായ് മുടങ്ങീട്ട്, പുതിയ
പതിവുകൾ മെക്കട്ട് കേറീട്ട്!

ഇത്തിരി പൈമ്പാൽ, ഒരു നുള്ള് വെണ്ണ
കഷ്ടിച്ചൊരു കുമ്പിൾ ഉറതൈരും-
കാത്തിരിക്കും ഞാനെന്നറിഞ്ഞിട്ടോ? എന്റെ
കാൽപ്പെരുമാറ്റം കേൾക്കാഞ്ഞിട്ടോ?

പാവം നന്ദിനി ചുരത്താൻ മറന്നിട്ട്!
അല്ലെങ്കിൽ ആരും കറക്കാഞ്ഞിട്ട്!
ഒരു വാക്കുപോലും കേൾക്കാഞ്ഞിട്ട്! കണ്ണാ
അതിലേറെ സങ്കടം നിന്നെ കാണാഞ്ഞിട്ട്!

അരുതരുത് മുരാരേ!
ശിക്ഷയിമ്മട്ടിലായാൽ
അടിയനത് സഹിയ്ക്കാൻ
ആവതില്ലെന്റെ ശൗരേ!

❖

# ഒരേയൊരു പ്രാർഥന!

**അ**കലെനിന്നാണെന്നു തോന്നുന്നില്ല
അയലത്തു നിന്നെന്നും തോന്നുന്നില്ല,
എന്നാലെവിടെ നിന്നാവോ മുഴങ്ങുന്ന-
തെൻ കാതിലീക്കൊട്ടും പഴമ്പാട്ടും?
ഉറിയടിയുത്സവാഘോഷമാണോ,
ഉയരുന്ന താളമേളങ്ങളാണോ?
ഓമനക്കണ്ണനും തോഴിമാരും കൂടി-
യാടുകയാണോ തിടമ്പു നൃത്തം?
ഇതുവരെകേൾക്കാത്തൊരീണത്തിൽ
വനമാലി പാടിത്തിമർക്കയാണോ?
ആരേ പഠിപ്പിച്ചു നിങ്ങളെ കൂടെ
ആടാനും പാടാനും തോഴിമാരേ?
എന്തൊരു ഭംഗിയെന്നമ്പാടിക്കണ്ണ, നി-
ന്നാരു കണ്ടാലും ഹാ! കണ്ണു പറ്റും!
ആരേ അണിയിച്ചൊരുക്കി, നിന്റെ
രാധയോ ഭാമയോ, രുഗ്മിണിയോ?
എല്ലാം ശരി, യെന്നാലെന്നോട് പറയുമോ
എവിടെയാണാഘോഷത്തിൻ തുടക്കം?
നേരിട്ടു കേൾക്കാനും കാണാനും പിന്നതിൽ-
ച്ചേരാനും ഏറിടുന്നൂ തിടുക്കം!
പൊന്നമ്പിളിക്കല ജടയിൽ ചൂടുന്ന
മമ്മിയൂരപ്പന്റെ തിരുനടയിൽ,
എന്നോ തുടങ്ങിയതാണല്ലൊ ഉറിയടി-
യുത്സവാഘോഷത്തിൻ ഒരുക്കം!
പട്ടുകുടകൾ, കുരുത്തോലത്തോരണം,
ചാമരം, അഴകേറും ആലവട്ടം,

ചുറ്റും വിളക്കുകൾ ആയിരം, നടയിലോ
കത്തിജ്ജ്വലിയ്ക്കുന്ന ദീപസ്തംഭം,
ചിലനേരം ഭൂലോക വൈകുണ്ഠമായിത്തോന്നും
ചിലനേരം കൈലാസ ശൈലമായും
ശ്രീ മഹാദേവനും, ദേവിയും, കണ്ണനും
ഒന്നിച്ചനുഗ്രഹിയ്ക്കും മുഹൂർത്തം!
ഇവിടെത്തുടങ്ങുന്നു അഷ്ടമീരോഹിണി
സംഗമം! ഹന്ത ഭാഗ്യം ജനാനാം!
പ്രാർത്ഥനയിതുമാത്രം: അടിയങ്ങൾക്കീഭാഗ്യം
ഇനിയും തരേണമേ മാരുതേശാ!

❖

# ആത്മവിസ്മൃതിയിൽ...

**ക**ണ്ണാ കണ്ണാ കണ്ണാ...
ഇടയ്ക്കു നിന്നെ കാണണമെന്നൊരു
മോഹമുദിയ്ക്കുമ്പോൾ
എനിയ്ക്ക് പിന്നെ തിടുക്കമായ് നിൻ-
നടയിൽ വന്നെത്താൻ!
നിന്നുടെ മുഗ്ദ്ധമാനോഹരരൂപം
മുന്നിൽ തെളിയും ആ-
നിമിഷം നീലക്കടമ്പുപോലെ
പൂത്തു തളിർക്കും ഞാൻ!
മഞ്ചാടിക്കുരു വാരി കാറൊളി-
വർണ്ണൻ കളിയാടും
മതിൽക്കകത്തു കടന്നാൽ, പിന്നെ
എന്നെ മറക്കും ഞാൻ!
എനിയ്ക്ക് കണ്ണൻ മാത്രം; കണ്ണന്
ഞാനും - ഈ മട്ടിൽ
ദിനരാത്രങ്ങൾ കൊഴിയും, കോരി-
ത്തരിച്ചു നിൽക്കും ഞാൻ!
രഹസ്യമായി പലപലനാളായ്
കരുതിയ കാര്യങ്ങൾ
സ്വകാര്യമായി നിന്നൊടു പറയാൻ
മനസ്സു വെമ്പുമ്പോൾ.
'എനിയ്ക്കു കേൾക്കണമെന്നില്ലെ' ന്നൊരു
തണുത്ത ഭാവത്തിൽ
പിണങ്ങി നിൽക്കുവതെന്തിന് ദൂരെ?
വരില്ലയോ ചാരെ?

ഇടയ്ക്കു തോന്നും പാടാൻ! ഭക്ത-
    മീരയെപ്പോലെ!-
അടുത്തുനിന്നതു കേട്ടു രസിയ്ക്കാൻ
    നീ വന്നിടുമെങ്കിൽ!
ഇടയ്ക്കു മറ്റൊരുമോഹം: നിന്നുടെ
    വിലളമംഗലമായ്
ഭജിച്ചു വാഴാൻ - എന്നും നിന്നെ
    കണികാണാമല്ലോ!
അടുത്ത കാട്ടിൽ ഞാനൊരു പാഴ്മുള-
    യായി വളർന്നപ്പോൾ
കറുത്ത വണ്ടായ് വന്ന് തുളച്ചതു-
    നീയല്ലോ കണ്ണാ?
എനിയ്ക്കു പാടാ, നറിയി, ല്ലെന്നാൽ
    സപ്തസ്വരസാരം
എന്നിൽ നിറച്ചതു നീയാണെന്ന്
    എനിയ്ക്കറിഞ്ഞൂടേ?
വിരിച്ച പാറകൾ! എന്നാലതിൽ നിൻ-
    തുടുത്ത കാലടികൾ
പതിഞ്ഞു കണ്ടൂ കുന്നിൻ മാറിൽ
    ശ്രീവത്സം പോലെ;
ആരോ മാടിവിളിച്ചതുപോലെ,
    അന്നേരം യമുന
നേർവഴിവിട്ടൊഴുകുന്നു നിന്നുടെ
    തോഴിയെപ്പോലെ!
പതിവില്ലാതൊരു നാ,ളെന്നോടും
    പിണങ്ങിയില്ലേ നീ?
അതെന്തിനെന്ന് ഇന്നും നമ്മൾ-
    ക്കറിഞ്ഞുകൂടല്ലോ!
അപാരമാമൊരു പാരാവാരം
    നിൻ കൃപ, യെന്നാലും

വിചിത്രമത്രേ നിന്റെയനുഗ്രഹ-
    മെന്നതു നേരല്ലേ?*
നിരന്തരം ഞാൻ പ്രാർത്ഥിയ്ക്കാറു-
    ണ്ടെന്നിൽ അഹങ്കാരം
നിഴൽ വീഴ്ത്തരുതേ! നിറഞ്ഞു വഴിയണ-
    മെന്നും ഓംകാരം!
ശംഖിൽ, വലംപിരി ശംഖിലിരമ്പും
    നീലക്കടൽ പോലെ
മാറ്റൊലി കൊള്ളണമെന്നിൽ ശാശ്വത-
    നാദബ്രഹ്മലയം!
എനിയ്ക്കു നിന്നെ കണികാണാനൊരു
    പീലിക്കതിരു മതി; ആ
വേണുനിനാദം കേൾക്കാൻ ചെറിയൊരു
    ഓടത്തണ്ടു മതി!
നൽക്കളഭത്തിൻ ഗന്ധം നുകരാൻ
    പുലരിത്തെന്നൽ മതി;
ഉൾക്കളമുണരാൻ ഇടയ്ക്കിതൊക്കെ
    ഓർത്താൽ മതിയല്ലോ!
എന്നാ,ണെന്നാ,ണിനി ഞാൻ കണ്ണാ
    നിന്നെ കാണുന്നൂ-
എന്ന വിചാരത്തിന്റെ ലയത്തിൽ
    വീണു മയങ്ങുമ്പോൾ
തെന്നലിലും ഹരിചന്ദന ഗന്ധം,
    കാൽച്ചിലമ്പൊലിയും!
അന്നേരത്തൊരു പൊന്നോടക്കുഴൽ-
    വിളി കേട്ടുണരും ഞാൻ!

* "വിചിത്രരൂപാസ്തവ ഖലനുഗ്രഹഃ" (നാരായണീയം-കുചേലവൃത്തം)

❖

# ശ്രീഅയ്യപ്പൻ

ഈ നടയിലെത്തിയാൽ എന്നും മനസ്സൊരു
സഹസ്രദളപത്മമായ് വിടരും;
അതിലെന്റെ മണികണ്ഠൻ, അവിളംബം അളവറ്റ
കാരുണ്യമകരന്ദം ചൊരിയും;
അന്നേരം എല്ലാം മറന്നുപോകുന്ന ഞാൻ
ആനന്ദ നിർവൃതി നുകരും!

ഇനിയൊരു ജന്മമുണ്ടെങ്കിൽ അതും ഈ-
തിരുനടയിലാവണം സ്വാമി!

കൺകുളിർക്കെ സ്വാമിയെ കണ്ട് നിൽക്കെ ഞാനൊരു
കന്നി അയ്യപ്പനായ് മാറും;
പ്രാർത്ഥിച്ചു പാടുന്ന കീർത്തനമോരോന്നും
അർച്ചനാപുഷ്പങ്ങളാവും;
അറിയാതെ ഉതിരുന്ന കണ്ണുനീ,രവിടുത്തെ
അഭിഷേകതീർത്ഥമായ്ത്തീരും!

-ഇനിയൊരു...

വന്മല കേദവാനാവാതെ നിൽക്കെ, കുളിർ-
തെന്നലായ് നീയെന്നെ തഴുകും;
തിരുമെയ്യിലാടിയ കളഭത്തിൻ പരിമളം
മലനിരയിൽ വഴിനീളെ ഒഴുകും;
അന്നേരം സ്വാമിയെ വാരിപ്പുണരുന്നോ-
രനുഭൂതിയിൽ ഞാൻ മുഴുകും!

- ഇനിയൊരു...

# അങ്ങനെയാണ് എന്റെ കണ്ണൻ!

ഗുരുവായൂരമ്പല നടയിൽ ഞാനൊരു ദിനം
പുലരിയോടൊപ്പം കുളിച്ചുവന്നു,
പാതി മയക്കത്തിൽ ചിരിതൂകും കണ്ണന്റെ
തിരുവാകച്ചാർത്ത് തൊഴുതു നിന്നു,
ആരും കാണാതെ അന്നേരം വനമാലി
ഒരു മയിൽപ്പീലിയെനിയ്ക്കു തന്നു

ഗുരുവായൂരമ്പല...

നേരിട്ടു ചോദിച്ചില്ലെങ്കിലും ഒരു പീലി
മോഹിച്ചതാണെന്നു ഞാൻ പറഞ്ഞു,
എന്നാലും വിട്ടുമാറുന്നീല വിസ്മയം;
എൻമോഹം എങ്ങനെ നീയറിഞ്ഞു?
സത്യത്തി,ലാമലമുഹൂർത്തത്തിലല്ലോ നിന്റെ
വാത്സല്യം ഞാനും തിരിച്ചറിഞ്ഞു!

ഗുരുവായൂരമ്പല...

അരികത്തു കാണാൻ തിടുക്കമായ് എന്നു ഞാൻ
പറയും മുൻപേ നീ അടുത്തു വന്നു,
"എവിടെ അവിൽപ്പൊതി, കാണട്ടെ" - എന്നെന്നെ
തഴുകിത്തലോടിയടുത്തുനിന്നു,
അതിമധുര,മെത്രയും രുചികരം - എന്നോതി
അതു മുഴുവൻ അപ്പോഴേ നീ നുകർന്നു!
സത്യത്തി,ലാ മുഹൂർത്തത്തിലല്ലോ നിന്റെ
വാത്സല്യം പൂർണ്ണമായ് ഞാനറിഞ്ഞു!

ഗുരുവായൂരമ്പല...

❖

# വൈശാഖമാസോത്സവം

നിളയിൽ നീരാടി കുറി വര,ച്ചീറനോടെ ഈ-
നടയിൽ തൊഴാൻ വരും പുലരികളേ,
പുണ്യവൈശാഖ പുലരികളേ,
നിങ്ങൾ തൻ കൈകളിൽ എന്താണ്? എന്നോമന-
ക്കണ്ണന് നേദിയ്ക്കാൻ തേനാണോ? പൂന്തേനാണോ?
വാലിട്ടുകണ്ണെഴുതി പൂനിലാപ്പുടവ ചാർത്തി
വന്നെത്തും മാദക സന്ധ്യകളേ,
ധന്യമാം വൈശാഖ സന്ധ്യകളേ,
കൊളുത്തു, കൊളുത്തു ഗുരുവായൂരമ്പല-
നടതോറും ആയിരം ദീപങ്ങൾ,
നക്ഷത്ര ദീപ്തിയെഴും നാളങ്ങൾ, കതിർ നാളങ്ങൾ!
കണ്ണനെ പാടിയുറക്കുവാൻ താരാട്ടു-
പാട്ടുമായ് എത്തിയ രാത്രികളേ,
നിസ്തുല വൈശാഖ രാത്രികളേ,
പാടുക പാടുക മധുരമായ്, എന്നുണ്ണി-
പാതിമയക്കത്തിലാണല്ലോ, വേഗം
പാടുക പുതിയൊരു ഉറക്കുപാട്ട്!
കണ്ടിട്ടും കൊതി തീർന്നതില്ല, ഗുരുവാ-
യൂരപ്പനിൻ രൂപ മുൾ-
ക്കൊണ്ടിട്ടും മതി വന്നതില്ലിവ, നിതേ
ഭാഗ്യം ശരിയ്ക്കോർക്കുകിൽ
ഉണ്ടാവാം പല മട്ടിലും ദുരിതമെ-
ന്നാലെന്ത്? ഇന്നിപ്പൊഴും
കൊണ്ടാടുന്നു ജനങ്ങളാത്ത കുതുകം
വൈശാഖ മാസോത്സവം!

# എന്റെ കണ്ണനോട്

അമ്പാടിക്കണ്ണനാമുണ്ണി, നിൻ രൂപം ഞാൻ
എന്നെന്നും കൺമുന്നിൽ കാണാകേണം,
ആരു കണ്ടാലും മയങ്ങുമെന്നുണ്ണിയെ
അരികേ ഞാനെപ്പോഴും കാണാകേണം!
കുളിരോലും തൈത്തെന്നൽ തഴുകുമ്പോൾ ചന്തത്തിൽ
ഇളകുന്ന നറുപീലിത്തിരുമുടിയും,
നെറ്റിയിൽ മിന്നുന്ന കസ്തൂരീതിലകവും
നിത്യവും കണ്ണാ! ഞാൻ കാണാകേണം!
കാരുണ്യം വഴിയുന്ന മിഴുകളും, അഴകാർന്ന
ചെഞ്ചുണ്ടിൽ വിരിയുന്ന പുഞ്ചിരിയും
ഭംഗി ചൊരിയുന്ന മണികുണ്ഡലങ്ങളും
എന്മുന്നിലെപ്പോഴും കാണാകേണം!
വർണങ്ങൾ വാരി വിതറുന്ന വനമാല,
കണ്ണഞ്ചും നവരത്നഹാരങ്ങളും
മണിമാറിൽ ചേലിലണിഞ്ഞുകൊണ്ടങ്ങനെ
ചിരിതൂകും കണ്ണനെ കാണാകേണം!
പൊൻമണിക്കിങ്ങിണി ചാർത്തിക്കൊണ്ടും, നല്ല
മഞ്ഞപ്പട്ടാടയുടുത്തുകൊണ്ടും,
കാലിൽച്ചിലങ്കയണിഞ്ഞുകൊണ്ടും, കളി-
യാടുന്ന കണ്ണനെ കാണാകേണം!
വെണ്ണയും പാലും കവർന്നുകൊണ്ടും, കള്ള-
ച്ചിരിയോടതെല്ലാം നുകർന്നുകൊണ്ടും
ഓരോരോ വികൃതികൾ കാട്ടിക്കൊണ്ടും നിൽക്കും
ഓമനക്കുട്ടനെ കാണാകേണം!

❖

# പൂന്താനം സ്മാരകം

അപ്പൊഴും കണ്ണന്റെ ചിരി വിടർന്നൂ! അതി-
ന്നർത്ഥമെന്തെന്നറിയാതെ ഞാൻ നിന്നൂ,
അപ്പൊഴും കണ്ണൻ ചിരി തുടർന്നൂ!

പൂന്താനത്തിന്നൊരു സ്മാരകം വേണമെ-
ന്നന്നും ഞാൻ ഈണത്തിൽ പാടി, എന്റെ
അജ്ഞാനപ്പാന ഞാൻ പാടി;
ഗുരുവായൂരിൽത്തന്നെ വേണമതെന്നും ഞാ-
നൊരുപാടു നേരം പറഞ്ഞു, പിന്നെ
പലരോടും ചൊല്ലി കരഞ്ഞൂ!

അപ്പോഴും കണ്ണന്റെ ചിരി വിടർന്നൂ! അതി-
ന്നർത്ഥമെന്തെന്നറിയാതെ ഞാൻ നിന്നൂ,
അപ്പൊഴും കണ്ണൻ ചിരി തുടർന്നൂ!
ഇവിടെയൊരനുസ്മരണയജ്ഞത്തിനുചിതമാം
ഇടമില്ലയെന്നു വന്നാലതും സങ്കടം!
ഇവിടെയീ നടയിൽവന്നേറെക്കരഞ്ഞൊരു
ഗുരുനാഥനെ; ദുഃഖ-
ഭരിതമാം ജപതപധ്യാനത്തിനാൽ പൂർണ-
കരുണ തൻ കാതലാം മണിവർണ്ണനെ, ത്തന്റെ-
യകതാരിലാടും കളിത്തൊട്ടിലിൽ; പിന്നെ-
നറുമണം വഴിയും തയിൽക്കലത്തിന്നടു-
ത്ത,തുപോലെ കവിത തൻ പൈമ്പാൽ ചുരത്തുന്ന
പശുവിന്നകിട്ടിലും, കദനങ്ങൾ വെണ്ണയാ-
യുരുകുന്നിടത്തും, അളവറ്റ ഭക്തി തൻ-
ഉരലിലും കണ്ണനെയനായാസമായ് ബന്ധിച്ചോ-
രാചാര്യനെ വണങ്ങാനും നമിക്കാനു-

മിടമില്ലയെന്നു വന്നാലതും സങ്കടം!
പലതവണ ഞാനിതു പറഞ്ഞൂ; അറിയാതെ
മിഴികൾ നിറഞ്ഞൂ; കരഞ്ഞൂ!
അപ്പൊഴും കണ്ണന്റെ ചിരി വിടർന്നൂ! അതി-
ന്നർത്ഥമെന്തെന്നറിയാതെ ഞാൻ നിന്നൂ,
അപ്പൊഴും കണ്ണൻ ചിരി തുടർന്നൂ!
അറിയുന്നു ഞാ,നെന്റെയരുമയാം ഭാഷ തൻ-
വരദാനമീ മഹാപ്രതിഭ; കാലാതി-
വർത്തിയായ്; അളവറ്റ വാഗർത്ഥ-
ശക്തിയായ്, തീരാത്ത സത്യസൗന്ദര്യമായ്,
ഉദയാർക്കതേജസ്സുപോലെ, വൃശ്ചിക-
പ്പൂനിലാക്കുളിരുപോലെന്നെന്നുമെൻ പച്ച-
മലയാളഭാഷതൻ ചുണ്ടിൽ മമത തൻ-
തേനും വയമ്പും കൊടുക്കുമാചാര്യനെ
ഇവിടെ വന്നൊന്നു വണങ്ങാൻ; നമിയ്ക്കാനു-
മിടമില്ലയെന്നു വന്നാലതും സങ്കടം!
പലതവണ ഞാനിതു പറഞ്ഞൂ! അറിയാതെ
മിഴികൾ നിറഞ്ഞൂ, കരഞ്ഞൂ!
അപ്പൊഴും കണ്ണന്റെ ചിരി വിടർന്നൂ! അതി-
ന്നർത്ഥമെന്തെന്നറിയാതെ ഞാൻ നിന്നൂ,
അപ്പൊഴും കണ്ണൻ ചിരി തുടർന്നൂ!
ഏതൊരാപത്തിലും പതറാതെ, പാടിയാൽ
ആലംബമായ്ത്തീരുമീരടികളങ്ങനെ,
എന്റെ മനസ്സിലെൻ കണ്ണൻ മതി, വേറെ-
യെന്തിന്നൊരുണ്ണി,യി ജ്ഞാനങ്ങളെങ്ങ്,
ആരോഹണങ്ങളും അവരോഹണങ്ങളും
ഒരുപോലെയാണെന്ന പൊരുളുകളങ്ങനെ,
നാളെയും നാളെയും പാടി നടക്കുവാൻ
നാവിലെഴുതിയോരെന്റെയാചാര്യനെ

ഇവിടെ വന്നൊന്നു വണങ്ങാൻ, നമിയ്കാനു-
മിടമില്ലയെന്നു വന്നാലതും സങ്കടം!
പലതവണ ഞാനിതു പറഞ്ഞു, അറിയാതെ
മിഴികൾ നിറഞ്ഞു, കരഞ്ഞു!
"അക്ഷരം മൃത്യുഞ്ജയമല്ലി?" കണ്ണന്റെ
നിശ്ചലമൗനം ഉടഞ്ഞു; "പിന്നെയൊര-
നശ്വരസ്മാരകമെന്തിന്? ഇന്നുമപ്പാന തൻ-
ഒപ്പത്തിനൊപ്പമെന്നോതുവാൻ എന്തുള്ളു? കാലമാ-
ണെപ്പോഴും വിധി പറയുമാചാര്യ-
നിപ്പോഴുമങ്ങനെത്തന്നെയെന്നോർക്കുക..."

❖

# ഇദം ന മമഃ ഇദം ന മമഃ

ഇദം ന മമ... ഇദം ന മമഃ
ഇതുതന്നെയാണല്ലോ ആദ്യം മുതൽക്കെന്റെ
ഗുരുനാഥനുരുവിട്ട മൂലമന്ത്രം!
അന്നെനിക്കർത്ഥം മുഴുവൻ മനസ്സിലാ-
യില്ലെങ്കിലും ഞാൻ പകച്ചു പോയി,
എന്തൊക്കെയോ ഞാൻ അറിയാത്ത തത്ത്വമതി-
ലുണ്ടെന്ന സത്യം ഞാൻ ഓർത്തുപോയി,
ഓർക്കുമ്പോൾ പുതിയോ,രറിവിന്റെ പുലർവെട്ടം
ഉൾക്കണ്ണിൽ പൊട്ടി വിരിയുകയായ്!
ഉദയാർക്ക കിരണങ്ങൾ തഴുകിത്തലോടിയെൻ-
അകതാരിൽ കതിരൊളി ചൊരിയുകയായ്!
ഒരമര, വാണി ഞാൻ കേട്ടു: ഇതാണല്ലോ
കുമരനെല്ലൂരിലെ പുണ്യതീർത്ഥം!
വാടാത്ത താമര, കെടാത്ത സൂര്യൻ - നിന്റെ
വരികളിലുണ്ടാവുമെന്നോർത്തുകൊൾക!
പിന്നീടറിഞ്ഞു ഞാൻ: അവിടുത്തെ കണ്ണിലെ
കാഴ്ചയാ,ണുൾക്കാഴ്ചയെന്ന സത്യം!
ദുഃഖമാണല്ലോ വെളിച്ചമെന്നും, പാരി-
ലന്ധകാരം സുഖാസ്വാദ്യമെന്നും,
നിരുപാധിക സ്നേഹമത്രേ മനുജന്റെ
മനതാരിലൂറും മരന്ദമെന്നും
ഇത്രമേലുച്ചത്തിൽ ഇതുവരെ മറ്റാരും
പൊട്ടിക്കരഞ്ഞു പറഞ്ഞില്ലല്ലോ!
ഓരോ വരിയിലും വാക്കിലും കേട്ടു ഞാൻ
ഒരു തുള്ളിക്കണ്ണീരിൻ കടലിരമ്പം!
ഇക്കണ്ടതൊന്നുമേ എന്റെയ,ല്ലെന്റെയ-
ല്ലെന്ന നിത്യ നിർമല വേദസൂക്തം!

❖

# ഇടത്തരികത്തുകാവിൽ

എന്നും ഇടത്തരികത്തു കാവിൽ വന്ന്
തുയിലുണർത്തും ശംഖനാദങ്ങളേ,
ശ്രുതി മീട്ടി നിങ്ങളോടൊപ്പം വരുന്നത്
ഭൂപാളരാഗമോ, ബിലഹരിയോ?
ദേവിയ്ക്കു നീരാടാൻ കലശക്കുടങ്ങളിൽ
തെളിനീരുമായെത്തും പുലരികളേ,
നിങ്ങൾ തൻ നെറ്റിയിൽ അമ്മ തൊടുവിച്ച
സിന്ദൂരക്കൂട്ടോ, ചാന്തുപൊട്ടോ?
അമ്മയ്ക്കു ചാർത്തുവാൻ എന്നും അഴകാർന്ന
ഉടയാട നെയ്യുന്ന പകലുകളേ,
നിങ്ങൾ തൻ നിറമാറിൽ എന്നമ്മ അണിയിച്ച
മംഗല്യത്താലിയോ, പൂത്താലിയോ?
അഴകിനും അഴകായ അമ്മയെ ചെമ്പട്ടു-
ഞൊറി വച്ചുടുപ്പിക്കും തോഴിമാരേ,
ആരാണീ വിദ്യ പഠിപ്പിച്ചു? കണ്ണന്റെ
ഗോപികമാരാണോ, രാധയാണോ?
തെളിനാളം വിടരുന്നോ,രിപ്പാട്ടു പന്തലിൽ
കളമെഴുതുവാൻ വരും സന്ധ്യകളേ,
മൂളുന്നതെന്നമ്മ പാടിപഠിപ്പിച്ച
തോറ്റങ്ങളോ, പഴമ്പാട്ടുകളോ?
തുടിയും തുടിക്കോലുമില്ല, മാറ്റൊലി കൊള്ളും
ഓട്ടുചിലമ്പിൻ കലമ്പലില്ല,
എന്നാൽ, കേൾപ്പതൊരു പുള്ളോൻ കുടത്തിന്റെ
തേങ്ങലാണോ, എന്റെ തോന്നലാണോ?
ഇവിടെ നന്തുണിപ്പാട്ടുണ്ട്, കൊട്ടുണ്ട്

പതിവുപോലെ താലപ്പൊലിയുമുണ്ട്,
പറയുവാനിനിയും ഏറെയുണ്ടെല്ലാമി-
ക്കാവിന്റെ തീരാ മഹത്ത്വം തന്നെ!
അരുമക്കിടാങ്ങൾ തൻ ദുഃഖങ്ങൾ കണ്ടാൽ
അമ്മയും തേങ്ങിക്കരയുമല്ലോ;
അവരുടെ ആനന്ദഭാവങ്ങൾ കണ്ടാലോ
അമ്മയും പൊട്ടിച്ചിരിയ്ക്കുമല്ലോ!

❖

# ശ്രീമമ്മിയൂരപ്പൻ സുപ്രഭാതം

**ശി**വം ശിവകരം ശാന്തം
ശിവാത്മാനം ശിവോത്തമം
ശിവമാർഗ്ഗ പ്രണേതാരം
മമ്മിയൂരപ്പ! കൈതൊഴാം!
ഉണരൂ ഉണരൂ ശംഭോ
കരുണാമയനാം പ്രഭോ,
ഭക്തപ്രിയ മഹാദേവാ
മമ്മിയൂരപ്പ! കൈതൊഴാം!
ശംഖനാദം മുഴങ്ങുന്നു
ഓംകാര ധ്വനി പോലവേ,
സാമഗാനപ്രിയാ, ദേവാ
മമ്മിയൂരപ്പ! കൈതൊഴാം!
തോരണം ചാർത്തി നടയിൽ
ആദിത്യ കിരണാവലി,
നിർമ്മാല്യ ദർശനം കാത്ത്
നിൽപ്പൂ ഭക്തജനാവലി!
ഉണർന്നാലും ഉണർന്നാലും
മൃത്യുഞ്ജയ മഹേശ്വരാ!
വിശേശ്വര സദാനന്ദാ
മമ്മിയൂരപ്പ! കൈതൊഴാം!
രുദ്രം പശുപതിം സ്ഥാണു
നീലകണ്ഠ ഉമാപതിം!
നമാമി ശിരസാ ശംഭോ
മമ്മിയൂരപ്പ! കൈതൊഴാം!
ആനന്ദം പരമം നിത്യം
കൈവല്യ വരദായിനം,

സ്മരാമി മനസാ ദേവം
മമ്മിയൂരപ്പ! പാഹിമാം!
രക്ഷ രക്ഷ മഹാദേവോ
മൃത്യുഞ്ജയ മഹാപ്രഭോ
ഹേ ദീനബന്ധോ, കൈലാസ-
ശൈലാധീശ! നമോസ്തുതേ!
ദാരിദ്ര്യ ദുഃഖശമനായ നമഃശിവായ
മോഹാന്ധകാര തരണായ നമഃശിവായ
രോഗാദി ശോകശമനായ നമഃശിവായ
നിത്യം ശിവം ശുഭകരം തവ സുപ്രഭാതം!
ശ്രീശങ്കരാഭരണരാഗലയപ്രിയായ,
മുക്തിപ്രദായ പരിപൂർണ്ണ കൃപാമയായ,
ഗൗരീപ്രിയായ പരിപൂത ജഗത്രയായ
സത്യം ശിവം ശുഭകരം തവ സുപ്രഭാതം!
ആപൽഭയങ്ങളൊഴിയുന്നതിനെന്നുമെന്നു, തൃ-
പ്പാദാരവിന്ദമഭയം മമ വിശ്വനാഥ!
രക്ഷിക്കയെന്റെ ജഗദീശ, വിനാവിളംബം
ഓംകാരനാദ നിഭൃതം തവ സുപ്രഭാതം!
സത്യപ്രിയായ, സകലാഗമ കാരണായ,
മുക്തിപ്രദായ പരിപൂർണ്ണ കൃപാമയായ,
ഗൗരീപ്രിയായ പരിപൂത ജഗദ്ത്രയായ,
സത്യം ശിവം ശുഭകരം തവ സുപ്രഭാതം!
ചന്ദ്രാർക്ക ശോഭ വഴിയുന്നൊരു മുഗ്ധഗാത്രം,
ഭക്തന്റെ ചിത്തമലിയും കരുണാർദ്രനേത്രം,
പഞ്ചാക്ഷരം പ്രതിനവം അമരം പവിത്രം,
ആനന്ദസാമമമൃതം തവ സുപ്രഭാതം!
ഘോരാന്ധകാരമയമാകിയ ജീവിതത്തിൽ
നേരായ മാർഗ്ഗമടിയന്നിഹ കാട്ടിടേണം

ഏതോ വഴിയ്ക്കു മനമോടി വലഞ്ഞിടുമ്പോൾ
ഏകാവലംബ, മനിശം തവ സുപ്രഭാതം!
കത്തിജ്വലിച്ചുപുളയുന്നൊരു ജന്മപാപ-
പഞ്ചാഗ്നിയിൽ വഴുതി വീണ് പിടഞ്ഞിടുമ്പോൾ,
രക്ഷിയ്ക്കയെന്റെ ജഗദീശ വിനാവിളംബം,
മറ്റാരുമില്ല ശരണം മമ ദീനബന്ധോ!

❖

# കണി കണ്ടപ്പോൾ

**ക**ണി കണ്ടു തൊഴുതു നിൽക്കുമ്പോൾ, കണ്ണൻ
ചിരി തൂകിയെന്നോട് ചോദിച്ചു:
കൈ നീട്ടിക്കാട്ടാത്തതെന്തേ? നിനക്കെന്റെ
കൈനീട്ടം പോരെന്നു തോന്നീട്ടോ? അതോ
പഴയ പിണക്കങ്ങൾ തീരാഞ്ഞിട്ടോ?
അതുകേട്ട മാത്രയിൽ, അറിയാതെ തേങ്ങി-
ക്കരഞ്ഞുകൊണ്ടേ ഞാൻ പറഞ്ഞു
അരികത്തു കണ്ടപ്പോൾ എല്ലാം മറന്നു ഞാൻ,
ദർശനം തന്നെയെൻ കൈനീട്ടം! എനി-
യ്ക്കെന്തിനു മറ്റൊരു കൈനീട്ടം?
അന്നേരം എന്നുണ്ണിക്കണ്ണന്റെ കുസൃതിയാ-
ച്ചെഞ്ചുണ്ടിൽ പുഞ്ചിരിയായ് വിരിയുന്നു:
പറയുന്നു ചങ്ങാതി, "എന്നെത്തന്നെ നിന-
ക്കെന്നോ ഞാൻ തന്നു കഴിഞ്ഞതല്ലേ, നമ്മൾ
പിരിയുവാനാവാത്ത തോഴരല്ലേ?
കൊഞ്ചുന്നു കണ്ണൻ: "അറിയാമോ ഇന്നെന്നെ
അണിയിച്ചൊരുക്കിയതാരാണ്? ഘനശ്യാമ-
സുന്ദരനാക്കിയതാരെന്ന്?
മേശാന്തിയാണെന്നതേ സത്യം, എന്നാലെൻ
രാധയാണെന്നതേ പരമാർത്ഥം, കളി-
ത്തോഴിമാർക്കറിയാം ഈ യാഥാർത്ഥ്യം!"
ആരോ ചോദിച്ചു കണ്ണനോടന്നേരം
പീലിത്തിരുമുടിയ്ക്കെന്തുപറ്റി? നീ തന്നെ
വേണ്ടെന്നു വെച്ചതാണെന്നുണ്ടോ?
കണ്ണൻ പറഞ്ഞു: "എൻ തോഴിമാരുള്ളപ്പോൾ
എന്തിനെനിയ്ക്കൊരു അലങ്കാരം! എനി-
യ്ക്കെന്തിനു മറ്റൊരലങ്കാരം?"

❖

# ഒരു കണ്ണീർക്കവിത

നടയിൽ നിന്നാൽ കണ്ണീര്, തിരു-
നാമം ജപിച്ചാലും കണ്ണീര്,
പറയാൻ തുടങ്ങിയാൽ കണ്ണീര്, ഒന്നും
പറയാതെ നിന്നാലും കണ്ണീര്,
കൺനിറയെ കാണുമ്പോൾ കണ്ണീര്, തീരെ
കാണാതിരുന്നാലും കണ്ണീര്,
എന്നുണ്ണിക്കണ്ണാ, ഇപ്പാരിലുണ്ടാമോ
ഇങ്ങിനേയും ഒരു കണ്ണീര്,
ഇനിയും തോരാത്ത കണ്ണീര്?
ഓടിവരുന്നൂ കറുത്ത ചിറകുമായ്
ഓർമ്മകൾ-അതിലും കണ്ണീര്,
ഒരിടത്തുടങ്ങിയൊതുങ്ങീട്ടൊന്നും
ഓർക്കാതിരുന്നാലും കണ്ണീര്
കാണാതിരിയ്ക്കുവാൻ കണ്ണടച്ചാലോ
കാണുന്നതത്രയും കണ്ണീര്!
എന്നോമനക്കണ്ണാ, പാരിലുണ്ടാകുമോ
ഇങ്ങിനേയും തോരാക്കണ്ണീര്?
പകലിന്റെ നിറവിൽ കണ്ണീര്,
ഇരവിന്റെ മറവിലും കണ്ണീര്,
ഏതു കിനാവിലും കണ്ണീര്, പിന്നെ
ഏകാന്തതയിലും കണ്ണീര്,
കൂടെക്കൂടെ കുടഞ്ഞു കളഞ്ഞാലും
കൂടെപ്പോരുന്നു കണ്ണീര്!
അമ്പാടിക്കണ്ണാ, ഇങ്ങനെയുണ്ടോ
അന്തമില്ലാത്തൊരു കണ്ണീര്?
ഒരുപിടി അവിലിൽ കണ്ണീര്

ഒരു നുള്ള് വെണ്മയിൽ കണ്ണീര്
തെച്ചീ മന്ദാരംതുളസീദളത്തിലും
താമരയിതളിലും കണ്ണീര്
ഞൊറിവച്ചുടുക്കുവാൻ നൽകും മഞ്ഞപ്പ-
ട്ടുടയാടയിൽപ്പോലും കണ്ണീര്
കാരുണ്യവാരിധേ! ഇങ്ങനെയുണ്ടാമോ
തീരെ തോരാത്ത കണ്ണീര്?
ഇങ്ങിനെ പാടുമ്പോൾ സംശയം: കണ്ണാ
നിൻമിഴിയിണയും തുളുമ്പുന്നോ?
എന്തേ മുഖം മറയ്ക്കുന്നു നീ? എന്നോമൽ-
ക്കണ്ണനാമുണ്ണി വിതുമ്പുന്നോ?
എന്നെയിമ്മട്ടിൽ കണ്ടിട്ടില്ലെന്നോർത്ത്
കണ്ണാ നീയും കരയുന്നോ?
ഇതുപോലെമുമ്പുണ്ടായിട്ടില്ലല്ലോ
ഇടതൂർന്നു പെയ്യും കണ്ണീര്, ഏതു-
ശിലയും അലിഞ്ഞുപോം കണ്ണീര്!

❖

# കണ്ണന്റെ ഊഞ്ഞാല്

തുള്ളിയ്ക്കൊരു കുടം കോരിച്ചൊരിഞ്ഞോരാ-
ക്കള്ളകർക്കിടം പോയപ്പോൾ,
മിന്നും പൊന്നും മേലാകെ ചാർത്തിയ
ചിങ്ങപ്പുലരി വിടർന്നപ്പോൾ,
മുറ്റത്ത് മുക്കിലും മൂലേലും പൂത്തുമ്പ,
മുക്കുറ്റി തിരുതാളി ചിരിച്ചപ്പോൾ,
പയ്യെപ്പയ്യെ ചിങ്ങനിലാവൊളി-
പ്പൂയ്യിന് അകിട് ചുരന്നപ്പോൾ,
മൂന്നും കൂട്ടി മുറുക്കിച്ചുവപ്പിച്ച
മുത്തശ്ശി, യീണത്തിൽ പാടുന്നു:
“തെക്കുവടക്ക് നടക്കാതെ, മക്കളേ
അത്തം പത്തിന് തിരുവോണം
ഓണം വന്നാലെൻ അമ്പാടിക്കണ്ണനും
വേണം നല്ലൊരു ഊഞ്ഞാല്,
ചാഞ്ഞും ചെരിഞ്ഞും മലർന്നും കമിഴ്ന്നും
ചാഞ്ചാടാനുള്ളൊരു ഊഞ്ഞാല്,
“ഒരിടത്തൊതുങ്ങി ഇരിയ്ക്കില്ലല്ലോ
തിരുമാലി! നാമതും ഓർക്കേണം,
ചാടിക്കയറാനും ആടാനും ഊഞ്ഞാലിൽ
ചേലൊത്ത പടിയുമുണ്ടാവേണം,
ആ പടി ചൊന്നുകൊണ്ടാവണമെന്നൊന്നും
ആലിലക്കണ്ണന് വാശിയില്ല,
ചന്തമുണ്ടാവണം, ആടുമ്പോൾ ഏവർക്കം
സന്തോഷം തോന്നണമെന്നു മാത്രം,
“മതിയെന്നു പറയാതെ, പിന്നെയും കണ്ണൻ
കുതികുതിച്ചാടിത്തിമർക്കുമ്പോൾ,
വീണ്ടും വീണ്ടും ഊഞ്ഞാലിലോരോരോ
വികൃതികൾ കാട്ടി രസിയ്ക്കുമ്പോൾ,

ഗോപിക്കുറി മായുമ്പോൾ, പീലിക്കെട്ടഴിയുമ്പോൾ
ഉടയാടയൂർന്നുർന്നു പോകുമ്പോൾ,
നാണം മറയ്ക്കാൻ മറന്നുകൊണ്ടങ്ങിനെ
മാനത്തോളം കുതിയ്ക്കുമ്പോൾ,
താഴേ നിന്നു നാം പാടണം: ഞങ്ങടെ
താമരക്കണ്ണാ നീ ആടാട്,
അഞ്ചിതമോദത്തോടെ ഇനിയും
ചാഞ്ചാടുണ്ണി ചെരിഞ്ഞാട്,
കണ്ടിട്ടും കണ്ടിട്ടും മതിവരുന്നീ,ലെന്റെ
കണ്ണാ നീ ചന്തത്തിൽ ആടാട്,
കാണുമ്പോൾ പേടി തോന്നുന്നൂ, എന്നാലും
കാറൊളി വർണ്ണാ! നീ ആടാട്..."
അത്രയും കേട്ടപ്പോൾ കുട്ടികൾക്കാവേശം
മുത്തശ്ശിയോടവർ ചോദിച്ചു.
"എങ്ങിനെയാവണം ഊഞ്ഞാല്, ഞങ്ങൾ
എപ്പോൾ കെട്ടണം ഊഞ്ഞാല്?
എവിടെക്കെട്ടണം ഊഞ്ഞാല് ഞങ്ങൾ
ഇവിടെക്കെട്ടണോ ഊഞ്ഞാല്?"
അന്നേരം മുത്തശ്ശിയമ്മ ചിരിച്ചും കൊ-
ണ്ടുണ്ണികളോടായ് പറയുന്നു.
സത്യം ധരിയ്ക്കുവിൻ മക്കളേ, നമ്മുടെ
ചിത്തത്തിൽ കെട്ടണം ഊഞ്ഞാല്
ചിത്തത്തിലായാലും പോരാ, നിർമ്മല-
ഭക്തി തൻ കയറിട്ടു കെട്ടേണം,
ഓമൽക്കിടാങ്ങളേ, ഓർക്കുവി,നെപ്പോഴും
ഓണം വന്നാലും പോയാലും
ചിത്തത്തിൽ നമ്മളൊരുക്കുന്നോരൂഞ്ഞാലിൽ
എപ്പോഴും ചാഞ്ചാടും അമ്പാട്ടുണ്ണി
പാവം യശോദമ്മ വന്നു വിളിച്ചാലും
താഴേയിറങ്ങില്ല കണ്ണനുണ്ണി..."

❖

# പൂന്താനത്തിന്റെ എഴുത്താണി

**എ**ന്തുകൊണ്ടെന്നറിവീല, യതുപോലെ
എന്തിനാണെന്നുമേതുമറിവീല,
ഓർത്തു നോക്കിയാൽ കാരണമൊന്നുമേ
പേർത്തെടുക്കാ നി, ല്ലെന്നാലൊരു ദിനം
പൂന്താനത്തിൻ എഴുത്താണി കാണുവാൻ
കമ്പംതോന്നിയെനിക്കെന്നേ ചൊല്ലേണ്ടു
ഓരോരോ മനോരാജ്യമായ്പ്പിന്നെ,യെൻ-
മോഹം സാധിപ്പാനെന്തു ചെയ്യേണ്ടു ഞാൻ?
ഒന്നു കാണുക, തൊട്ടു വന്ദിയ്ക്കുക,
പിന്നെയൊന്നു നമസ്ക്കരിച്ചീടുക,
മർത്ത്യജന്മം സഫലമായ്ത്തീരുവാൻ
ഇത്രയുമല്ലോ വേണ്ടൂ ശിവ ശിവ!
പിന്നെച്ചിന്തയായ്: പോം വഴിയെന്താവോ
പുണ്യം ചെയ്തൊരാ നാരായം കാണുവാൻ!
കല്ലും മുള്ളും തടഞ്ഞിടാ,മെന്നാലും
തെല്ലു ദൂരം അലയേണ്ടി വന്നാലും
ഇല്ലത്തു ചെന്നാൽ കാണാൻ കഴിയുമോ?
ഇല്ലതൊന്നുമിവിടെയെന്നാകുമോ?
മറ്റെങ്ങാനും സുകൃതികൾ സശ്രദ്ധം
മച്ചകത്തു പൂജിയ്ക്കുന്നുണ്ടാകുമോ?
ഇത്ഥമോരോന്നു ചിന്തി,ച്ചൊരു ദിനം
എത്തി ഞാൻ ഗുരുവായൂപുരത്തിങ്കൽ,
നിർമ്മാല്യം കണ്ടു കൺകുളിർക്കെ,പ്പിന്നെ
കണ്ണനോടെന്റെ മോഹം പറഞ്ഞു ഞാൻ!
"നന്നു, നന്നു നിൻ മോഹം, വിചിത്രമെ
ന്നെന്നോടപ്പോൾ പറയുന്നു മാധവൻ,"

കേൾക്കേണ്ടാരും, സ്വകാര്യമാണെന്നൊരു
കള്ളപ്പുഞ്ചിരിയോടേ തുടരുന്നു.
"കാലദേശാന്തരങ്ങൾക്കതീതമാം
കാവ്യം കുത്തിക്കുറിച്ചൊരാ നാരായം,
എത്രയും വിലപ്പെട്ട നിധിപോലെ
കാത്തു സൂക്ഷിച്ചിട്ടുണ്ടിഹ" ഞാൻ ഇന്നും!
കാണുവാനുള്ള കൗതുകം കൊ,ണ്ടതു-
ഞാനെടുത്തു നോക്കാറുണ്ടിടയ്ക്കിടെ!
അത്ഭുതം ഈ എഴുത്താണി കൊണ്ടല്ലോ
തീർത്തതീ മഹാകാവ്യം, അനശ്വരം,
ജ്ഞാനവിജ്ഞാന സർവ്വസ്വസാരമീ-
പ്പാനയെന്നു വാഴ്ത്തുന്നു ബുധജനം,
എങ്കിൽ, ഓർക്കുക, പൂന്താനം നേദിച്ച
പൂന്താനാണതെന്നത്രേ പരമാർത്ഥം...
മറ്റെങ്ങും ഏറെക്കണ്ടിട്ടേയില്ല ഞാൻ
ഇത്രയും ധന്യമായോരെഴുത്താണി,
കാണുവാനുള്ള കൗതുകം കൊ,ണ്ടതു-
ഞാനെടുത്തു നോക്കാറുണ്ടിടയ്ക്കിടെ..."

❖

# പാടണം, പാടണം

**പാ**ടണം, പാടണമെനിക്കിനിയുമീ നന്ദ-
ബാലഗോപാലന്റെ ലീലാവിശേഷങ്ങ-
ളോരോന്നുമോരോന്നും
ഓർത്തോർത്തു പാടണം.
പിന്നെയീ, ഞാൻ ആരെന്നും, എന്തെന്നും
എന്നിൽ തുടിയ്ക്കുന്ന നിന്നെയും, നിന്നെയും
പാടേമറന്ന് പാടീടണം!
പാടണം. പാടണമെനിക്കിനിയുമെൻമന-
സ്സമ്പാടിയാക്കി, അതിലൻപോടെമുരളിയിൽ
പാടിയും, നടനങ്ങൾ ആടിയും നമ്മൾ
കാണാത്ത ഗോക്കളെ തേടിയും
മഞ്ജീരശിഞ്ജിതമുണർത്തുന്നൊ-
രോമനക്കണ്ണനാമുണ്ണിയെപ്പറ്റിയും പാടണം.
പാടണം, പാടണമെനിക്കിനിയുമീയെന്റെ
അകതാരിലനവരതമായിരമായിരം
മദമോഹമൽസര തരംഗങ്ങളലറുന്ന
കാളിന്ദിയായ്, അതിലിന്നോളവും ഞാൻ
കാണാത്ത തീരത്ത് പൂത്തുലഞ്ഞാടുന്ന
നീലക്കടമ്പിന്റെ പുളകമായും, ജന്മ-
ജന്മാന്തരങ്ങൾതൻ സുകൃതമായും നിത്യ-
വിസ്മയമായുമെൻ ഓർമ്മകളിലിപ്പൊഴും
നർത്തനമാടുന്ന കണ്ണനെപ്പറ്റിയും പാടണം.
ഏതോ മുളംകാടു പൂക്കുന്നു, അറിയാതെ
കോരിത്തരിയ്ക്കുന്നു, പോരേതും
അറിയാത്ത രാഗങ്ങൾ അകലെ മുഴങ്ങുന്നു;
ആ രാഗവും താളമേളവും ഉണരുന്നോ-

രോടക്കുഴൽ വിളി കേൾക്കണമെനി,ക്കിപ്പോഴേ-
എന്നു ഞാൻപൊട്ടിക്കരഞ്ഞും തളർന്നും
ഓടിക്കിതച്ചും, വിയർത്തുമെൻ മുന്നിൽ വ-
ന്നോരോരോ മോഹവും സഫലമാക്കിത്തന്നോ-
രാനന്ദമൂർത്തിയെപ്പറ്റിയും പാടണം!
കാലദോഷം മൂല, മകലെയാകുമ്പോഴും
ഏറേനാൾ മോഹിച്ചു അരികിലെത്തുമ്പോഴും
കാണാത്ത നേരത്ത് അകമിഴികളിൽ കളി-
യാടണമെന്നു ഞാൻ തേങ്ങുമ്പോഴും
'നിന്നെ ഓർക്കാതെയും, കാണാതെയും നിന്റെ
മുന്നിലും പിന്നിലും തുണയേകിടാതേയും
എങ്ങുപോകുന്നു നിൻ കണ്ണൻ?' എ
ന്നെന്നോടു ചോദിയ്ക്കുമാ മണി-
വർണ്ണനെപ്പറ്റിയും പാടണം, പാടണം.

❖

# ഭജഗോവിന്ദം

ഭജ ഗോവിന്ദം ഉണ്ണീ, ഭജഗോവിന്ദം
ഗോവിന്ദപാദ ഭജനം നിത്യാനന്ദം!
അഴകിൻ നിറവാണല്ലോ ശ്രീഹരി,
അലിവിൻ ഉറവാണല്ലോ ശ്രീഹരി,
ഭക്തജനപ്രിയനല്ലോ ശ്രീഹരി,
ഭാഗവതപ്രിയനല്ലോ ശ്രീഹരി,
കായാമ്പൂവർണ്ണൻ ശ്രീഹരി,
കല്യാണരൂപൻ ശ്രീഹരി,
മദനമോഹനൻ ശ്രീഹരി,
കദനനാശനൻ, ശ്രീഹരി!
ചരണാരവിന്ദം എന്നും
ശരണം ഈ മുപ്പാരിനെന്നും
ഭജഗോവിന്ദം...
രാധാമാധവ ദാനവാരേ,
വരദ ശ്രീകൃഷ്ണ മുരാരേ
ചരണാരവിന്ദം എന്നും...
ഭജഗോവിന്ദം...
മധുരോദാരം മുരളീഗാനം
മധുരോദാരം മുരളീഗാനം
അതുലം നിൻ ചാരു നടനം
അതുലം നിൻ ചാരു നടനം
മധുരോദാരം മുരളീഗാനം
അതുലം നിൻ ചാരു നടനം
ചരണാരവിന്ദം എന്നും...
ഭജഗോവിന്ദം ഉണ്ണീ...

❖

# ഗുരുസന്നിധിയിൽ

**അ**ക്കിത്തത്തിൻ പ്രിയപ്പെട്ട
ശിഷ്യൻ ഞാ, നെന്നൊരേർമ്മയിൽ
തുടിച്ചാർക്കുന്നിതെൻ മനം!
പീലി നീർത്തുകയായ്പ്പിന്നെ
പിന്നിട്ട പല നാളുകൾ
തിടുക്കം കൂട്ടിയങ്ങനെ!
അപ്രതീക്ഷിതമെന്നാലും
ആദ്യമായ്ക്കണ്ടൊരാദിനം
മറക്കാ ഞാനൊരിയ്ക്കലും!
ഗുരുവായൂരിലാണെന്നാ-
ണോർമ്മ നേരിട്ടുകണ്ടതും
തമ്മിലത്രയ്ക്കടുത്തതും
"ചൊവ്വല്ലൂരല്ലേ?" വാസ്വേവൻ
കത്തിയ്ക്കാറുണ്ടു താങ്കൾ തൻ-
നേരമ്പോക്കിന്റെ പൂത്തിരി...
അമ്പരന്നേൻ ഞാ, നപ്പോൾ
എന്തേ കോരിത്തരിച്ചുവോ!
എന്നെത്തന്നെ മറന്നുവോ?
ആ,രെന്നെത്തഴുകീടുന്ന-
താരെന്നെപ്പുണരുന്നതും?
തെന്നലോ, എന്റെ തോന്നലോ?
എത്രയോ കാലമായ് ത്തമ്മി-
ലറിയാമെന്ന മാതിരി
നീട്ടുന്ന ചിരി തൻ തിരി!
"കുളിച്ചുതൊഴണം, വേഗം
നടക്കാ, മിനി വൈകിയാൽ
തിരക്കും തിക്കുമേറിടും..."

മുറുക്കിത്തുപ്പി നീങ്ങുന്നൂ
അക്കിത്തം, വെടിവട്ടവും,
പിന്നിൽ ഞാനെന്ന ശിഷ്യനും!
തീർത്ഥക്കുളത്തിൽ മുങ്ങുന്ന-
നേരത്തും തോർത്തിടുമ്പൊഴും,
തേവാരം തുടരുമ്പൊഴും,
അമ്പലത്തിൽ വലം വച്ചും
ജപിച്ചും, ശുദ്ധഭക്തിയിൽ
ലയിച്ചും നീങ്ങിടുമ്പൊഴും,
മറ്റൊന്നും തന്നെ കേൾക്കാ-
തോർക്കാ, തേകാഗ്രചിത്തനായ്
കൈകൾകൂപ്പിത്തൊഴുമ്പൊഴും,
അറിയാ,തറിയാ, തൂർന്നു-
വീഴുന്നു മിഴിനീർക്കണം
ഉള്ളു പൊള്ളുന്ന മാതിരി!
(ഇന്നും മറ്റുള്ളവർക്കായി-
ട്ടാണല്ലോ കരയുന്നതും,
ആ ചിത്തം പിടയുന്നതും!)
ഓർക്കുന്നേ,നെന്റെ കുഞ്ഞിക്കൈ-
വിരലാദ്യം പിടിച്ചതും
ഹരിശ്രീയെഴുതിച്ചതും
എന്റെ തോന്ന്യാക്ഷരങ്ങൾക്കായ്-
വർണ്ണച്ചിറകു തന്നതും,
ആകാശങ്ങൾ തുറന്നതും,
വേറിട്ട വഴിയേ വേണം
പറക്കാനെന്നു ചൊന്നതും
നേർവഴിയ്ക്കു നയിച്ചതും,
അക്കിത്തം മാത്രമാണെന്ന-
സത്യമോർക്കുന്ന മാത്രയിൽ

ഇന്നും തുള്ളുന്നിതെൻ മനം!
എപ്പോഴും പറയും: സ്നേഹം
കൊടുക്കും തോറുമേറിടും
ഇല്ല മറ്റൊന്നുമിങ്ങനെ!
എത്ര കോരിയെടുത്താലും
തീരാത്തോരുറവല്ലയോ
ഇന്നുമീയാർദ്ര മാനസം!
അകക്കണ്ണു മിഴിപ്പിച്ചെ-
ന്നാത്മാവിന്റെ വെളിച്ചമായ്
ഭവാൻ നിൽക്കുന്നിതച്യുതം!
സ്നേഹവാൽസല്യവായ്പിൻ സ-
മ്പൂർണ്ണ പുണ്യാവതാരമേ,
സാഷ്ടാംഗം പ്രണിപ്പു ഞാൻ!

* വാസ്വേവൻ: അക്കിത്തത്തിന്റെ അനുജൻ വാസുദേവൻ നമ്പൂതിരി. 'എ.വി.എൻ.' എന്ന ചുരുക്കപ്പേരിൽ മാതൃഭൂമി ആഴ്ചപതിപ്പിലും മറ്റും ധാരാളം എഴുതിയിരുന്നു. തൃശൂരിലെ ശ്രീ കേരള വർമ്മ കോളേജിൽ പഠിയ്ക്കുന്ന കാലത്ത് ഞങ്ങൾ ഇരുവരും ഒരേ ലോഡ്ജിലാണ് താമസിച്ചിരുന്നത്. ഒരേ മുറിയിൽ എന്നുപോലും പറയാം. അക്ഷരാർത്ഥത്തിൽ ഒരു പ്രിയപ്പെട്ട അനുജനെപ്പോലെയാണ് അദ്ദേഹം എന്നെ കരുതിയിരുന്നത്.

❖

# കൈ തൊഴുന്നേൻ

കരുണാവാരിധേ കണ്ണാ തിരുമുടി തൊഴുന്നേൻ
കതിരൊളി തിരളുന്ന മയിൽപ്പീലി തൊഴുന്നേൻ
അളകങ്ങൾ ഇളകുന്ന തിരുനെറ്റി തൊഴുന്നേൻ,
അഴകേറും ഗോരോചനക്കുറിയും കൈതൊഴുന്നേൻ!
നവരത്നമണിയെഴും കുണ്ഡലങ്ങൾ തൊഴുന്നേൻ
അളവറ്റ കൃപയോലും തിരുമിഴി തൊഴുന്നേൻ,
തുടുതുടെ തിളങ്ങുന്ന കവിളിണ തൊഴുന്നേൻ,
അമ്പിളിക്കുളിരോലും പുഞ്ചിരിയും തൊഴുന്നേൻ...
മഴവില്ലിൻ അഴകൊത്ത നിറപീലി തൊഴുന്നേൻ
മഴമുകിലൊളിചോരും തിരുമെയ്യും തൊഴുന്നേൻ;
ചെഞ്ചുണ്ടിൽ അമരും പൊന്നോടക്കുഴൽ തൊഴുന്നേൻ!
തഞ്ചത്തിൽ വിടരുന്ന മുഖകാന്തി തൊഴുന്നേൻ!
കാളിന്ദിയാറ്റിൽ ആടിയ നടനം കൈതൊഴുന്നേൻ
ഗോപികമാരൊത്തുള്ള കളികളും തൊഴുന്നേൻ;
വിഷമുല നുകർന്നോരു വികൃതിയെ തൊഴുന്നേൻ
അതിനാലേ ധന്യയായ സുകൃതിയെ തൊഴുന്നേൻ
നറുവെണ്ണ കവരുന്ന കള്ളനോട്ടം തൊഴുന്നേൻ
കണ്ടെത്തുമ്പോൾ കരയുന്ന കള്ളനാട്യം തൊഴുന്നേൻ;
കണ്ണിണയ്ക്കാനന്ദമേകും കളഭാട്ടം തൊഴുന്നേൻ,
കണ്ണനുണ്ണി കേളിയാടും കൃഷ്ണനാട്ടം തൊഴുന്നേൻ!

❖

# കണി ഗുരുവായൂരിൽത്തന്നെ

**പ**റയുന്നു മുത്തശ്ശിഃ കണികാണുകയാണെങ്കിൽ
ഗുരുവായൂരിൽത്തന്നെയാവേണം,
ഗുരുവായൂരിൽത്തന്നെയായാലുംപോരാ, എന്-
കരുണാമയനെത്തന്നെ കാണേണം!
കേവലം കണ്ടാലും പോരാ, മണിവർണ്ണന്റെ
കമനീയ വിഗ്രഹം കാണേണം,
കളിചിരിമാറാത്തോരമ്പാടുണ്ണി തൻ-
മലർമന്ദഹാസം കണി കാണേണം
അകലേ നിന്നാൽ മാടിവിളിയ്ക്കുന്നോ-
രാലിലക്കണ്ണനെ കാണേണം,
അരികേ ചെന്നാൽ കൊഞ്ചിക്കുഴയുന്ന
ആരോമലുണ്ണിയെ കാണേണം,
പറയുന്നു മുത്തശ്ശി: കണികാണുകയാണെങ്കിൽ
ഗുരുവായൂരിൽത്തന്നെയാവേണം!
കുളിരിളം കാറ്റൊന്നു തഴുകിത്തലോടിയാൽ
ഇളകുന്നോരളകങ്ങൾ കാണേണം,
നെറ്റിത്തടത്തിൽ ഗോപിമാർ ചാർത്തിയ
കസ്തൂരീതിലകം കാണേണം!
തുടുതുടുപ്പോലുമാക്കവിളിണയിൽ വിരിയുന്ന
നുണക്കുഴിപ്പൂവഴകും കാണേണം
അരികത്തോടിച്ചെന്നിട്ടുമ്മ വയ്ക്കാൻ തോന്നും
ഹരിയുടെ പൂപ്പുഞ്ചിരി കാണേണം,
പറയുന്നൂ മുത്തശ്ശി: കണികാണാനിത്തവണ
ഗുരുവായൂരിൽത്തന്നെയെത്തേണം!
കാതിൽ കണിക്കൊന്ന, കിങ്ങിണി കണിക്കൊന്ന,
കൈവളയും കാൽത്തളയും കൊന്നപ്പൂക്കൾ,

ഞൊറിവെച്ചുടുത്തോരാപ്പീതാംബരത്തിനും
കണിക്കൊന്നപ്പൂവിന്റെ ഭംഗിതന്നെ!
തഞ്ചത്തിൽ മറ്റാരും കാണാതെ വെണ്ണയ്ക്കു-
കെഞ്ചുന്നോരുണ്ണിയെ കാണാകേണം,
'ഇന്നും അവിൽപ്പൊതിയെടുക്കാൻ മറന്നുവോ?'
എന്നൊരു പൈങ്കിളിക്കൊഞ്ചലോടെ
പരിഭവിച്ചങ്ങിനെ നിൽക്കുമ്പോഴും കള്ള-
ച്ചിരിതൂകും കണ്ണനെ കണികാണേണം!
"പൂന്താനപ്പാന തൻ പൂന്തേൻ കണമാണോ-
നിൻകൈയിൽ? ആണെങ്കിൽ വായോ തായോ,
മതിയായിട്ടില്ലെനിയ്ക്കിനിയും-" എന്നോതും
കൊതിയനെ കൺനിറയെ കാണാകേണം!
കൈനിറയെ, കൈനിറയെ നറുവെണ്ണകൊടുത്തിട്ടും
കാണാതെ പലതും കവർന്നിട്ടും,
കണ്ടില്ലേ, ഇന്നാരും ഒന്നും തന്നീലെന്ന
കപടനാട്യം, നോട്ടം കാണേണം,
മിഴിയടച്ചാലുമുൾകണ്ണിൽത്തെളിഞ്ഞിടും
അഴകൊഴുകും രൂപം കണികാണേണം!
കനിവോടെ കണ്ണൻ തരുന്ന കൈനീട്ടം
തൊഴുകൈയോടെ നമ്മൾ വാങ്ങേണം
കൈനീട്ടം ചിലനേരം പുതുനാണയമാവാം,
കളഭമാവാം, നറുവെണ്ണയാവാം!
എന്തായാലും കണ്ണൻ തരുന്നതല്ലേ, നമു-
ക്കെന്തിനാണിനിയൊരു നിധി വേറെ?
കണിവേറെയെന്തിനാണെന്നു തോന്നിയ്ക്കുമ-
ക്കാറൊളി വർണ്ണനെ കാണാകേണം,
പറയുന്നു മുത്തശ്ശി: കണികാണുകയാണെങ്കിൽ
ഗുരുവായൂരിൽത്തന്നെ കാണേണം!

❖

# ആറ്റുകാലമ്മേ ശരണം

സ്വയം പ്രഭയായ് മാനത്തും താഴത്തും തിളങ്ങുന്ന
സായംസന്ധ്യാ നേരം,
കീർത്തനം പാടിക്കൊ,ണ്ടോളങ്ങൾ ഓടിവരും
കിള്ളിയാറിന്റെ തീരം,
ആ വഴി നടന്നപ്പോൾ എന്നിലും ഉണരുന്നൂ
പേരറിയാത്ത വികാരം!
അന്നേരം ഞാനുറക്കെ പറഞ്ഞുപോയി: എന്റെ
തൃപ്പാദപങ്കജം ശരണം! സ്വയം പ്രഭയായ്....
തരളമാം താളത്തിൽ, രാഗത്തിൽ കാതിൽ
മുഴങ്ങുന്നൂ കണ്ണകിത്തോറ്റം,
എത്ര കേട്ടാലും മതിയെന്നു തോന്നാത്ത
ഏതോ പാട്ടിൻ അരങ്ങേറ്റം,
ചിത്തേ പ്രകമ്പനം കൊള്ളുന്നൂ നിർമ്മല-
ഭക്തിഭാവത്തിൻ വേലിയേറ്റം!
അന്നേരം ഞാനുറക്കെ പറഞ്ഞുപോയി: എന്റെ
ആറ്റുകാലമ്മേ ശരണം! സ്വയം പ്രഭയായ്...
ആ തിരുസന്നിധിയിൽ സാനന്ദം വിരിയുന്നൂ
അഷ്ടദള പത്മത്തിൻ തിളക്കം,
സാന്ദ്രമധുരമായ് ഉയരുന്നൂ, ലളിതാ-
സഹസ്രനാമത്തിൻ മുഴക്കം,
നെയ്ത്തിരി നാളങ്ങൾ കതിരൊളി ചൊരിയും
ദീപാരാധന തൻ തുടക്കം!
അന്നേരം... സ്വയം പ്രഭയായ് മാനത്തും...

# പറയാത്ത കാര്യങ്ങൾ

ഓരോ തവണയും കാണുമ്പോൾ പറയുവാൻ
ഒരുപാട് കാര്യം ഞാൻ ഓർത്തുവയ്ക്കും, അതിൽ
പലതും ഞാൻ ആരോടും അതുവരെ
പറയാത്ത കാര്യങ്ങളായിരിക്കും,
എന്നോ പറയേണ്ടതായിരുന്നു എന്ന
തോന്നലും കൂടെയുണ്ടായിരിക്കും!
എന്നിട്ടും കണ്ണന്റെ മുന്നിലെത്തുമ്പോൾ ഞാൻ
എല്ലാം ക്ഷണത്തിൽ മറന്നുപോകും!
പാവം! എനിയ്ക്കൊന്നും ഓർമ്മയില്ലെന്നൊരു
ഭാവത്തിൽ നടയിൽ പരുങ്ങിനിൽക്കും,
അത്ഭുതം തോന്നും ഇതെത്ര കണ്ടാലുമെൻ
അച്യുതനില്ലൊരു ഭാവഭേദം!
ആൾത്തിരക്കിൽ ഞാനകപ്പെട്ടു പോയ്! ഇന്നും
അരികത്തു വന്നെത്താനായതില്ല,
നിർമ്മാല്യം കണ്ടില്ല, തിരുവാകച്ചാർത്തിന്റെ
നിർവൃതി നുകരാനും സാധിച്ചില്ല
മതിലകത്തൊരിടത്തിരുന്ന് പതിവുള്ള
നാമം ജപിക്കാനും പറ്റിയില്ല,
തീർത്ഥവും പൂവും പ്രസാദവും കിട്ടുമെ-
ന്നാഗ്രഹിച്ചേനതും വിഫലമായി!
മോഹിച്ചതത്രയും സാധിച്ചീലെന്നുള്ളിൽ
ഏറെ വിഷാദമുണ്ടായിരുന്നു,
ഇന്നിത്ര മതിയെന്നതാവാം, അതെന്നുണ്ണി-
ക്കണ്ണന്റെ നിശ്ചയമായിരിക്കാം,
എന്നോർത്തു തിരികെ നടക്കവെ, ഞാനൊരു
പിൻവിളി കേട്ടു തിരിഞ്ഞുനിന്നു,

മധുരും കിനിയും കിളിക്കൊഞ്ചൽ! എൻ കാതി-
ലമൃതം ചൊരിയുകയായിരുന്നു!
കണ്ണിനു കർപ്പൂരമായിട്ടൊരമ്പാ-
ട്ടുണ്ണി നിൽക്കുന്നുമുണ്ടായിരുന്നു!
"ഇന്നെന്താണിങ്ങനെ? പോവുകയാണോ" യെ-
ന്നുണ്ണി വിതുമ്പുന്നുണ്ടായിരുന്നു!
കണ്ടു ഞാൻ ആരോമലുണ്ണി തൻ കുഞ്ഞിക്കൈ-
രണ്ടിലും വെണ്ണയുണ്ടായിരുന്നു,
ദൂരത്തും ചാരത്തും ചുറ്റിലും പരിമളം
തൂവുന്ന കളഭമുണ്ടായിരുന്നു,
ചന്ദനമുണ്ടായിരുന്നു, ഞൊറിവെച്ച
മഞ്ഞത്തുകിലുമുണ്ടായിരുന്നു!
"മോഹിച്ചതല്ലേയിതെല്ലാം? നിനക്കായി
ഞാൻ കൊണ്ടുവന്നതാണെന്ന മട്ടിൽ
ഒരു കള്ളപ്പുഞ്ചിരി, ഒരു കള്ളനോട്ടം! ഞാൻ
അറിയാതെന്നുണ്ണി നിൻ അടിമയായി!
അഴകാർന്ന മന്ദസ്മിതത്തോടെ വനമാലി
മൊഴിയുന്നു കാതിൽ സ്വകാര്യമായി
"കണ്ടില്ല നീയെന്നെയെന്ന ദുഃഖം വേണ്ട,
കണ്ടു ഞാൻ നിന്നെ! യതല്ലോ സത്യം?
വന്നു കാണാത്തോരെപ്പോലും ഞാൻ
അങ്ങോട്ടു ചെന്നു കാണുന്നു നിത്യം..."

❖

# കണ്ണന്റെ പരിഭവം

ഇന്നെന്താണിങ്ങനെ കണ്ണാ? എന്റെ
ഗുരുവായൂരോമനക്കണ്ണാ?
കളിയില്ല, ചിരിയില്ല
പതിവുള്ളോരാക്കള്ള-
നാട്യവും നോട്ടവുമില്ല, പൊ-
ന്നോടക്കുഴൽ വിളിപോലുമില്ല, ഇനിയും
തീരാത്ത പരിഭവം പോലെ
ഇന്നെന്താണിങ്ങനെ കണ്ണാ?
വാലിട്ടു കണ്ണെഴുതീട്ടും, നെറുകയിൽ
നറുമയിൽപ്പീലി ചാർത്തീട്ടും,
അഴകാർന്ന നെറ്റിയിൽ തിലകം, കാതി-
ലിളകിക്കളിയ്ക്കുന്ന മണികുണ്ഡലം, മാറി-
ലാലിലത്താലി, വനമാലയും നല്ല
പാലയ്ക്കാമോതിരം, മഞ്ഞപ്പ,ട്ടരയിലോ-
കിലുകിലെ കിലുങ്ങുന്ന കിങ്ങിണിയും തങ്ക-
ത്തരിവള, കൊഞ്ചുന്ന പൊൻചില,മ്പയ്യയ്യ!
ആരും മയങ്ങുന്ന വേഷം! കണികാണാ-
നാരും കൊതിയ്ക്കുന്ന വേഷം, എന്നിട്ടും
ഇന്നെന്താണിങ്ങനെ കണ്ണാ, എന്റെ
ഗുരുവായൂരോമനക്കണ്ണാ? ഇനിയും
തീരാത്ത പരിഭവം പോലെ!
കൈനിറയെ വെണ്ണതന്നിട്ടും, പൈമ്പാലും
നറുനെയ്യും ഉറതൈരും
മല,രവിൽ പഴങ്ങളും,
പാൽപ്പായസം, നല്ല പാലട, സ്വാദേറും
പഞ്ചാമൃതം, അട, അപ്പവുമിങ്ങനെ

അമൃതേത്തിനെല്ലാം ഒരുക്കിയിട്ടും
ഇന്നെന്താണിങ്ങനെ കണ്ണാ? എന്റെ
ഗുരുവായൂരോമനക്കണ്ണാ? ഇനിയും
തീരാത്ത പരിഭവംപോലെ!
എന്തിനീ പരിഭവം? ഇനിയെന്തുവേണമെ-
ന്നെന്നോടു പറയുകെന്നുണ്ണീ!
മറ്റാരും കേൾക്കയേയില്ല, സ്വകാര്യമായ്
പറയുകെന്നാരോമലുണ്ണീ!
അന്നേരം കണ്ണന്റെ മിഴികൾ തുളുമ്പുന്നു,
മന്ദഹാസത്തിന്നിടയിൽ വിതുമ്പുന്നു,
ഇത്തിരി നാണം, ചോദ്യം: "എനിയ്ക്കേറെ
ഇഷ്ടമാണെന്നറിഞ്ഞിട്ടും
ഇത്രയും വൈകീട്ടും പൂന്താനപ്പാന തൻ-
പൂന്തേൻ ഇന്നെന്തേ തരാഞ്ഞൂ?
പലനാൾ നുകർന്നിട്ടും മതിയെന്നു തോന്നാത്ത
നറുതേൻ ഇന്നെന്തേ തരാഞ്ഞു? എനി-
യ്ക്കിനിയുമിന്നെന്തേ തരാഞ്ഞൂ?"

❖

# ഓടിവരൂ, പാടി വരൂ....

**ക**ണ്ണാ കണ്ണാ കണ്ണാ - നീലക്കാറൊളി വർണ്ണാ
കണ്ണാ കണ്ണാ കണ്ണാ - നീലക്കാറൊളി വർണ്ണാ
ഓടക്കുഴലൂതി നീ ഓടിവായോ-
കളിയാടി കളിയാടി വായോ...
കളിയാടി കളിയാടി വായോ...
കുഞ്ഞിക്കയ്യിൽ തരാം നറുവെണ്ണ,
കണ്ണാ കണ്ണാ കണ്ണാ -
കുഞ്ഞിക്കൈ രണ്ടിലും നറുവെണ്ണ തരാം
ഉറതൈരും പൈമ്പാലും പകർന്നുതരാം,
ഓടക്കുഴലൂതി നീ ഓടിവായോ,
കളിയാടിവായോ
കണ്ണാ കണ്ണാ കണ്ണാ...
കണ്ണാ കണ്ണാ കണ്ണാ...
ഉണ്ണീ നീ ഓമന തിങ്കൾ കിടാവ്
ഉണ്ണീ നീ ഓമന തിങ്കൾ കിടാവ്
ശ്യാമള കോമള താമരപ്പൂവ്;
മാനസ പൂവിലെ മധുവും നീയേ,
ആ മധു നുകരുന്ന മധുപനും നീയോ
ഓടക്കുഴലൂതി.
അനുരാഗ നവനീതം ഞങ്ങളൊരുക്കി
നിനക്കു നുകരാൻ മാത്രമല്ലോ
കാളിന്ദീ തീരത്ത് നീലക്കടമ്പ്
കാത്തിരിപ്പൂ നിന്നെ പുണരാനായി;
ഓടക്കുഴലൂതി...
ത്രിഭുവന സുന്ദരം നിന്റെ നർത്തനം
ദ്രുത ചടുലം അതിമോഹനം

പാടുക പാടുക രാഗവിലോലാ, നിൻ-
മോഹന മുരളിയിൽ പ്രണയഗീതം
മോഹം അന്നും ഇന്നും കണ്ണാ നിൻമേനിയിൽ
കുറുമൊഴിമുല്ലയായി പടരാനായ്,
ശ്രീ വത്സം ചൂടുന്ന തിരുമാറിലെന്നും
ഒരു വനമാലയായി മയങ്ങേണം
അമ്പാടിക്കണ്ണനെന്നും പൈമ്പാൽ ചുരത്തും
നന്ദിനിപ്പയ്യായ് പിറക്കേണം.
ഇനിയൊരു ജന്മമുണ്ടെങ്കിൽ കണ്ണാ നിൻ
കളിതോഴിമാരായി ജനിക്കേണം.

❖

# രാധാമാധവം

കൃഷ്ണ കൃഷ്ണാ ഹരേ കൃഷ്ണ / കൃഷ്ണാ ജയ കൃഷ്ണ
കൃഷ്ണാ ഹരേ, ഹരികൃഷ്ണാ....
അടിമുടി അഴകിനും അഴകായ് അനുപമ-
കളരവ മധുരിമ  പൊഴിയും മുരളിക,
തെരുതെരെ മിഴികളിൽ ഉണരും കതിരൊളി,
കാൽത്തള, കൈവള, കനകക്കിങ്ങിണി,
ചന്ദന ചർച്ചിത നീലകളേബര, സുന്ദര, വരികരികേ,
നടനസുധാലയ ലഹരി പകരുക നീ
ജയ ജയ കൃഷ്ണാ...

രാഗോന്മാദിനി കാമിനി യമുന
മാടിവിളിക്കുന്നു മാധവ നിന്നെ...
അനുരാഗലോലാ, വേണുവിലോലാ
പകരൂ പകരൂ നാദമരന്ദം;
ആലംബം ഞങ്ങൾക്കെന്നും
കണ്ണാ നിന്നുടെ പാദാരവിന്ദം,
കാറൊളി വർണ്ണാ, വാ, വാ,
ഗോപവധൂജന മാനസ ചോരാ,
വൃന്ദാവന സഞ്ചാരി, മുകുന്ദാ
ഗോവർധനഗിരിധാരി, മുരാരേ
കമലവിലോചന, കദനവിനാശന
നാരദ  വന്ദിത, നാരായണ ഹരി
ജയ ജയ കൃഷ്ണാ...

ഹേ, നന്ദലാലാ, രാഗവിലോലാ
ഓടി വരൂ എന്നരികേ...
കുളിരണിത്തെന്നലിൻ, നീലനിലാവിൽ
തുടരൂ തുടരൂ നിൻ നടനം

കാണേണം ഞങ്ങൾക്കെന്നും
കാർവർണ്ണാ നിൻ കളിയാട്ടം
വൈകരുതരുതേ വാവാ...
നന്ദമുകുന്ദ, നവനീത ചോരാ
സുന്ദര, രാധാവദനചകോരാ,
യമുനാതീര വിഹാരി മുരാരേ...
ജയ ജയ കൃഷ്ണാ...

ശ്രിതജന രഞ്ജന, ഹേ, മധുസൂദന,
കന്മഷ നാശന പാഹി മുകുന്ദാ
കമലാവല്ലഭ! നന്ദകിശോരാ,
പീതാംബരധര, രാധാ രമണാ
കരുണാസാഗര കൃഷ്ണ മുരാരേ,
ജയ ജയ ജയ ജയ കൃഷ്ണാ....

❖

# കണ്ണനൊരു താരാട്ട്

ആരോമ,ലമ്പാടിക്കണ്ണാ, കാർവർണ്ണാ
ചായുറങ്ങ്, ഇനി ചായുറങ്ങ്;
എന്റെ മനസ്സിൽ നിനക്കായ് ഒരുക്കിയ
ചന്ദനത്തൊട്ടിലിൽ ചായുറങ്ങ്
രാരീരോ രാരിരാരോ
രാരാരോ രാരിരാരോ (ആരോമ...)

തോളിലെടുത്തു നടക്കാം, ഞാൻ ഇന്നും
പാടിത്തരാം ഒരു താരാട്ട്,
ഈരടിയില്ലാതെ ഈണങ്ങളില്ലാതെ
പാടിമറന്ന പഴമ്പാട്ട്ആ
രാരീരോ രാരിരാരോ
രാരാരോ രാരിരാരോ! (ആരോമ...)

നന്ദകിശോരാ നിനക്കുതരാം ഞാൻ
മതിവരുവോളം പൈമ്പാല്,
ആലിലക്കണ്ണന് നൽകാം, വേറെ
ആർക്കും കൊടുക്കാത്തോരൂഞ്ഞാല്!
രാരീരോ രാരിരാരോ
രാരാരോ രാരിരാരോ! (ആരോമ...)

അമ്പിളിക്കിണ്ണത്തിൽ വെണ്ണതരാം, എന്റെ പൊ–
ന്നമ്പാടുണ്ണീ ചായുറങ്ങ്,
തപ്പോ തപ്പോ തപ്പാണീ, എന്റെ
താമരക്കണ്ണാ ചായുറങ്ങ്!
രാരീരോ രാരിരാരോ
രാരാരോ രാരിരാരോ!

❖

# ആരാ,ണാരാണ്

**കാ**ള്ളക്കണ്ണാ നിൻ കവിളത്തെ നുണക്കുഴി
കിള്ളി വിടർത്തിയതാരാണ്? മെല്ലെ
നുള്ളിയെടുത്തതും ആരാണ്?
ഗോപികമാരാണോ?
ഗോപാലബാലരാണോ?
അവരൊന്നുമല്ല, നിൻപ്രിയ സഖി രാധ
ആരാരും അറിയാതെ ചെയ്തതാണോ?
(കള്ളക്കണ്ണാ...)

കണ്ണാ നിൻ കവിളത്തും
ചൊടിയിലും മുടിയിലും
എങ്ങിനെ വന്നൂ സിന്ദൂരം, അമ്പാടി-
പ്പെൺകൊടിമാരണിയും സിന്ദൂരം?
കാറ്റിന്റെ പണിയാണോ? കളി-
ക്കൂട്ടരൊപ്പിച്ചകെണിയാണോ?
അവയൊന്നുമല്ല, നിൻ പ്രിയസഖി രാധ
കെട്ടിപ്പിടിച്ചുമ്മവെച്ചതാണോ? (കള്ളക്കണ്ണാ..)

ശീലക്കേടുകൾ കാട്ടും നിനക്കൊരു
ഓടക്കുഴൽ തന്നതാരാണ്? പൊ-
ന്നോടക്കുഴൽ തന്നതാരാണ്?
ഇളമുളങ്കാടാണോ? മുള-
ങ്കാട്ടിലെ കുയിലാണോ?
അവയൊന്നുമല്ല നിൻ അകതാരിൽ ശ്രുതിമീട്ടും
ആദിനാദബ്രഹ്മം തന്നെയാണോ? (കള്ളക്കണ്ണാ...)

ചായുറങ്ങാൻ വേണം ചുടുപാല്,
ഉണർന്നാലും വേണം നറും പാല്,
മുന്നാഴി നാനാഴി പൈമ്പാല്!
ശീലക്കേടായതാണോ? ഇതു നീ
ശീലിച്ചു പോയതാണോ?
അല്ലല്ല,യെപ്പോഴും പാൽക്കടലിൽത്തന്നെ
പള്ളികൊള്ളുന്നതു കൊണ്ടാണോ?

❖

# മനസ്സിനകത്തോ , അരങ്ങത്തോ?

"എന്റെ മകൻ ഉണ്ണികൃഷ്ണനെ
കൃഷ്ണാട്ടത്തിൽ ചേർക്കേണം;
കൃഷ്ണാട്ടത്തിൽ ചേർത്താൽ പോരാ
കൃഷ്ണൻതന്നേ കെട്ടേണം;
കൃഷ്ണൻതന്നേ കെട്ടിയാലും പോരാ
കാളിയമർദ്ദനമാടേണം!"
എന്നോ കേട്ടുമറന്നൊരീയീരടി
ഇന്നും കാതിൽ മുഴങ്ങുന്നൂ,
മുത്തശ്ശിയമ്മ ചിരിക്കുമ്പോൾ ഞാനിതാ
പെട്ടെന്നൊരുണ്ണിയായ് മാറുന്നൂ!
അമ്പലമതിലകത്തെത്തുമ്പോൾ
ആൾത്തിരക്കിൽ വലം വയ്ക്കുമ്പോൾ
കണ്ണും കാതും ഇടംവലം തേടുന്നു
കണ്ണാ, നിന്നുടെ കൃഷ്ണനാട്ടം!
അന്തിച്ചുകപ്പിലെന്നകതാരിൽ
വർണത്തിരശ്ശീല തെളിയുന്നൂ,
നോക്കുന്നിടത്തൊക്കെ ചുണ്ടപ്പൂവണി-
നക്ഷത്രക്കണ്ണുകൾ വിടരുന്നു!
കുട്ടിത്തം മാറാത്തോരമ്പിളിപ്പൂങ്കുല
ചുട്ടികുത്താനായ് ഇരിയ്ക്കുന്നൂ,
തൽക്ഷണം ഓർമ്മയിൽ, ചാരത്തുമൊരുപോലെ
പച്ചമനോല മണക്കുന്നു
ഇന്നു നീയേറെ വളർന്നേ പോ-
യെന്നോതും നേരിൻ മടുപ്പോടെ,
പെരുകുന്ന തീരാത്തിരക്കോടെ,

ജരനര ചൂഴും മനസ്സോടെ
അമ്പലമതിലകത്തെത്തുമ്പോൾ
ആൾത്തിരക്കിൽപെട്ടു പോകുമ്പോൾ
ഇന്നുമെൻ മിഴികൾ തെരുതെരെ തേടുന്നു
കണ്ണാ നിന്നുടെ കൃഷ്ണാട്ടം!
അന്തിക്കു കേളി മുഴങ്ങുമ്പോൾ,
അണിയറക്കോപ്പുകൾ ഉണരുമ്പോൾ,
എപ്പോഴും മോഹം ചിറകടിച്ചാർക്കുന്നു;
ഇന്നും കാണണം കൃഷ്ണാട്ടം!
അത്താഴപ്പൂജ കഴിയുമ്പോൾ,
ആട്ടവിളക്കു തെളിയുമ്പോൾ,
എന്നുള്ളിലാരോ തിടുക്കം കൂട്ടുന്നു;
എന്തേ തുടങ്ങാത്തു കൃഷ്ണാട്ടം!
വേദിയിൽ താളം കൊഴുക്കുന്നു
വാദ്യഘോഷങ്ങൾ തിമർക്കുന്നൂ,
ആടകൾ ചാർത്തിയണയുന്ന വേഷങ്ങൾ
ചേലെഴും തോടയും ആടുന്നൂ!
എത്ര ഞാൻ കണ്ടതാണെന്നാലും
എത്രയോ കേട്ടതാണെന്നാലും
ആദ്യമായ്ക്കാണുന്നപോലെ തോന്നുന്നു
അമ്പാടിക്കണ്ണാ നിൻ കൃഷ്ണാട്ടം!
കാട്ടിൽക്കയറി കളിക്കുമ്പോൾ,
ആറ്റിലിറങ്ങി കുളിക്കുമ്പോൾ
കാലികളോടൊത്തു മേളിക്കുമ്പോൾ
കാളിയമർദ്ദനമാടുമ്പോൾ
മുല്ലപ്പൂ ചുറ്റി കളിക്കുമ്പോൾ,
മല്ലന്മാരെ ക്ഷണം കൊല്ലുമ്പോൾ,
എന്നകതാരിലും ആടിത്തിമർക്കുന്നു
എന്നുണ്ണിക്കണ്ണാ നിൻ കൃഷ്ണാട്ടം!

ദൂരെ ഞാൻ പാടുപെടുമ്പോഴും
ചാരത്താണെന്നേ തോന്നുന്നൂ,
കൺമുന്നിലങ്ങനെ മിന്നിത്തിളങ്ങുന്നു
എന്നോ കണ്ടോരു കൃഷ്ണാട്ടം!
കണ്ണിലിരുട്ടു നിറഞ്ഞാലും
കണ്ണീരാലെല്ലാം മറഞ്ഞാലും
എന്നും കാണണമെന്നേ മോഹം
എന്നുണ്ണിക്കണ്ണാ നിൻ കളിയാട്ടം!

❖

# വൃന്ദാവനത്തിൽ

**പൂ**ത്തുലഞ്ഞു പൂത്തുലഞ്ഞു വൃന്ദാവനം നീളെ
പൊന്നോമന കണ്ണന്റെ ജന്മദിനം നാളെ;
കാടും, മേടും കയ്യിലേന്തി തങ്കമലർത്താലം
താലങ്ങളിൽ ഒളിചിതറി പുലരിതൻ തിരിനാളം!
പൂത്തുലഞ്ഞു...
തോഴിമാരേ, മാൻമിഴിമാരെ
വേഗം പോരൂ പോരൂ
താമരക്കണ്ണനെ പാടി ഉണർത്താൻ
തേൻമൊഴിമാരെ പോരൂ...
ഗീതഗോവിന്ദമരന്ദം തൂവും
സോപാനഗാനം പാടാം
ആലിലക്കണ്ണനെ കൺനിറയെ
കണ്ടുനിർവൃതി നേടാം.
പൂത്തുലഞ്ഞു...
ദൂരെ ദൂരെ കാനനച്ചോല
മാടിവിളിക്കുന്നു പോകാം.
നീരദ വർണ്ണന് നീരാടേണം
കൂടെ നമുക്കും പോകാം.
കണ്ണനാമുണ്ണി എന്നും നമ്മുടെ
കണ്ടാൽ ആരും കൊതിയ്ക്കും മട്ടിൽ
അലങ്കരിക്കാൻ കൂടാം.
കണ്ണിലുണ്ണിയല്ലോ!
മഞ്ഞലയിൽ മുങ്ങികുളിക്കും
തൈമണിക്കാറ്റേ വായോ,
കണ്ണനു ചാർത്താൻ പച്ചിലക്കുമ്പിളിൽ
കളഭചന്ദനം തായോ;

കുറുനിരകൾ ഇളകിയാടും
തിരുമുടിയിൽ ചാർത്താൻ
മാരിവില്ലേ, ഞങ്ങൾക്കിത്തിരി പീലിക്കതിരുകൾ തായോ,
പൂത്തുലഞ്ഞു
കറുകറുപ്പിൽ അഴകാർന്ന
മഴമുകിലേ വായോ
അമ്പാടിയുണ്ണിക്കു കണ്ണെഴുതാൻ
ഇത്തിരി അഞ്ജനം തായോ,
മന്ദം മന്ദം ഇതൾ നീർത്തും
പുലരൊളിയേ നിന്നാട്ടെ
കണ്ണനുടുക്കാൻ നീ ഞൊറിഞ്ഞ
പട്ടുടയാടകൾ തന്നാട്ടെ.
പൂത്തുലഞ്ഞു...
മാനത്താകെ പരന്നൊഴുകും
പൂനിലാവേ നിന്നാട്ടെ
അമ്പിളിക്കിണ്ണത്തിൽ കണ്ണനുണ്ണിയ്ക്ക്
തൂവെണ്ണ തന്നാട്ടെ.
പാലുവേണം, തൈരുവേണം
തിരുമധുരം വേണം,
മാമുണ്ണും നേരത്ത് ചങ്ങാതിയായൊരു
കുറിഞ്ഞിപൂച്ചയും വേണം
പൂത്തുലഞ്ഞു...
ഓർക്കുമ്പോൾ ഓർക്കുമ്പോൾ
ഉൾക്കണ്ണിൽ കാണേണം നിന്നെ;
മറ്റൊന്നും പ്രാർത്ഥിക്കാൻ ഇല്ല,
മറക്കരുതേ എന്നെ!
മതിലകത്തെ മൺതരിയിലും
നീ തൂകും കാരുണ്യം.
അരുളേണം ഞങ്ങൾക്കതേ-

ജന്മ ജന്മാന്തരപുണ്യം.
പൂത്തുലഞ്ഞു...
ഉണരുണര് നന്ദകിശോരാ
മതി മതി നിൻമയക്കം,
തുയിലുണർ, അരുതരുതേ
ഇനിയും നിൻ പിണക്കം
നാളെയാണ്, നാളെയാണ്
അഷ്ടമി രോഹിണി നാള്,
കൺമുന്നിൽ സുകൃതമായി നീ
അവതരിച്ച നാള്...
പൂത്തുലഞ്ഞു...

❖

# എന്റെ ഉണ്ണിക്കണ്ണനോട്

ഗുരുവായൂരോമനക്കണ്ണാ അന്യോന്യം
ഒരുനേരം പോലും കാണാതെ
പലതുണ്ട് പറയുവാൻ, എന്നാൽ മുന്നേപ്പോലെ
ഒരുവാക്കും പറയുവാനാവാതെ,
ഉള്ളു പിടിക്കുന്ന ദിവസങ്ങൾ ഓടുന്നൂ
ഉദയാസ്തമയങ്ങൾ അറിയാതെ!
ഇതുവരെയില്ലാത്തോരനുഭവം! ഈ മഹാ-
ദുരിതം, ദുരന്തം, പിഴച്ച കാലം!
അകലെയായല്ലോ മതിലകം! അതിനേക്കാൾ
അകലെയായല്ലോ ചുറ്റമ്പലം!
പിന്നെയും അകലെയായ് നാലമ്പലം! സാക്ഷാൽ
പൊന്നിൻ ശ്രീകോവിലും അകലെത്തന്നെ!
ഭയമേറിടുന്നൂ; ഇവിടെയില്ലെങ്കിൽ പി-
ന്നഭയം അടിയങ്ങൾക്കെവിടെയാണ്?
ഉഷനൈവേദ്യം ഒരു നിമിഷം വൈകിയാൽ
ഉടനേ നിൻ കിങ്ങിണിയൂർന്നുവീഴും!
ചേലൽപ്പം പോരെന്നു തോന്നിയാൽ മതി, യാ-
പ്പീലിക്കിരീടം അഴിഞ്ഞുവീഴും!
ഉരലിന്മേൽക്കെട്ടിയിട്ടാലും നീ മറ്റാരും
അറിയാതെ, ദൂരേയ്ക്കുരുണ്ടു പോകും!
കള്ളനാട്യങ്ങളാണെന്നാലു മതിനൊരു
കൗതുകമുണ്ടായിരുന്നുവല്ലോ!
ഇന്നോ? ഇതൊന്നുമേയില്ലാതായ്! അരികത്തു-
വന്നൊന്നു കാണാനും വയ്യാതായി!
അഴകാർന്ന ശീവേലിയെഴുന്നള്ളിപ്പും, നാമ-
ജപഘോഷം, സപ്താഹയജ്ഞങ്ങളും,

കുട്ടിക്കളി വിട്ടുമാറാത്ത ആരോമ-
ലുണ്ണിക്കിടാങ്ങൾ തൻ ചോറൂണും,
എത്ര കണ്ടാലും മതിയെന്നു തോന്നാത്ത
കൃഷ്ണനാട്ടത്തിലെ മഹിതരംഗങ്ങളും,
ആനയോട്ടം മുതൽക്കോരോ മനസ്സിലും
ആടിത്തിമർക്കുന്ന ഉത്സവകാലവും
കോടക്കാർ വർണ്ണാ! അടിയങ്ങൾക്കിനിയെല്ലാം
ഓർമ്മയിൽ മാത്രമായെന്നുണ്ടോ?
അനുപമം നിർമ്മാല്യദർശന നിർവൃതി
തിരുവാകച്ചാർത്തിന്റെ യേഴഴകും!
എല്ലാം ഓർമ്മകൾ മാത്രമായ്ത്തീരുമോ?
എന്നുണ്ണിക്കണ്ണാ അരുതരുതേ, എന്റെ
പൊന്നുണ്ണി മുത്തേ! അരുതരുതേ!

❖

# ഒരേയൊരു ആലംബം

ആരാരുമില്ലാത്തവർക്കെന്നും എപ്പോഴും
ആലംബം കണ്ണനാം ഉണ്ണീ, എന്റെ
ആലിലക്കണ്ണനാം ഉണ്ണി,
അളവറ്റ കാരുണ്യം വാരിച്ചൊരിയുന്നു
മരതക മണിവർണ്ണനുണ്ണി, എന്റെ
ഗുരുവായൂരമ്പാടിയുണ്ണി! (കോറസ്)

അഞ്ജനാ ശ്രീധരാ ചാരുമൂർത്തേ കൃഷ്ണാ
അഞ്ജലി കൂപ്പി ഞാൻ കൈതൊഴുന്നേൻ;
കരുണ ചെയ്യാനിനി താമസമരുതേ, എൻ-
കാറൊളി വർണ്ണാ, ഞാൻ കൈതൊഴുന്നേൻ!
മാനത്ത് വിരിയുന്ന വാർമഴവില്ലിൽ നിൻ-
പ്പീലിത്തിരുമുടി കാണേണം,
മിന്നൽ പിണരിന്നൊളിയിൽ നിൻ മണി-
കുണ്ഡലശോഭയും കാണേണം; (കോറസ്)

കാട്ടിൽ, ഇളംകാറ്റിൽ പാട്ടിൽ ഞാൻ നിന്നുടെ
ഓടക്കുഴൽ വിളി കേൾക്കേണം,
പൈങ്കിളി കൊഞ്ചൽ എനിക്കെപ്പോഴും നിന്റെ
തേനൂറും മൊഴികളായ് തോന്നേണം.
കാട്ടാറിൻ പൊട്ടിച്ചിരിയിലെൻ കണ്ണന്റെ
കാൽച്ചിലമ്പൊച്ച ഞാൻ കേൾക്കേണം (കോറസ്)

സപ്തസ്വര രാഗവിജ്ഞാനമില്ലാതെ,
താളങ്ങൾപോലുമറിയാതെ,
“അഗ്രേപശ്യാമി” യെന്നു ഞാൻ നടയിൽ
ഗദ്ഗദത്തോടെ പാടുമ്പോൾ,
അൻപോടരികത്തുവരണം, കാർവർണ്ണാ
എന്നെ നീ കാത്തരുളേണം! (കോറസ്)

❖

# ഈ തിരുനടയിൽ...

**ഈ** നടയിൽ പലവട്ടം പ്രാർത്ഥിച്ചു തൊഴുതിട്ടും
ഇതുവരെയും മതിയെന്നു തോന്നീട്ടില്ല;
അഴകൊഴുകും ദേവിയെ കൺനിറയെ കണ്ടിട്ടും
അടിയനു കൊതിയിനിയും തീർന്നിട്ടില്ല! (കോറസ്)

കാവിലമ്മേ തൊഴാം കാവിലമ്മേ
പാറമേക്കാവിൽ വാഴുമമ്മേ!
പാവമെന്നുടെ പ്രാർത്ഥനയൊന്നുമേ
പാഴായിപ്പോകല്ലേ കാവിലമ്മേ!
എത്രയോ നന്നായി പാടിയാലും ഇന്നും
അത്രപോരെന്നേ തോന്നാറുള്ളൂ
അതിനാൽ പുതുമകൾ പൂത്തുലയും ഈരടികൾ
പലതും പാട്ടീട്ടേ പോരാറുള്ളൂ! (കോറസ്)

പാഹിമാം പാഹിമാം കാവിലമ്മേ
പാറമേക്കാവിൽ വാഴുമമ്മേ!
ആധികൾ വ്യാധികൾ തീർത്തുകൊണ്ടവിളംബം
ആയുരാരോഗ്യം അരുളുകമ്മേ!
ചെമ്പട്ടും താലിയും നടയിൽ സമർപ്പിച്ച്
കുമ്പിട്ടു തൊഴുതു വണങ്ങുമ്പോഴും
മംഗല്യത്താലി മോഹിയ്ക്കും- മനസ്സിലെ
സങ്കടം പറയാൻ മറക്കാറില്ല!
പാലയ, പാലയ! കാവിലമ്മേ
പാപത്രയം തീർത്തു തരികെന്നമ്മേ!
ഓർക്കാപ്പുറത്തു വന്നെത്തും ദുരിതങ്ങൾ
തീർക്കുവാൻ സദയം കനിയുകമ്മേ!

ഉണ്ണിക്കിടാവിന് അരയിൽക്കെട്ടാനൊരു
പൊന്നേലസ്സ് തരികെന്നമ്മേ;
ആ മണിച്ചുണ്ടിൽ ആദ്യാക്ഷരത്തിന്റെ
തേനും വയമ്പും നൽകുകമ്മേ! (കോറസ്)
കാരുണ്യശാലിനി! കന്മഷനാശിനി!

അന്നപൂർണ്ണേശ്വരി! കൈതൊഴുന്നേൻ;
കൈവല്യദായിനി! ദേവീ, ശിവപ്രിയേ
കേശാദിപാദം കൈതൊഴുന്നേൻ!
നട്ടുച്ചനേരത്തും ഇവിടെ നൽക്കുളിർ-
കാറ്റാ,ണതമ്മതൻ വാത്സല്യം;
സത്യത്തി,ലിതുതന്നെയാണല്ലൊ ഏതൊരു
ഭക്തനും മോഹിയ്ക്കും സാഫല്യം! (കോറസ്)

ഈ തിരുനടയിൽ വന്നാല്,
ഇടനെഞ്ഞുപൊട്ടിക്കരഞ്ഞാല്
തീരാത്ത ദുഃഖങ്ങളില്ലല്ലോ,
തോരാത്ത കണ്ണീരുമില്ലയല്ലോ!
മൗനങ്ങളെപ്പോലും ധന്യമാക്കും സാമ-
ഗാനപ്രഭാവമാണെന്നമ്മ;
സങ്കീർത്തനങ്ങളിൽ, രാഗങ്ങളിൽ, ആദി-
സങ്കരപ്രഭവവുമാണമ്മ!

❖

# ഗജേന്ദ്രമോക്ഷം വീണ്ടും

ശ്യാമസുന്ദര! ഹാ വിട്ടു
പോയോ നിൻ ശിവസുന്ദരൻ?
വിശ്വസിക്കാനാവുന്നീ-
ലല്ലോ കാരുണ്യവാരിധേ!
കൊമ്പനാനകളിൽ മുമ്പൻ,
വമ്പൻ! ഗജകുലോത്തമൻ
നിനക്കുൾപ്രിയമേറുന്ന
തോഴനായി വളർന്നവൻ
നിൻ ദാസൻ! ആ ശിരസ്സിൽ
നിൻ തിടമ്പേറ്റി നിന്നവൻ,
ഏറെ നാളായ് നിന്നെ മാത്രം
ഉപാസിച്ചു നടന്നവൻ
പേരും പെരുമയും ഭക്ത-
വാത്സല്യാമൃതതീർത്ഥവും
നടയ്ക്കൽ നിന്നു തുമ്പിക്കൈ-
നീട്ടിക്കാട്ടി സ്തുതിച്ചവൻ.
ഏതു പൂരത്തിനായാലും
പോകും മുമ്പിവിടെ വരും,
പ്രാർത്ഥിക്കും കണ്ണനോ, “ടെന്റെ
കൂടെയുണ്ടാവണേ ഹരേ...”!
ഏതോ വനത്തിൽ മുജ്ജന്മ-
സുകൃതംപോലെ വന്നുപിറന്നു നീ,
കണ്ണനാമുണ്ണിതൻ കണ്ണി-
ലുണ്ണിയായി വളർന്നു നീ!
ഒന്നാമനായി നിന്നു നീ
ഏതു പൂരപ്പറമ്പിലും

ആ തലപ്പൊക്കവും കൊമ്പിൻ-
അഴകും നിത്യവിസ്മയം!
തിടമ്പേറ്റി പ്രൗഢിയോടെ
നിൽക്കും നിൻ നില കാണുകിൽ
ആരാധകർ അണപൊട്ടി
അലച്ചാർക്കുന്നിതെങ്ങുമേ!
എത്രപേർക്കുണ്ട് ഇമ്മട്ടിൽ
ആഢ്യത്വം, ആഭിജാത്യവും
കാണെക്കാണെ കൊതിപ്പിക്കും
ആനച്ചന്തമനോപമം!
ആനക്കൂട്ടത്തിൽ പെണ്ണായി-
പ്പിറന്നോരപ്സരസ്സുകൾ
ഇന്നുമി,ല്ലെങ്ങുമേ നിന്നെ
സ്വപ്നം കാണാത്ത രാത്രികൾ!
യദൃച്ഛയാ കൃഷ്ണ സാന്നിദ്ധ്യം
തേടി വന്നവനല്ല നീ,
നിന്നെക്കണ്ടിട്ടു മോഹിച്ചു
കണ്ണൻ! സത്യമതല്ലയോ?

* * *

ശ്രീലക,ത്തന്നു ദീപങ്ങൾ
മങ്ങിക്കത്തുന്ന മാതിരി;
പാവം കണ്ണന്റെ മിഴികൾ
ഈറനായ്ത്തീർന്നിരുന്നുവോ?
അന്നുഷഃപൂജ നേരത്തും
അലങ്കാരം ചാർത്തിടുമ്പൊഴും
പലവട്ടം കേട്ടുപോലും
മേൽശാന്തിയൊരു ഗദ്ഗദം!

❖

# നുണ വലിയ നുണ

ആരേ പറഞ്ഞതെൻ കണ്ണാ, നിനക്കിന്ന്
തീരേ ഭംഗി പോരെന്ന്?
പതിവുപോലെ നിൻ കളിത്തോഴിമാർ ഇന്ന്
അണിയിച്ചൊരുക്കീല എന്ന്, എന്നാൽ
ആരേ പറഞ്ഞതെൻ കണ്ണാ, നിനക്കിന്ന്
തീരേ ഭംഗി പോരെന്ന്? (ആരേ...)

നേരുപറയട്ടെ; മുത്തേ നിന്നെക്കാണാൻ
ഏറെയുണ്ടിന്നൊരു ഭംഗി,
ഒരു നിമിഷ,മൊരു നോക്കു കാണേണ്ടതാമസം
ആരും മയങ്ങുന്ന ഭംഗി! എന്നിട്ടും
ആരേ പറഞ്ഞതെൻ കണ്ണാ, നിനക്കിന്ന്
തീരേ ഭംഗി പോരെന്ന്? (ആരേ...)

ഉള്ളം കുളിർക്കുവാൻ നിൻചുണ്ടിൽ വിരിയുന്ന
കള്ളച്ചിരി ഒന്നു പോരേ?
കൊടിയ ദുഃഖങ്ങളും അകലുവാൻ നിന്റെയാ-
കപട നോട്ടം മാത്രം പോരേ? എന്നിട്ടും
ആരേ പറഞ്ഞതെൻ കണ്ണാ, നിനക്കിന്ന്
തീരേ ഭംഗി പോരെന്ന്? (ആരേ...)

നിൻ തിരുമുടിയിലെ പീലിതന്നഴക്
ആയിരം മഴവില്ലിനുണ്ടോ?
അരയിൽ ചാർത്തുമപ്പട്ടിന്റെ അഴക്
തരുണാർക്ക കിരണങ്ങൾക്കുണ്ടോ? എന്നിട്ടും
ആരേ പറഞ്ഞതെൻ കണ്ണാ, നിനക്കിന്ന്
തീരെ ഭംഗി പോരെന്ന്? (ആരേ...)

നിൻ മണിച്ചുണ്ടൊന്നു ചുംബിച്ചാൽ പാഴ്മുളം
തണ്ടിലും സപ്തസ്വര പ്രവാഹം;
ആരോമലുണ്ണി നീ വെറുതെ നടന്നാലും
അതിനുമുണ്ടഴകാർന്ന നൃത്ത ഭാവം! എന്നിട്ടും
ആരേ പറഞ്ഞതെൻ കണ്ണാ, നിനക്കിന്ന്
തീരേ ഭംഗി പോരെന്ന്? (ആരേ...)

ആലോല നീലമിഴികൾ തൻ ഭംഗി ഇ-
ന്നാകാശനീലിമയ്ക്കുണ്ടോ-
ആ ബാലഗോപാല വേഷ ഭംഗി, ഓർത്താൽ
ഈരേഴുലകിലുമുണ്ടോ? എന്നിട്ടും
ആരേ പറഞ്ഞതെൻ കണ്ണാ, നിനക്കിന്ന്
തീരേ ഭംഗി പോരെന്ന്? (ആരേ..)

❖

# നവകം

(ഒന്ന്)

പാടിപ്പാടി നടന്നു ഞാൻ പലദിനം
നിൻ നാമസങ്കീർത്തനം;
തേടിത്തേടിയലഞ്ഞു രാപ്പകൽ ഭവ-
ന്മന്ദസ്മിതാർദ്രാനനം;
ഓടിപ്പോയിയൊളിച്ചതെങ്ങു ഭഗവൻ
നീ രുക്മിണീഹൃത്തിലോ,
കോടിച്ചേലയഴിഞ്ഞ രാധിക മയ-
ങ്ങീടും നികുഞ്ജത്തിലോ?

(രണ്ട്)

ഉറ്റോരു,ണ്ടുടയോരുമു,ണ്ടെവിടെ ഞാൻ
ചെന്നാലുമന്നേരമെൻ-
ചുറ്റും നിന്നു വണങ്ങി വായ്ക്കുരവയാൽ
വാഴ്ത്തുന്നു നാരീജനം!
തുറ്റായ് വായിലഹംകൃതിക്കു മുതല-
പ്പല്ലു,ണ്ടറിഞ്ഞീല ഞാൻ:
മറ്റാരും തുണയില്ലെനിക്കു ഗുരുവാ-
യൂരപ്പ! നീയെന്നിയേ!

(മൂന്ന്)

മൂടിക്കെട്ടിയ മട്ടിലാണു മനമെ-
പ്പോഴും; നറും പൂക്കൾ പോയ്
നേടിക്കെട്ടിയ മാല നിൻ നടയിലേ
വെക്കാമെനിക്കാദരാൽ;
പാടില്ലമ്പലവാസിയാമിവനു നിൻ-
കോടക്കരിഞ്ചായലിൽ-

ച്ചൂടിക്കുന്നതിനിന്നും; എന്നു മുതലീ-
ജാതിക്രമാതിക്രമം?

**(നാല്)**

ഉൾക്കണ്ണാൽക്കണ്ട നേരം കദനമഖിലവും
കണ്ണ! ഞാൻ വിസ്മരിച്ചേൻ;
തൃക്കൈ നീട്ടീട്ടു നിന്നോരളവിലൊരു കുറൂ-
രമ്മയായ് വെണ്ണ വെച്ചേൻ
ഉച്ചത്തിൽപ്പാടിയാടിത്തിരുവുടൽ തഴുകും
മീരയായ് മാറി, ഞാന-
ന്നർപ്പിച്ചേനെന്നെ നിൻ നീൾമിഴിയിണ വഴിയും
നൽക്കൃപാസാഗരത്തിൽ!

(അഞ്ച്)

അമ്പാടിപ്പെതലായ് വ,ന്നിളയുടെ വിഷമൂ-
റുന്നൊരപ്പോർ മുലക്ക-
ണ്ണമ്പാതേ മുത്തിമുത്തിച്ചെറുചിരി ചൊരിയും
മുഗ്ധബാലസ്വരൂപം
എൻപാഴ്ക്കണ്‍ കാണ്മതെന്നാണിനി, യൊരു നവജ
ന്മത്തിലോ, നിൻ കടക്കൺ-
തുമ്പാർന്നെന്നും തുടിക്കും കരുണയുടെ പെരും-
കോവിലിൻ ശ്രീലകത്തോ?

(ആറ്)

മഞ്ചാടിക്കുരു വാരി നിൻ മതിലക-
ത്തേറെ ത്തെറിപ്പിച്ചു ഞാൻ,
മഞ്ജീരധ്വനിയൊത്തു നൽക്കളിയര-
ങ്ങിൽത്തത്തി മേളിച്ചു ഞാൻ,
മന്ദസ്മേര മുഖത്തു പാൽപ്പതയുണ-
ങ്ങും മുമ്പു കൈകൂപ്പിനേൻ:
മണ്ടിപ്പാഞ്ഞു വരാത്തതെന്തു മണിവർ-
ണ്ണാ നീ കളിക്കുട്ടനായ്?

(ഏഴ്)

എന്നന്തഃകരണത്തിലെ ത്തളികയിൽ
ത്തൂവെണ്ണയി, ല്ലെപ്പൊഴും
കന്നൽക്കാറൊളിയാർന്ന നിന്നെയണിയി-
ക്കാനില്ല പീതാംബരം,
പൊന്നോടക്കുഴലില്ല, യൊമ്പതു തുള-
ഞ്ഞുണ്ടാം മുളന്തണ്ടു ഞാ-
നെന്നാലെ, ന്നരികത്തു വന്നു കളിയാ-
ടീടുന്നു മണ്ണുണ്ണി നീ-

(എട്ട്)

ദൂരെക്കണ്ടോരു നേരം സഖിയുടെ കരവും
വിട്ടു നീയോടി വന്നൂ;
ചാരത്തെത്തിപ്പുണർന്നൂ; മിഴിയിണ പതിവി-
ല്ലാത്ത മട്ടീറനായി;
വാരിത്തിന്നുന്നു നീ കല്ലുമിയവിൽ മുഴുവൻ
മുഗ്ധമന്ദസ്മിതശ്രീ-
ചോരും വക്ത്രം ചൊരിഞ്ഞീടിന കരുണ, മറ-
ക്കാ മറക്കാതലേ ഞാൻ!

(ഒമ്പത്)

ഓർത്തേയില്ല ഭവാന്റെ ജന്മദിനമാ-
ണിന്നെന്ന കാര്യം, മഹാ-
തീർഥത്തിന്നരികത്തു ചെന്നു തിരികേ
പോന്നേൻ കുളിക്കാതെ ഞാൻ!
വീർത്തും കൊണ്ടിഹ നിൽക്കെ നൽക്കുളിരിളം
കാറ്റായണഞ്ഞെന്നിൽ നീ;
യോർത്തൂ: വേണ്ട വിഷാദമന്യത ഭവി-
ക്കാ ഭക്തനും ഞാനുമായ്!

❖

# വാനമ്പാടി

കണ്ണാ കാറൊളിവർണ്ണാ,
നിന്നെത്തന്നെ തേടി, പദ-
വർണ്ണം പലതും പാടി
നിനക്കു പീലിത്തിരുമുടി തീർക്കും
നീലാകാശത്താഴ്വര പിന്നി-
ട്ടോടി വരുന്നൂ ഞാനൊരു
വാനമ്പാടി, അമ്പാടിക്കണ്ണാ നിന്നുടെ
വാനമ്പാടി,
നിന്നുടെ മാത്രം വാനമ്പാടി...
കണ്ണാ, നന്ദകിശോരാ,
ഗോപവധൂജന മാനസ ചോരാ
ഗോവർധന ധര, ഗോപകുമാരാ
ആധാര ശ്രുതി മീട്ടും തവ കള-
മുരളികപാടിപ്പാടിയുണർത്തും
നാദബ്രഹ്മം എന്റെ ഹൃദന്തം
നുകരും സാന്ദ്രാനന്ദ മരന്ദം...
കണ്ണാ, ഗോകുലബാലാ,
മുഗ്ദ്ധ മനോഹര നർത്തന ലോലാ,
യദുകുലബാലാ, വിജയ ഗോപാലാ
കനകക്കിങ്ങിണി പൊൻമണി മാല,
കൊഞ്ചും തളവള പട്ടുടയാടകൾ
അണിഞ്ഞു തുടരുക കണ്ണാ നൃത്തം
നിനക്കരങ്ങാണെന്നുടെ ചിത്തം!

# എന്തേ കണ്ണാ, എന്തേ?

**കാ**റൊളി വർണ്ണാ പറയൂ: നിൻ പീലി-
ക്കാർകൂന്തലാകെ അഴിഞ്ഞതെന്തേ?
കസ്തൂരി തിലകം മാഞ്ഞതെന്തേ? നിന്റെ
മഞ്ഞപ്പട്ടാട കിഴിഞ്ഞതെന്തേ?
ഗോപികമാരുടെ പണിയാണോ? സഖി
രാധയൊപ്പിച്ച കെണിയാണോ?
കനകക്കിങ്ങിണി ഊർന്നുപോയോ, മണി-
കുണ്ഡലങ്ങൾ എങ്ങോ വീണുപോയോ!
ഗോപികമാർ കളിപ്പിച്ചതാണോ? നിന്റെ
രാധ ഒളിപ്പിച്ചുവച്ചതാണോ?
എന്തു ചോദിച്ചാലും കണ്ണാ നീ യൊന്നും
മിണ്ടാതെ നിൽക്കുന്നതെന്താണ്?
ഓടി മറയാതെ നിൽപ്പതെന്തേ?, നീ
ഓടക്കുഴൽ വിളിയ്ക്കാത്തതെന്തേ?
തൊണ്ടയിൽ വെണ്ണ കുടുങ്ങിപ്പോയോ? കപട
തന്ത്രങ്ങൾ ഇന്നും പിഴച്ചുപോയോ?
മാലകൾ ആരാനും കൊണ്ടുപോയോ? തങ്ക-
ത്തളയും വളയും കളഞ്ഞുപോയോ?

❖

# നിന്റെ മാത്രം മീര!

ഹരേ, ശ്രീഹരേ,
കൃഷ്ണ മുരാരേ,
ഒരു നോക്കുകാണുവാൻ-
മോഹിച്ചു വരുമ്പോൾ

മറയുന്നുവോ നീ ദൂരെ...
ഓടിവരൂ  വരൂ ചാരേ;
കണ്ണാ ഞാൻ നിന്റെ മീരാ,
ഭക്തമീരാ - നിന്റെ മാത്രം മീരാ

വിഹാരി-കുഞ്ജ വിഹാരീ...
ഗോവർദ്ധന ഗിരിധാരീ, മാമക-
മാനസ യമുനാ തീരവിഹാരി,
ഓടി വരൂ വരൂ കൃഷ്ണ, മുരാരി-

ഹൃദയ വൃന്ദാവന സഞ്ചാരി
കൃഷ്ണാ ഞാൻ നിന്റെ മീരാ!
ഗോപാല... ഗോകുലബാലാ
യദുകുല തിലകാ, ഗോപാല..

നന്ദന ബാല, മുരളീലോല
ഓടി വരൂ... വരൂ... വിജയഗോപാലാ, - ഹേ!
യശോദ ബാലാ, നന്ദലാലാ
കൃഷ്ണാ ഞാൻ നിന്റെ മാത്രം മീര...

# ഗോവിന്ദം ഭജ

ആനന്ദം, പരമാനന്ദം, ഹരി-
ഗോവിന്ദം ഭജ ഗോവിന്ദം
കണ്ണാ നിൻ പദാരവിന്ദം
ഞങ്ങൾക്കെന്നും ആലംബം!

വന്ദേ വന്ദേ നന്ദമുകുന്ദം
ഗോപവധൂജനഹൃദയാനന്ദം
നന്ദകിശോരം, ആഗമ സാരം
ഭുവനാധാരം ഗോപകുമാരം!

രാധാവദനചകോരാ ശ്രീഹരി
ഗോപവധൂജന മാനസ ചോരം
ഭജഗോപാലം, വേണുവിലോലം
മധുരോദാരം വേണുവിലോലം

രാധാമാധവ കേളീലോലം
ഗോപ വധൂജന പാലന ബാലം
ശ്രീഹരി, ജയ ജയ, കുഞ്ജവിഹാരീ
കരുണാസാഗര കൃഷ്ണ മുരാരീ,

ഹേ, ഗിരിധാരീ, ഗോപവധൂജന-
മാനസ വൃന്ദാവന സഞ്ചാരീ...

❖

# തീരാത്ത സംശയം

**ഓം** നമോ നാരായണ എന്നു ജപിച്ചും
ഓമനക്കണ്ണനെ മനസ്സിൽ ധ്യാനിച്ചും
ഓടിവന്നു നടയിൽ നിന്നപ്പോൾ ഞാൻ ആദ്യം
കേട്ടതെന്താണെന്റെ കണ്ണാ?
ഹരിമുരളീഗാനമാണോ? നിന്റെ
കാൽചിലമ്പിന്നൊലിയാണോ?

നാരായണായ നമഃ നാരായണായ നമഃ
നാരായണായ നമഃ നാരായണ...
ഓം നമോ നാരായണ, ഹരി
ഓം നമോ നാരായണ...

അഴകോടെ നിൻ നടയിൽ, ആയിരം ഇതളുള്ള
താമരയായ് പുലരി വിടർന്നപ്പോൾ,
കുളിർമാരി പോലെ പൊഴിഞ്ഞതുമെൻ കാതിൽ
പൂന്താനപ്പാന തൻ തേനാണോ, സാക്ഷാൽ
നാരായണീയം തന്നെയാണോ?

നാരായണായ നമഃ നാരായണായ നമഃ
നാരായണായ നമഃ നാരായണ...
ഓം നമോ നാരായണ, ഹരി
ഓം നമോ നാരായണ...

നിർമ്മാല്യം തൊഴുതുകൊണ്ടും തിരുവാകച്ചാർത്തു കണ്ടും
നിൻ നടയിൽ അന്നു ഞാൻ നിന്നപ്പോൾ,
നിറഞ്ഞു തുളുമ്പുമെൻ മിഴികളിലൊളി തൂകി
തെളിഞ്ഞതെന്താണെന്റെ കണ്ണാ?

മണിക്കുട്ടനാണോ, അമ്മ യശോദ തൻ-
ആരോമലുണ്ണിയാണോ?

നാരായണായ നമഃ നാരായണായ നമഃ
നാരായണായ നമഃ നാരായണ...
ഓം നമോ നാരായണ, ഹരി
ഓം നമോ നാരായണ...

❖

# അമ്പാടിക്കണ്ണനോട്...

ഗോപീജന മാനസ രഞ്ജനാ,
നമാമി നാഥാ! ജനാർദ്ദനാ,
യമുന തേടുന്ന മദന മോഹനാ,
പാഹി പരിപാഹിമാം നന്ദനന്ദനാ!

അമ്പാടിക്കണ്ണനുണ്ണീ മുരളീധരാ
അൻപോടെ എന്നരികിൽ ഓടിവരൂ
സപ്തസ്വര രാഗങ്ങൾ പാടി വരൂ ആ-
വേണുഗാനത്തിൻ മധു പകരൂ-
അമ്പാടിക്കണ്ണനുണ്ണീ...

അണിഞ്ഞൊരുങ്ങാൻ കണ്ണാ നീ വന്നാട്ടെ
അടങ്ങിയൊതുങ്ങി എൻമുന്നിൽ നിന്നാട്ടെ,
കളിചിരി തൻ ഒളി ചിതറും കണ്ണാ നിന്നെ
കൺനിറയെ ഞാനൊന്നു കണ്ടോട്ടെ,
അമ്പാടി...

കളിത്തോഴിമാരൊത്തു നീന്തി നീന്തി
കാനനച്ചോലയിൽ നീരാടേണ്ടേ?
മതിമറന്ന് ഓളങ്ങൾ താളം പിടിയ്ക്കുമ്പോൾ
കാളിയമർദ്ദനം പോലെ ഇന്നും
നർത്തനമാടേണ്ടേ?
അമ്പാടി...

ആടകൾ വാരി അരയാലിൽ കേറിയിരിയ്ക്കേണ്ടേ?
പതിവുപോലെ കപടനാടകം ഇന്നും ആടേണ്ടേ?
നാണിച്ച് ഗോപികമാര് തൊഴുതുനിൽക്കുമ്പോൾ
തുടുതുടുത്ത താമരമൊട്ടുകൾ കിള്ളിവിടർത്തേണ്ടേ?
അമ്പാടി...

❖

# ഓടിവരുന്നൂ ഞാൻ...

ഹരിചന്ദനഗന്ധം വഴിയും
നാരായണ തീർത്ഥക്കരയിൽ,
പുലരിക്കതിരൊളികൾ പാടും
ഭൂപാളത്തിന്നലയൊലിയിൽ
ഗുരുവായൂരപ്പാ! നിന്നെ
കണികാണാൻ ഓടിവരുന്നേൻ!

ശ്രീമന്നാരായണീയം
ശ്രുതിമധുരം ഊർന്നൊഴുകുമ്പോൾ,
പൂന്താനം പാടിയ വരികൾ
പൂന്തേൻ കണമായ് പൊഴിയുമ്പോൾ,
തിരുവാകച്ചാർത്ത് തൊഴാനായ്
തിരുമുമ്പിൽ നിൽപ്പൂ ഞാനും!

ഉദയാരുണകിരണാവലികൾ
ഉടയാടകൾ ചാർത്തും നേരം,
നറുപുഞ്ചിരിയോടെ പേർത്തും
തിരുമധുരം നുകരും നേരം,
ചുടുമിഴിനീർപ്പൂക്കളുമായി
അടിയൻ നിൻമുന്നിൽ നിൽപ്പൂ!

❖

# ചാഞ്ചാടുണ്ണി...

ഗുരുവായൂരമ്പാടിക്കണ്ണാ, നീയെന്റെ
അരികത്തു വന്നൊന്നു ആടാട്,
എന്റെ മനസ്സിലെ പൊന്നൂഞ്ഞാലിൽ
ചാഞ്ഞും ചെരിഞ്ഞും ആടാട്,
ചാഞ്ചാടുണ്ണി ചെരിഞ്ഞാട്

-ഗുരു
നീലക്കാർകൂന്തൽ അഴിഞ്ഞോട്ടെ, നിന്റെ
ഗോരോചനക്കുറി മാഞ്ഞോട്ടെ,
കിങ്ങിണി ഊർന്നൂർന്നു വീണോട്ടെ,
ഓമനക്കുട്ടാ, മണിക്കുട്ടാ, ഓടിവ-
ന്നൊരു വട്ടംകൂടിയൊന്നാടാട്.

-ഗുരു
ആറ്റിൽ താമരപ്പൂപോലെ ഇളം-
കാറ്റിൽ തെച്ചിപ്പൂമാലപോലെ
പൂനിലാപ്പുഴയിൽ അമ്പിളിപോലെ
ഓമനക്കുട്ടാ മണിക്കുട്ടാ, ഓടിവ-
ന്നൊരുവട്ടംകൂടിയൊന്നാടാട്.

-ഗുരു
കാട്ടിൽ ഇളംമുളന്തണ്ടുപോലെ, പൊന്നിൻ-
കൂട്ടിലെയാരോമൽക്കിളിപോലെ
തേനുണ്ണാനെത്തും കരിവണ്ടുപോലെ
ഓമനക്കുട്ടാ, ഹരിക്കുട്ടാ, പാടിവ-
ന്നൊരുവട്ടംകൂടിയൊന്നാടാട്.

# ഊഞ്ഞാലാട്ടം

ആരോമലമ്പാടുണ്ണീ ചാഞ്ചാടാൻ വാ വാ
അഴകെഴും  പൊന്നൂഞ്ഞാലിൽ ആടാൻ വാ വാ...
വിടരും പുലരിക്കതിരൊളി പോലെ,
ഒരു പൂ വിരിയുന്നതുപോലെ,
പൊന്നോമന മുത്തേ വാ വാ, കളി-
യൂഞ്ഞാലാടാൻ വാ വാ...
ആരോമലമ്പാടുണ്ണീ...
യദുകുലബാലാ, ഗോപാലാ...
യദുകുല ബാലാ, ഗോപാലാ,
യശോദ നന്ദന ഗോപാലാ,
അടുത്തു വാ നിന്നെ കാണാൻ തിടുക്കമായ്
" " " "

ഹരിമുരളീരവ മധുരം പകരൂ
കുളിരണിത്തെന്നലായ് ഓടിവരൂ
ഓംകാരപ്പൊരുളല്ലോ കണ്ണാ നീ-
ആരോമലമ്പാടുണ്ണീ...
കണ്ണാ നിന്നെ കാണാതെ
" ' "

കാലികൾ പോലും കേഴുന്നൂ;
വിരഹത്തിൽ പിടയ്ക്കുന്നൂ ഗോപികമാർ
" " "

താരിലും തളിരിലും കാണ്മൂ നിന്നെ,
ഇളമുളം കാട്ടിലും നിൻ പാട്ടുമാത്രം, ഈ
കളിത്തോഴിമാരെ നീ കൈവിടല്ലേ-
ആരോമലമ്പാടുണ്ണീ-

❖

# ഹരിചരണ സ്മരണം

ഹരിചരണ സ്മരണം ശരണം...
ഹരിചരണ സ്മരണം ശരണം; സദാ
ഹരിചരണ സ്മരണം ശരണം;
ദുരിത ജീവിത ദുഃഖനിവാരണം
നര നാരായണം ഗോപികാ രമണം
(ഹരി)

ശ്രീഹരിനാമം മധുരമരന്ദം
ശ്രിതജന ജീവന പരമാനന്ദം,
ഗുരുപവനേശന്റെ പാദാരവിന്ദം
ശരണാഗതരുടെ ഏകാവലംബം...
(ഹരി)

ഭജരേ ഭജരേ പാദാദികേശം
ഭജരേ ഭജരേ കേശാദിപാദം,
പിബരേ പിബരേ നാമസുധാരസം
പിബരേ കൃഷ്ണ കർണ്ണാമൃതം അനിശം!
(ഹരി)

❖

# തിരുവമ്പാടിയിൽ

**അ**മ്പലം കണ്ടൂ, കൊടിമരവും, മിന്നും
പൊൻതാഴികക്കുടവും കണ്ടൂ
അന്നേരത്തെൻ മനം പാടി: ഇതാണിതാ-
ണമ്പാടി, തിരുവമ്പാടി!

കുന്നിക്കുരുവാരികളിയാടുമെന്നോമൽ-
കണ്ണനാമുണ്ണിയെ കണ്ടൂ,
ഒന്നെടുത്തുമ്മവയ്ക്കാനായ് തുനിഞ്ഞപ്പോൾ
എന്നുണ്ണി, പോയതെങ്ങാവോ?

കറ്റക്കിടാവിനെ തട്ടിമാറ്റി, സ്വയം,
മുട്ടിക്കുടിയ്ക്കുന്ന കണ്ടൂ പൈമ്പാൽ
അമ്മിഞ്ഞപ്പാലുചുരന്ന ഞാൻ ചെന്നപ്പോൾ
എന്നുണ്ണി പോയതെങ്ങാവോ?

❖

# എന്റെ പ്രാർത്ഥന

സന്താന ഗോപാല കൃഷ്ണാ ഹരേ,
സന്താപനാശന കൃഷ്ണാ,
പാവമാമെന്നുടെ മോഹങ്ങളൊന്നുമേ
പാഴായിപ്പോകല്ലേ കൃഷ്ണാ!

നെറുകയിൽ പീലിക്കതിരുചൂടി
ഓടക്കുഴലിൽ പാട്ടുപാടി
ഓടി നടന്നുകളിയ്ക്കുമൊരുണ്ണിയെ
ഓമനിയ്ക്കാനൊരു മോഹം!

-സന്താന
താഴെ വീഴുമ്പോഴും പൊട്ടിച്ചിരിയ്ക്കുമാ-
ക്കുട്ടനെ കാണാനെനിയ്ക്കുമോഹം,
കാണാത്ത നേരത്തും ഉൾക്കണ്ണിലാക്കളി-
കണ്ടിരിയ്ക്കാനൊരു മോഹം!

-സന്താന

ചേറിലും ചെളിയിലും വീണുരുളുന്നൊരാ-
വികൃതിയെ കാണാനെനിയ്ക്കുമോഹം;
തേനും വയമ്പും മണക്കുന്നൊരാ ചിരി
കോരിക്കുടിയ്ക്കാനെനിയ്ക്കു മോഹം!

-സന്താന
തള വള കിങ്ങിണി ചാർത്തിയോരുണ്ണിയെ
താലോലിയ്ക്കാനും എനിയ്ക്കു മോഹം;
നെഞ്ചോടു ചേർത്തു പിടിച്ചുകൊണ്ടങ്ങനെ
കൊഞ്ചിപ്പിയ്ക്കാനും എനിയ്ക്കു മോഹം!

-സന്താന

മാനത്തെ അമ്പിളി മാമനെ കാണിച്ചു
മാമുകൊടുക്കാനെനിയ്ക്കുമോഹം;
തോളിൽ കിടത്തിയുറക്കുവാനായൊരു
താരാട്ടു പാടാനെനിയ്ക്കു മോഹം!

-സന്താന

❖

# ഊഞ്ഞാല്, നല്ലൊരൂഞ്ഞാല്

ആലോലമാടും പൊന്നൂഞ്ഞാല്
എന്റെ മനസ്സിലെ ഊഞ്ഞാലിൽ പൊ-
ന്നമ്പാടിക്കണ്ണാ ആടാട്,
ചാഞ്ചക്കം ചാഞ്ചക്കം ആടാട്...

ഒത്തിരിയൊത്തിരി പൈമ്പാല്,
കാച്ചിക്കുറുക്കിയ പൈമ്പാല്
എന്റെ മുജ്ജന്മ സുകൃതം ഇതത്രയും
അമ്പാടിക്കണ്ണാ കവർന്നോളൂ,
മതിവരുവോളം നുകർന്നോളൂ...

കാടാണ്, കൊടും കാടാണ്,
കൂരിരുൾ വാഴുന്ന കാടാണ്,
എന്റെ മനസ്സിലെയിക്കൊടും കാടൊരു
വൃന്ദാവനമാക്കി കളിയാട്, കണ്ണാ
ചങ്ങാതിമാരൊത്ത് കേളിയാട്...

❖

# പിണങ്ങരുതേ...

നറുവെണ്ണ വീണ്ടും തരാം, കണ്ണാ
നറുവെണ്ണ ഇനിയും തരാം,
മതിവരുവോളം കവരാനും നുകരാനും
നറുവെണ്ണ വീണ്ടും തരാം, ഇനി നീ
പിണങ്ങരുതേ, മുത്തേ, പിണങ്ങരുതേ...

മയിൽപ്പീലി ചൂടിത്തരാം, വർണ്ണ-
മയിൽപ്പീലി ചൂടിത്തരാം,
വാലിട്ടു കണ്ണെഴുതാം, തിലകം ചാർത്താം
കാതിൽ കുണ്ഡലം അണിയിക്കാം, ഇനി
പിണങ്ങരുതേ മുത്തേ പിണങ്ങരുതേ...

കിങ്ങിണി ചാർത്തിത്തരാം, ഒരു
പൊന്നോടക്കുഴലും തരാം,
മഞ്ഞപ്പട്ടുടയാട ഞൊറിവച്ചുടുപ്പിയ്ക്കാം
മഞ്ജുനാദം പൊഴിയ്ക്കും ചിലങ്കതരാം, ഇനി
പിണങ്ങരുതേ മുത്തേ പിണങ്ങരുതേ...

❖

# ആറന്മുള കൃഷ്ണാ

**അ**ഞ്ജനശ്രീയെഴും ആറൻമുള കൃഷ്ണാ
അടിയനിൽ കനിയേണം തിരുവുള്ളം,
എന്നിൽ പൊഴിയും കൃപതന്നലകളിൽ
എന്നും ഞാനവിടുത്തെ കളിവള്ളം!

കാലികൾ മേയുന്നൊരാറ്റുവക്കത്തുഞാൻ
കേൾക്കുന്നു കാൽച്ചിലമ്പിന്റെ താളം,
നീലക്കടമ്പിൽ നിന്നു കാലടിപൂവുകൾ
നീളേ വിടർന്നു ചിരിക്കും മേളം.

വിഗളിതവസനകളോളങ്ങൾ കൺകളിൽ
വിടരും പ്രണയസ്മരണയുമായ്
കളകളം പാടിയെത്തുന്നൂ നിൻനടയിലെ
കടവിൽ, ഇന്നല്ലല്ലി രാസലീല?

❖

# കണ്ടു ഞാൻ...

ഗുരുവായൂരമ്പല നടയിൽ തരുണാർക്ക-
കിരണങ്ങൾ മഞ്ചാടി-
ക്കുരുവാരി കളിയാടും നേരം
കണ്ടൂ കൺകുളിരെ കണ്ടൂ, നീലക്കാർ-
കൊണ്ടൽ വർണ്ണനെ കണ്ടൂ ഞാൻ.

നാക്കറ്റ മണിപോലും നടയിലവിടുത്തെ
തിരുനാമ മാലപി-
ച്ചടിമുടി കോരിത്തരിയ്ക്ക
ഒരു മിന്നൽ പോലവേ
ഞാൻ കണ്ടതെൻ മോഹത്തിൻ-
കതിരോ, പീലിത്തിരുമുടിയോ

നാരായണീയത്തിൻ നാദ മരാളങ്ങൾ
നീന്തിക്കളിയ്ക്കുന്ന-
കാളിന്ദി തൻകളരവത്തിൽ
ഒരു നിമിഷം കേട്ടതു കനക കിങ്ങിണിതൻ-
ചിരിയോ, ഓടക്കുഴൽവിളിയോ

❖

# തിരുനെല്ലി പെരുമാളേ...

**ക**ൺമുന്നിൽ കാണ്മതല്ലോ തിരുനെല്ലി,
പുണ്യം താനെന്നല്ലി മനം ചൊല്ലി?
പച്ചിലത്താലി ചാർത്തും പവിഴമല്ലി, സാക്ഷാൽ
അച്യുതൻ വാഴുമീ തിരുനെല്ലി!
    തിരുനാമം നിരന്തരം ജപിച്ചുകൊണ്ടേ
    ദുരിതങ്ങളൊഴികെന്നു കരഞ്ഞുകൊണ്ടേ
    ഒഴുകീടുന്നൊരീ പാപനാശിനിയിൽ
    ഒടുങ്ങണം പാപമേതുമെന്നു തേങ്ങി.
കഠിനമാംവഴി താണ്ടിവരുന്നോർക്കെല്ലാം
കതിരിടും കരുണതൻ അവതാരം നീ,
ആകൃതവും സുകൃതവും തിരിച്ചറിയാൻ
അടിയങ്ങൾക്കെന്നാളും ആധാരം നീ!

❖

# ഒരു വാനമ്പാടിയുടെ പാട്ട്

**ക**ണ്ണാ, കരിമുകിലൊളി-
വർണ്ണാ,
ദൂരേ ദൂരെ മരുവുന്നൊരു നിൻ തിരു-
സന്നിധി തേടിത്തേടി,
ആരോ തന്ന മുളന്തണ്ടിൽ നിൻ-
അപദാനങ്ങൾ പാടിപ്പാടി
വരുന്നു ഞാനൊരു വാനമ്പാടി...

പറയൂ... പറയൂ... കണ്ണാ
എവിടെ, യെവിടെയാണു നീ
കേളികളാടും അമ്പടി?
തിരുവമ്പാടി?
” കണ്ണാ-

നന്ദലാലാ, ഗോ-
വിന്ദ ലാലാ,
ഗോപാലബാല- യദുകുലതിലകാ, ഗോപാലാ,
യശോദബാലാ - രാസലീലാവിലോലാ
പറയൂ-പറയൂ-നിൻ
കളമുരളികയിലുണരുന്ന-
തേതുരാഗം, ഏതു ഗീതം?
” കണ്ണാ

ശ്രീധരാ, അഞ്ജന-
ശ്രീധരാ,
നവനീത ചോരാ - ഗുരുപവനപുരി
യിലമരും
ഗോപകുമാരാ,
പറയൂ പറയൂ എൻ-
അകതാരിലെന്നു നീ
ആടും? നടനമാടും?
" കണ്ണാ

❖

# കിളിമകളേ പാട്...

**കി**ളിമകളേ പാട് പാട് സുപ്രഭാത സംഗീതം
കളമൊഴിയേ, പാടിയുണർത്ത് കണ്ണനുണ്ണിയെ,
വന്നേപോ വന്നേപോ പൈങ്കിളിയേ, നിൻ–
പാട്ടിന്റെ തേൻ കനികൾ തന്നേ പോ...
കിളിമകളേ...

പൂന്താനപ്പാന ചൊരിയും
പൂന്തേനുണ്ണാൻ വാ വാവാ,
നിന്നോമന മുത്താണല്ലോ നന്ദനന്ദനൻ;
ഓടക്കുഴലൂതിയൂതി ഓംകാരം ഉണർത്തും
സ്വരരാഗ ശ്രീയാണല്ലോ മുരളീധരൻ!
വന്നേ പോ...

പൂംപുലരിക്കന്യകമാരേ, നിർമ്മാല്യം കാണാനും
തിരുവാകച്ചാർത്തുതൊഴാനും മോഹമില്ലയോ?
തെളിനീരിൽ, പനിനീരിൽ നീരാടും കണ്ണന്റെ
കളിചിരികൾ കാണാനും മോഹമില്ലയോ?
വന്നേപോ......

നറുപീലിത്തിരുമുടി ചൂടി, അഴകേറും നെറ്റിയിൽ
കസ്തൂരീ തിലകമണിഞ്ഞ്, വാൽക്കണ്ണെഴുതി
തിരുമാറിൽ നവരത്ന ഹാരങ്ങളും ചാർത്തി
മരുവുന്നോരുണ്ണിയെ കണികാണേണ്ടേ?
വന്നേപോ....

പരിപാലയ, പാലയ പാലയ ഗോവർധനധാരീ
അവിളംബം വരമരുളാവൂ കൃഷ്ണമുരാരീ;
ഗോവിന്ദ, രാഗാനന്ദ, നന്ദമുകുന്ദാ പാഹിമാം
മുരളീധര, നീയേ ശരണം ഹരിഗോവിന്ദാ!
വന്നേപോ....

അരികെ വരൂ ഗോകുലബാലാ, നവനീത ചോരാ,
അകമിഴിയിൽ തിളങ്ങിടാവൂ നന്ദകിശോരാ,
കരുണ ചെയ്വാനിനിയുമമ്യോ താമസമോ ശ്രീകൃഷ്ണാ?
കഴലിണ ഞാനും സദാ കൈതൊഴുന്നേൻ!
വന്നേപോ....

നാരായണ, ഹരിനാരായണ, ആനന്ദമൂർത്തേ,
ചരണാരവിന്ദം ശരണം നിരുപമ കീർത്തേ,
ഗുരുവായൂരുണ്ണിക്കണ്ണാ, കാരുണ്യവാരിധേ
അടിയങ്ങളെ എന്നുമെന്നും കാത്തുകൊള്ളണേ!
വന്നേപോ....

❖

# തിരുവമ്പാടി കൃഷ്ണൻ

**തി**രുവമ്പാടി കണ്ണനെ
കൺനിറയെ കണ്ടുതൊഴുമ്പോൾ
എന്റെ മനസ്സിലോരോമനക്കുട്ടൻ
ഓടിക്കയറുന്നൂ, പൊ-
ന്നൂഞ്ഞാലിൽ ആടുന്നൂ!

ആലോലം താലോലം
ആലിലക്കണ്ണൻ ആടുന്നൂ
ചാഞ്ചക്കം ചാഞ്ചക്കം ആടുന്നൂ-
തിരുവമ്പാടി...

മറ്റാരും കേൾക്കാതേ എൻ മോഹങ്ങൾ
ഞാൻ പറയുമ്പോൾ, കള്ളച്ചിരിയോടെ,
കണ്ണനുണ്ണി കുഞ്ഞിക്കൈകൾ നീട്ടുന്നൂ, നറു-
വെണ്ണയ്ക്കായി കൊതിയോടെ കെഞ്ചുന്നൂ!
തിരുവമ്പാടി....

അകലേയാണെങ്കിലുമെന്നുടെ
ഉണ്ണിക്കണ്ണനെ ഓർക്കുമ്പോൾ,
മനസ്സിലെ തിരുവരങ്ങിൽ കാൽത്തള-
വളകൾ കിലുങ്ങുന്നൂ, ഞാൻ
കൃഷ്ണനാട്ടം കൺനിറയെ കാണുന്നൂ...
തിരുവമ്പാടി....

❖

# കണ്ണിന് കർപ്പൂരം

കണ്ണനുണ്ണീ, കാർകൂന്തൽ കെട്ടഴിഞ്ഞൂലോ,
ഗോരോചനക്കുറി മാഞ്ഞുപോയീലോ,
പൊന്നിൻ കിങ്ങിണി മന്ദം മന്ദം ഊർന്നു വീണൂലോ,
മഞ്ഞപ്പട്ടാട കിഴിഞ്ഞതും കണ്ണാ, നീയറിഞ്ഞീലേ?
അമ്പാടി–

> കണികാണും കണ്ണിന് കണ്ണൻ കർപ്പൂരം
> കാണാത്ത കണ്ണിനെന്നും അന്ധകാരം;
> ആ വേണുഗാനത്തിൽ നിന്നുണരുന്നൂ
> ആധാര ശ്രുതിയായി ഓംകാരം...
> അമ്പാടി...

ആ മന്ദഹാസത്തിൻ പൂനിലാക്കതിര്,
ആ നോട്ടം കാണുമ്പോൾ അമ്പിളിക്കുളിര്,
ആലിലക്കണ്ണൻ, പ്രേമലോലൻ ഞങ്ങളിലെന്നും
കാരുണ്യം പെയ്തിറങ്ങും ശ്യാമമേഘം
അമ്പാടി...

> അഴകോടെ അണിഞ്ഞൊരുങ്ങി പാട്ടുപാടി
> ആലോലം താലോലം കളിയാടി,
> ഗോപികമാർ നിന്നെ കാണാൻ ഓടിവരുമ്പോൾ
> കോണകം പോലും ഇല്ലാതെ നിൽക്കാൻ നാണമാവില്ലേ?
> അമ്പാടി...

മദനമോഹന! ഞങ്ങളൊരു മോഹം പറഞ്ഞോട്ടെ;
മാനസ്സരസ്സിൽ താമരയായി നീ വിരിയേണം,
ആ മലരിൽ തുളുമ്പുന്ന നറു തേനുണ്ണാൻ
കാറൊളി വണ്ടായ് നീയെന്നും മൂളിപ്പറക്കേണം.
അമ്പാടി...

മുട്ടുകുത്തി, മുട്ടുകുത്തി കണ്ണാ വന്നാട്ടെ,
മുട്ടിക്കുടിയ്ക്കാം കൊതിയനിത്തിരി പൈമ്പാല്,
നിനക്കുമാത്രം ആടാനാണീ ഊഞ്ഞാല്,
അമ്പാടി...

❖

# കക്കാട് തിരുനടയിൽ

കക്കാട് നടയിൽ ചെന്നു നിന്നാൽത്തന്നെ
ദുഃഖങ്ങളൊന്നൊന്നായ് ഒഴിയുന്നൂ, ആ
കാഞ്ചന വിഗ്രഹം കണ്ടാലോ, ഭഗവാന്റെ
സാന്ത്വന സ്പർശം നാം അറിയുന്നൂ,
ഉള്ളുരുകി പ്രാർത്ഥിച്ചുനിന്നാലോ, നിമിഷംകൊ-
ണ്ടല്ലലെല്ലാം നാം മറക്കുന്നൂ! - കക്കാട്...

ഏറെത്തളർന്നാലും എത്തേണ്ടിടത്തു നാം
എത്തിയല്ലോ എന്നൊരാശ്വാസം,
വിഘ്നങ്ങളെന്തുമാവട്ടെ, ഗണേശൻ
രക്ഷിയ്ക്കുമെന്നൊരു വിശ്വാസം,
അനുദിനം കാണുന്നു ഞങ്ങൾ ഭഗവാനേ,
അവിടുത്തെ മായാവിലാസം! - കക്കാട്...

ഭക്തന്റെ കണ്ണീർതുടയ്ക്കാൻ അരികെ
വേട്ടെയ്ക്കൊരു മകനും ഉണ്ടല്ലോ,
ഏതൊരാപത്തിലും താങ്ങും തണലുമായ്
ഇരുവരും ഓടിവന്നെത്തുമല്ലോ,
ഭക്തന്മാർക്കീത്തിരുസന്നിധിയുള്ളപ്പോൾ
മറ്റൊരു നിധിയും വേണ്ടല്ലോ! - കക്കാട്...

❖

# ശ്രീശബരീശൻ

ഒരു നേരം മനംനൊന്തു വിളിച്ചാൽ ഉടനെ
അരികത്ത് ഓടിയെത്തും ഭഗവാനേ, ശബരി-
മാമല വാണരുളും കരുണാമയനേ,
അടിയനുണ്ടൊരു മോഹം: പുലരിപ്പൈങ്കിളിയായി
ഈ നടയിൽ വന്നൊരു പാട്ടുപാടാൻ,
തുയിലുണർത്താനൊരു പാട്ടുപാടാൻ, - ഒരു നേരം...

അപസ്വരം ഉണ്ടാവാം, ഇടയ്ക്കിടെ, അതു സപ്ത-
സ്വരങ്ങളായ് മാറ്റുവാൻ കനിഞ്ഞിടേണം,
ഈരടികൾ മറന്നേയ്ക്കാം, ഈണങ്ങൾ മുറിഞ്ഞേയ്ക്കാം
ഈ നടയിൽ പാടണമെന്നേ മോഹം, ഒരു ദിനം
ഈ നടയിൽ പാടണമെന്നേ മോഹം! - ഒരു നേരം...

സാമഗാനപ്രിയനേ, എന്നെന്നും ഈ തിരു-
സന്നിധി സംഗീത സാന്ദ്രമല്ലോ,
ആ നാമകീർത്തനാലാപത്തിന്നൊഴുക്കിൽ ഒരു
തരംഗമായ് എന്നെയും മാറ്റുമല്ലോ! നാദ-
തരംഗമായ് എന്നെയും മാറ്റുമല്ലൊ! - ഒരു നേരം...

❖

# കണ്ണന്റെ സന്നിധിയിൽ

ഗുരുപവനപുരിയിൽ ഒരു നേരം തൊഴുതാൽ
തീരാത്ത ദുഃഖങ്ങളുണ്ടോ? ഉണ്ടോ?
തീരാത്ത ദുരിതങ്ങളുണ്ടോ?
തിരുമെയ്യിലാടിയ തീർത്ഥം സേവിച്ചാൽ
മാറാത്ത രോഗങ്ങളുണ്ടോ? വിട്ടു-
മാറാത്ത രോഗങ്ങളുണ്ടോ?

ഒരു പിടി അവിലു നേദിച്ചാലൊരിയ്ക്കലും
ഒഴിയാത്ത ദാരിദ്ര്യമുണ്ടോ? വന്നു-
ചേരാത്ത ഐശ്വര്യങ്ങളുണ്ടോ?
നാരായണ എന്നൊരിയ്ക്കൽ ജപിക്കുകിൽ
തോരാത്ത കണ്ണുനീരുണ്ടോ? വിട്ടു-
പോകാത്ത പാപങ്ങളുണ്ടോ?

കണ്ണന്റെ സന്നിധിയേക്കാൾ വിലപ്പെട്ട
മറ്റൊരു നിധി നമുക്കുണ്ടോ?
കണ്ണന്റെ കാരുണ്യയമുനപോലെ പുണ്യ-
തീർത്ഥം നമുക്കേറെയുണ്ടോ? പര-
മാനന്ദമകരന്ദമുണ്ടോ?

ആയിരം തവണ തൊഴുതാലും, കണ്ണനെ-
ക്കണ്ടു മതിയായവരുണ്ടോ? വീണ്ടും
കാണാൻ കൊതിയ്ക്കാത്തവരുണ്ടോ?
കൺകുളിർക്കെക്കണ്ടുനിൽക്കവേ, നമ്മൾ മ-
റ്റെന്തെങ്കിലും ഓർക്കാറുണ്ടോ? വേറെ-
യെന്തെങ്കിലും അറിയാറുണ്ടോ?

❖

# പരമാർത്ഥം പറയൂ കണ്ണാ...

ഇത്രനേരം മുന്നിൽ നിന്നിട്ടും
പൊട്ടിക്കരഞ്ഞു പറഞ്ഞിട്ടും
കണ്ണീരിൽ മുങ്ങിക്കുളിച്ചിട്ടും
കാൽക്കൽ വീണു നമിച്ചിട്ടും
ഇതുവരെ ചുണ്ടനക്കീല നീ! യെന്നോട്
ഇനിയെങ്കിലും സത്യം പറയൂ കണ്ണാ!

> കാണിനേരം പോലും നിന്നെയുൾക്കണ്ണിൽ
> കാണാതിരിയ്ക്കുവാനാവില്ല,
> കാതടച്ചാലുമെൻ മുത്തേ! നിൻ തേൻമൊഴി
> കേൾക്കാതിരിക്കാനുമാവില്ല!
> എന്നിട്ടും മൗനം തുടരുന്നു നീ! ഇതി-
> നെന്താണു കാരണം കാർവർണ്ണാ?

ഒരു നോക്കു കാണാ, നടുത്തു വന്നാൽ
ഒരുപാടു നേരം ഞാൻ തൊഴുതു നിൽക്കും,
ഇരുചെവിയറിയാതെ, നിന്നോടൊന്നും
പറയാതെ, പലതും പറഞ്ഞുനിൽക്കും,
എന്നാൽ, ഇന്നങ്ങനെയല്ലല്ലൊ, എന്നോട്
ഒന്നും പറയാതെ നിൽപ്പതെന്തേ?

> പറയൂ പരമാർത്ഥം കണ്ണാ നമ്മൾ
> പരിചയമില്ലാത്തോരല്ലല്ലൊ,
> അകതാരൊന്നു പിടഞ്ഞാൽ നീ തത്ക്ഷണം
> അറിയാതിരിയ്ക്കാറുമില്ലല്ലോ,
> കാരുണ്യവാരിധേ! നീയിന്നെന്നെത്തീരെ
> കാണാത്തമാതിരി നിന്നതെന്തേ?

❖

# ആദിനാദബ്രഹ്മം

ഒരു മുളന്തണ്ടിനെ മന്ദ്രമധുരാർദ്രമാം
സ്വരരാഗലയതാളമാധുരി പൊഴിക്കുന്ന
വനമുരളിയാക്കുന്ന കണ്ണാ,
അറിയുന്നു ഞാൻ നിന്റെ വരദാനമാ,ണാദി–
നാദബ്രഹ്മമാം മകരന്ദം!

അനുരാഗവതിയാം പ്രിയസഖി രാധ തൻ–
ആലിംഗനത്തിൽ നീ മുഴുകുമ്പോൾ, ആനന്ദ–
നിർവൃതിയിൽ നീ ഒഴുകുമ്പോൾ,
ശ്രുതി പോലുമില്ലാതെ പാടി നീ; ആദ്യത്തെ
പ്രണയാർദ്രഗീതം ഉണർന്നു!

കൈവള കിലുങ്ങുന്ന മട്ടിൽ യമുനയിലെ
ഓളങ്ങൾ ഓടി വന്നു പുണരുമ്പോൾ, നീ
മന്മഥനടനം ആടുമ്പോൾ
നിൻ ദ്രുതചലനങ്ങളിൽ നിന്നും ആദ്യത്തെ
താളപ്രമാണം പിറന്നൂ!

❖

# കണ്ണാ, പറയൂ!

കള്ളക്കണ്ണാ നിൻ കവിളിലെ നുണക്കുഴി
കിള്ളിയെടുത്തത് ആരാണ്?
നുള്ളി വിടർത്തിയതാരാണ്?

ഗോപികമാരാണോ, അല്ല
ഗോപാല ബാലരാണോ?
അവരൊന്നുമല്ല നിൻ പ്രിയസഖി രാധ
ആരാരും അറിയാതെ ചെയ്തതാണോ?

ശീലക്കേടുകൾ കാട്ടും നിനക്കൊരു
കോലക്കുഴൽ തന്നതാരാണ്? പൊ-
ന്നോടക്കുഴൽ തന്നതാരാണ്?

ഇളമുളങ്കാടാണോ? അല്ല,
കളമൊഴിക്കിളിയാണോ?
അവരൊന്നുമല്ല, നിൻ അകതാരിൽ ശ്രുതിമീട്ടും
ആദിനാദബ്രഹ്മം തന്നെയാണോ?

കണ്ണാടിക്കവിളത്തും, ചൊടിയിലും മാറിലും
എങ്ങിനെ വന്നൂ ഈ സിന്ദൂരം, അമ്പാടി-
പ്പെൺകൊടിമാരണിയും സിന്ദൂരം?

കാറ്റിന്റെ പണിയാണോ, കളി-
ക്കൂട്ടുകാരൊപ്പിച്ച കെണിയാണോ?
മറ്റാരും കാണാതെ, ഒറ്റയ്ക്കു നിൻ രാധ
കെട്ടിപ്പിടിച്ചുമ്മ വെച്ചതാണോ?

❖

# കണ്ണന്റെ നിത്യശീലം

**അ**റിയാതെ വന്നു പിടികൂടുന്ന ആപത്തി-
ലടി തെറ്റി വീണു പിടയുമ്പോൾ
ഉള്ളുരുകി ഒന്നു വിളിച്ചാൽ മതി,യവിടെ
ഉടനേയെത്തുമെൻ കണ്ണൻ, എന്റെ
ഗുരുവായൂരോമനക്കണ്ണൻ!

(അറിയാതെ)

ഒറ്റപ്പെടുന്നു ഞാൻ എന്നു തേങ്ങുന്നവർ-
ക്കൊപ്പമാണെന്നുണ്ണിക്കണ്ണൻ
തഴുകിത്തലോടുന്നു, ദുഃഖങ്ങളിൽ നിന്ന്
കരയേറ്റിടും കണ്ണനുണ്ണി, എന്റെ
ഗുരുവായൂരമ്പാടിയുണ്ണീ

(അറിയാതെ)

ഭക്തന്റെ കണ്ണീരു കണ്ടാൽ, അമ്പാടി-
ക്കുട്ടന്റെ മിഴികൾ തുളുമ്പും
പാവം! ഇടയ്ക്കിടെ വിതുമ്പും - അത്രമേൽ
മൃദുലമാണാപ്പിഞ്ചു ഹൃദയം, എന്റെ
കേശവപ്പൈതലിൻ ഹൃദയം!

(അറിയാതെ)

❖

# കണ്ണീരോടെ കണ്ണനോട്

അമ്പാടിക്കണ്ണാ ഞാൻ ഇതുവരെ നിന്നോടെൻ-
സന്താപം മാത്രമേ പറഞ്ഞിട്ടുള്ളൂ ഒരുപാട്
സങ്കടം മാത്രമേ പറഞ്ഞിട്ടുള്ളൂ,
മറ്റൊന്നും തോന്നരുതിപ്പോഴും നിന്നോട്
ദുഃഖങ്ങൾ മാത്രമേ പറയാനുള്ളൂ, തീരാത്ത
ദുരിതങ്ങൾ മാത്രമേ പറയാനുള്ളൂ!

ആരോമൽ ഓമനക്കണ്ണാ നിൻ മേനിയിൽ
ആയിരം കലശങ്ങൾ ആടിയപ്പോൾ, ആ-
തീർത്ഥത്തിൽ നീരാടി നീ നിന്നപ്പോൾ
അറിഞ്ഞില്ലേ അതിലൊരു കലശത്തിലെന്നുടെ
ചുടുമിഴിനീരായിരുന്നുവല്ലൊ!

ആനക്കിടാങ്ങളോടൊപ്പം ഒരു ഉണ്ണിയായ്
ഓടിക്കിതച്ചു നീ എത്തിയപ്പോൾ, ഈ-
ഗോപുര നടയിൽ നീ വന്നപ്പോൾ
പറ ചൊരിഞ്ഞെതിരേൽക്കാൻ ആവാതെ ഇടനെഞ്ഞ്
പൊട്ടിക്കരയുകയായിരുന്നു, അകലെ ഞാൻ
അവശനായ് കഴിയുകയായിരുന്നു!

ഉത്സവത്തിന്റെയുൽസാഹമായ് കൊടിമരം
സപ്ത വർണ്ണക്കൊടിയേന്തിയപ്പോൾ, ഭക്ത
വൃന്ദം തൊഴുതു വണങ്ങിയപ്പോൾ
ആരും മറക്കാത്തോരാരംഗം കാണുവാ-
നാവാതെ ഞാൻ ദൂരെയായിരുന്നു, ഞാൻ-
മിഴിനീരിൽ നീന്തുകയായിരുന്നു!

❖

# കള്ളക്കണ്ണനോട് തന്നെ!

മാനം തെളിഞ്ഞിട്ടും ഓണം പുലർന്നിട്ടും
മാറീലയോ നിൻ പിണക്കം? കണ്ണാ
തീർന്നീലയോ നിൻ പിണക്കം?

കൈനീട്ടും മുൻപേ എനിക്കു നീ, ചാർത്തിയ
കളഭം തരാറില്ലേ കണ്ണാ? നേദിച്ച
വെണ്ണ തരാറില്ലേ കണ്ണാ?
ഇന്നെന്താ,ണിന്നെന്താണിങ്ങനെ, എന്നെ
കണ്ടിട്ടും കാണാത്ത ഭാവം, തീരെ
പരിചയമില്ലെന്ന ഭാവം?

ഓരോ തവണയും കാണുമ്പോൾ നീ വേഗം
ഓടി വരാറില്ലേ കണ്ണാ? ചിരി
തൂകി വരാറില്ലേ കണ്ണാ?
ഇന്നെന്താണോമന മുത്തേ നിൻ മുഖ-
ത്തിന്നോളം കാണാത്ത ഭാവം, ഇനിയും
മായാത്ത ഗൗരവ ഭാവം?

തായാട്ട് കാട്ടി നടന്നത് നിൻകളി-
ത്തോഴിമാരെല്ലാം അറിഞ്ഞോ? യശോ-
ദമ്മയോടെല്ലാം പറഞ്ഞോ?
എന്നിട്ടും സത്യം പറയാതെ നീ, കള്ള-
ക്കണ്ണീരൊലിപ്പിച്ചു നിന്നോ? നിന്റെ
കപട നാട്യങ്ങൾ പൊളിഞ്ഞോ?

മാനം തെളിഞ്ഞിട്ടും ഓണം പുലർന്നിട്ടും
മാറീലയോ നിൻ പിണക്കം? കണ്ണാ
തീർന്നീലയോ നിൻ പിണക്കം?

❖

# രാധയോട്

രാധേ, നീ അണിയിച്ചൊരുക്കിയാൽ, അമ്പാടി-
ക്കണ്ണന്റെ അഴകൊന്നു വേറെ!
ഒക്കത്തെടുത്തുകൊണ്ടോമനിയ്ക്കാൻ തോന്നും, ഒ-
രുമ്മ കൊടുക്കാനും തോന്നും!
രാധേ നീ...

കണ്ണന്റെ തിരുമുടിയിൽ നീ ചാർത്തും പീലിയ്ക്കും
ഒന്നല്ല, ഏഴാണഴക്;
നീലാഞ്ജനമെഴുതിയ മിഴികൾക്കും, കസ്തൂരീ-
തിലകത്തിനും ഏറെയാണഴക്...
രാധേ നീ...

മഞ്ഞപ്പട്ടുടയാട ഞൊറിവെച്ചുടുപ്പിക്കാൻ
എന്നും നിനക്കുണ്ടൊരു കഴിവ്;
കിങ്ങിണി, പൊന്മണിത്താലി - നീ ചാർത്തിച്ചാൽ
ഇന്നും എന്തൊരു മിഴിവ്!
രാധേ നീ...

ഒരു പട്ടുകോണകം മാത്രം ഉടുപ്പിച്ചാൽ-
ആ-വേഷത്തിനും ഉണ്ടൊരഴക്;
കേളികളാടുവാൻ തിടുക്കം കാട്ടുന്ന
കേശവപ്പൈതലിൻ അഴക്!
രാധേ നീ...

❖

# വിസ്മൃതി

ഒരു നോക്കുകാണുവാൻ ഓടിയെത്തി, എന്റെ
ഗുരുവായൂരോമനക്കണ്ണനാമുണ്ണിയെ
ഒരു നോക്കുകാണുവാൻ ഓടിയെത്തി,
ആരും മയങ്ങുന്ന അഴകേറും മേനി ക-
ണ്ടൊരു പാടുനേരം തൊഴുതുനിന്നു,
ഞാൻ തൊഴുതു നിന്നൂ!

ആലിലക്കണ്ണനോ, ടാരാരുമറിയാതെ
പറയുവാൻ പലതുമുണ്ടായിരുന്നു,
എന്നിട്ടും ആ കള്ളച്ചിരിയുടെ ലഹരിയിൽ
ഒന്നും പറയാതെ നിന്നുപോയ് ഞാൻ!

ഓമനിക്കാനൊരു മയിൽപ്പീലി തഞ്ചത്തിൽ
ചോദിക്കണമെന്നുണ്ടായിരുന്നു;
എന്നിട്ടും യാതൊന്നും ചോദിക്കാനാവാതെ
അമ്പരന്നങ്ങിനെ നിന്നുപോയ് ഞാൻ!

❖

# മീര, ഭക്തമീര...

ഗോവർധന ഗിരി ധാരീ, ഹരീ
ഗോവർധന ഗിരിധാരീ,
ഗോപവധൂജന മാനസയമുനാ-
തീരവിഹാരി മുരാരീ...
ഗോവർധന ഗിരി ധാരീ...

ഹരീ,
ഗുരുപവന പുരിയിലമരും
ശ്രീഹരീ...
അപാര കാരുണ്യ പാരാവാരം
ഭുവനാധാരം നന്ദകിശോരം
ഗോപീഹൃദയ നവനീത ചോരം, നീ
രാധാവദന മദന ചകോരം-
ഗോവർധനഗിരി ധാരീ...

ഹരീ, ശ്രീഹരീ,
രാഗവിലോലാ ഞാൻ നിൻ മീരാ, അനു-
രാഗവിലോലാ ഞാൻ നിൻ മീരാ,
വരികരികേ മന്ദം ഹേ, മുരളീധര,
സപ്തസ്വരരാഗ താളതരംഗം
പുളകിതമാകുന്നു എന്നന്തരംഗം,
ഗോകുലബാലാ, ഗോപബാലാ,
ഗോവർധന ഗിരിധാരീ...

രാധാകൃഷ്ണാ, കുഞ്ജവിഹാരീ,
രാധാകൃഷ്ണാ കുഞ്ജവിഹാരീ,
നീയെന്നും എൻ ജീവനലഹരീ,
പകരൂപകരൂ രാഗമാധുരി, എൻ-
മാനസ വൃന്ദാവന സഞ്ചാരീ, ശ്രീഹരി,
ഹേ, വനമാലീ, കൃഷ്ണ മുരാരീ...

❖

# എന്താണിതിന്റെ പരമാർത്ഥം?

*(തിരുനാമാചാര്യന്റെ ജന്മദിനഘോഷത്തോ-
ടനുബന്ധിച്ച് ഗുരുവായൂർ ക്ഷേത്രത്തിലെ
ആദ്ധ്യാത്മിക ഹാളിൽ നടത്തിയ നാമജപ
യജ്ഞത്തിന്റെ വേദിയിൽ വായിച്ചു സമർപ്പിച്ചത്.)*

ഇഷ്ടം തോന്നിയാൽ, ആ ഭക്തരെയിടയ്ക്കിടെ
കഷ്ടപ്പെടുത്തും - ഇതാണത്രെ പണ്ടുമെൻ-
ഗുരുവായൂരപ്പന്റെ ശീലം;
രക്ഷിയ്ക്കുവാനായി തൽക്ഷണം ഓടിവ-
ന്നെത്തും- അതും നിത്യശീലം!

എല്ലാരുമൊരുപോലെ പറയുന്നു, കണ്ണാ
എന്താണിതിന്റെ പരമാർത്ഥം?

എന്നെ മറന്നുവോ കണ്ണനെന്നോർത്തു ഞാൻ
കണ്ണീരിൽ മുങ്ങിത്തുടിയ്ക്കും, തുണയെ നി-
യ്ക്കാരുമില്ലെന്നു പിടയ്ക്കും;
അന്നേരം,മവനോടിയെത്തും, ആനന്ദ-
ക്കണ്ണുനീരായ് അതുമാറ്റും!

എല്ലാരുമൊരുപോലെ പറയുന്നു, കൃഷ്ണാ
എന്താണിതിന്റെ പരമാർത്ഥം?

ഇരവുപകലില്ലാതെ നാമജപം, സദാ
ഹരിചരണപങ്കജ സ്മരണയും - എന്നിട്ടും
പെരുകുന്നു കൊടിയ ദുഃഖങ്ങൾ!
അന്നേരമെങ്ങുനിന്നോ വരും, നീ കുളിർ-
ത്തെന്നലായ് വാരിപ്പുണരും!

എല്ലാരുമൊരുപോലെ പറയുന്നു, കണ്ണാ
എന്താണിതിന്റെ പരമാർത്ഥം?

❖

# ഉഷസ്സേ വിടരുക!

ഉഷസ്സേ, വിടരുക, വിടരുക, ഗുരുവായൂര-
രമ്പല നടയിൽ തിരികൊളുത്താൻ,
മനസ്സേ പാടുക, പാടുക അമ്പാടി-
ക്കണ്ണനാമുണ്ണിയെ തുയിലുണർത്താൻ!

തഴുകിത്തലോടുന്നു പുലരിപ്പൊൻ കതിര്,
താമരക്കണ്ണാ ഉണരുണര്,
ആച്ചി കുളിയ്ക്കണ്ടേ, അണിഞ്ഞൊരുങ്ങേണ്ടേ?
മതി മതി മയക്കം, ഉണരുണര്...

നന്നായ് ഉടുത്തൊരുങ്ങേണ്ടേ കണ്ണാ
ഇന്നല്ലോ നിന്റെ പിറന്നാള്;
ഏതൊരു ഭക്തന്റെ ഹൃദയവും നിമിഷംകൊ-
ണ്ടമ്പാടിയായ് മാറും തിരുനാള്!

ഉറികളിൽ കെട്ടിത്തൂക്കിയ നറുവെണ്ണ
ആരാരും കാണാതെ കവരേണ്ടേ?
പൂച്ചക്കുറിഞ്ഞിയോടൊപ്പം കണ്ണനും
കാച്ചിയപാൽ കട്ടുകുടിയ്ക്കേണ്ടേ?

മറ്റാരും അറിയാതെ മണ്ണായ മണ്ണെല്ലാം
കുട്ടിക്കുറുമ്പാ, തിന്നണ്ടേ?
അടികിട്ടുമെന്നായാൽ പെട്ടെന്നു വായ്തുറ-
ന്നമ്മയെ പേടിപ്പെടുത്തേണ്ടേ?

ആറ്റിൽ നീരാടും ഗോപികമാരുടെ
ആടകൾ വാരി ഒളിയ്ക്കേണ്ടേ?
മാനം മറന്നു തൊഴുമ്പോൾ, അവരുടെ
നാണം നുള്ളിയെടുക്കേണ്ടേ?

❖

# ഒരേയൊരു പ്രാർത്ഥന

**അ**കലെയാണെങ്കിലും ഗുരുവായൂരപ്പാ! നിൻ-
അഴകേറും രൂപം ഞാൻ കാണേണം;
ആ മലർമന്ദഹാസത്തിൻ കുളിരിലെൻ -
ആതങ്കമെല്ലാം ഒഴിയേണം!

കാതോർത്തിരിയ്ക്കും ഞാനെപ്പോഴും: കണ്ണാ നിൻ-
കളമുരളീരവം കേൾക്കേണം;
കാനനച്ചോലതൻ മർമ്മരം പോലും നിൻ-
കാൽച്ചിലമ്പൊലിയായി തോന്നേണം!

മാനത്തു മഴമുകിൽ കാണുന്ന നേരം നിൻ-
കാർകൂന്തലോർമ്മയിൽ തെളിയേണം;
വാർമഴവില്ലിന്റെ ഏഴഴകിൽ നിന്നുടെ
നറുപീലിക്കതിരൊളി വിരിയേണം!

കണ്ണാ നിൻ അളവറ്റ കാരുണ്യമല്ലാതെ
ഞങ്ങൾക്കിന്നെന്തുണ്ടൊരാലംബം?
അനുദിനം തൃപ്പാദ ഭജനം - അതല്ലാതെ
അടിയങ്ങൾക്കെന്തുണ്ടൊരാനന്ദം?

അറിയുന്നേൻ കൃഷ്ണാ! നീയടുത്തില്ലെങ്കിൽ
ഞാനാരുമല്ലെന്ന പരമാർത്ഥം;
"എന്നെപ്പിരിഞ്ഞെങ്ങും പോകല്ലെ, പോകല്ലെ..."
എന്നുമെൻ പ്രാർത്ഥനയിതുമാത്രം!

❖

# അമ്പലപ്രാവുകളോട്

ഗുരുവായൂരമ്പല മതിലകത്തങ്ങനെ
പാറിപ്പറക്കുന്ന പ്രാവുകളേ,
അഴകാർന്ന അമ്പല പ്രാവുകളേ,
പോയ ജന്മത്തിൽ നിങ്ങൾ ആരായിരുന്നു?
പൂന്താനമോ? വില്വമംഗലമോ?

കാണാറുണ്ടല്ലോ ഞാൻ: നിർമ്മാല്യം തൊഴാൻ
കാലേ കുളിച്ചൊരുങ്ങി വരുന്നു നിങ്ങൾ; പിന്നെ
തിരുവാകച്ചാർത്തും തൊഴുന്നു നിങ്ങൾ!
പറയൂ മുജ്ജന്മത്തിൽ ആരായിരുന്നു,
നൽക്കുറൂരമ്മയോ? മഞ്ജുളയോ?

ഓരോ ശീവേലിക്കും "കൃഷ്ണാ ഹരേരാമ" –
നാമം ജപിച്ച് കൂടെ പറക്കും നിങ്ങൾ, പിന്നെ
മിഴി പൂട്ടി കണ്ണനെ ഭജിക്കും നിങ്ങൾ!
മൺമറഞ്ഞ ജന്മത്തിൽ ആരായിരുന്നു?
മാനവേദനോ? സാക്ഷാൽ മേൽപ്പത്തൂരോ?

# എന്തൊരു വിസ്മയം!

ഒരു നോക്കുമാത്രമേ കണ്ടുള്ളൂ, ഞാ-
നൊരുവാക്കു മാത്രമേ പറഞ്ഞുള്ളൂ;
എന്തൊരു വിസ്മയം! അതിനകം ഞാനെന്റെ
അമ്പാടിക്കണ്ണന്റെ അടിമയായി, ഗുരുവായൂ-
രമ്പാടി മുത്തിന്റെ അടിമയായി!

തൊട്ടൂതൊട്ടില്ല കണ്ണൻ - എൻ ചുണ്ടിലെ
പാഴ്മുളന്തണ്ടൊരു മുരളിയായി;
ഒച്ചയേയില്ലായിരുന്നു; അതിലിതാ
മുഗ്ദ്ധരാഗങ്ങൾ ഉയരുകയായ്!

അരികത്തുവന്നെന്നു ഓർത്തതേയുള്ളൂ! ഞാൻ
അടിമുടി കോരിത്തരിച്ചുപോയി;
തെന്നൽ പോലെന്നെ തഴുകിപ്പുണർന്നതെൻ-
കണ്ണനാണെന്നും ധരിച്ചുപോയി; ഞാനാ-
മധുരിക്കും ഓർമ്മയിൽ ലയിച്ചു പോയി!

ഓടിച്ചെന്നാമാറിൽ ചാർത്തുവാൻ ഞാനൊരു
കുടമുല്ലപ്പൂമാല കോർത്തിരുന്നു;
കളിയാക്കിക്കൊണ്ടവൻ ചൊല്ലി; എനിയ്ക്കിഷ്ടം
അനുരാഗപ്പൂ മാലയായിയിരുന്നു, രാധ
അണിയിക്കും വനമാലയായിരുന്നു!

❖

# ശ്രീകക്കാട് ഗണപതി

ആരോമലുണ്ണീ ഉണർന്നോളൂ,
വേഗം കുളിച്ചൊരുങ്ങിക്കോളൂ,
കക്കാട് ഗണപതി ഭഗവാനെ കൈതൊഴാൻ
മുത്തശ്ശിയോടൊപ്പം പോന്നോളൂ,
വഴിനീളെ തിക്കും തിരക്കുമുണ്ടാവും
നേരേ നോക്കി നടന്നോളൂ...
ഓമനേ നന്നായ് നോക്കിക്കോളൂ, മുന്നിൽ
കാണുന്നതാണല്ലോ കക്കാട്,
പ്രണമിയ്ക്കും ഭക്തരിൽ കാരുണ്യം ചൊരിയുന്ന
ഗണപതി ഭഗവാന്റെ കളിവീട്,
ഇന്നേവരും നെഞ്ചിലേറ്റി വാഴ്ത്തും കലാ-
മണ്ഡലത്തിന്റെ തറവാട്!
നടതോറും നടതോറും തോരണം തൂക്കുന്ന
പുലരിക്കതിരൊളി കണ്ടില്ലേ?
ഓംകാര മന്ത്രധ്വനിയായ് മുഴങ്ങുന്ന
ശംഖനാദം, ഉണ്ണീ കേട്ടില്ലേ?
കിളികളെ കണ്ടില്ലേ, സുപ്രഭാതം പാടി
തുയിലുണർത്താൻ വന്നതാണല്ലോ!
ഒട്ടും വൈകേണ്ട, നിർമ്മാല്യ ദർശനം
ഉത്തമമാണെന്നറിഞ്ഞോളൂ,
തിരുമെയ്യിലാടിയ തീർത്ഥ ജലം പോലും
ഔഷധമാണെന്നും ഓർത്തോളൂ,
ഹോമം കഴിഞ്ഞു തരും പ്രസാദം, ആർക്കും
ഐശ്വര്യമത്രേ – ധരിച്ചോളൂ...
ഉള്ളുരുകി പ്രാർത്ഥിച്ചു നിന്നോളൂ, നടയിൽ
ഉടയട്ടെ നൂറ്റെട്ടു നാളികേരം,

സത്യത്തിലുണ്ണീ, ഇതാണല്ലോ നമ്മുടെ
കർമ്മ ദോഷങ്ങൾക്കു പരിഹാരം,
കാരണവന്മാർ പറയുന്നു: ഗണേശൻ
കാരുണ്യത്തിന്റെ അവതാരം!
ഓർക്കാപ്പുറത്താരോ വിഘ്നങ്ങൾ, ശാപങ്ങൾ
ഓടിവന്നെത്തിപ്പിടിയ്ക്കുമ്പോൾ,
ഇത്തിരി പൊന്നിൽ തീർത്തോരു ആന-
ക്കൊമ്പ് നടയ്ക്കൽ വെച്ചോളൂ,
രക്ഷിയ്ക്കാൻ മറ്റാരുമില്ലെന്നെൻ മുത്തേ നീ
പൊട്ടിക്കരഞ്ഞു പറഞ്ഞോളൂ!
ധനുമാസം മുപ്പെട്ടു ശനിനാളിൽ ഇവിടെ
പന്തീരായിരം പതിവാണ്;
ഈ തട്ടകത്തിലെ തൈത്തെങ്ങുകൾ പോലും
ചൊട്ടയിടുമ്പോഴേ പ്രാർത്ഥിക്കുന്നു:
ഇക്കാണും കുലകളും ഇനിവരും കുലകളും
വേട്ടയ്ക്കൊരു മകനേ! നിനക്കാണ്...

❖

# ഒരേയൊരു മോഹം

ഗുരുവായൂരോമനക്കണ്ണാ നിന്നോട്
പറയട്ടെ ഞാനെന്റെ മോഹം,
എന്റെ ഒരേയൊരു മോഹം:
തിരുനടയിൽ നിന്നരികെ വന്നു നി,ന്നൊരുഗാനം
ആലപിയ്ക്കാനൊരു മോഹം, അതു നീയും
കേൾക്കേണമെന്നൊരു മോഹം!
തിരുമുന്നിലർപ്പിയ്ക്കാൻ ഇന്നും നീ തന്ന
സപ്തസ്വരങ്ങൾ മാത്രം,
വരദാനമായ് എനിയ്ക്ക് ഉണ്ണീ നീ തന്ന
ഈരടിയും ഈണവും മാത്രം,
അതു ഞാൻ നേദിച്ചു നറുവെണ്ണ പോലവേ:
അകലെ നിന്നാണെന്നു മാത്രം!
അത്രയും മോഹിച്ചരികത്തു വന്നു നി-
ന്നാലപിച്ചാൽ ഞാൻ വിതുമ്പും,
ആദ്യമായ് കാണുന്നതല്ലേ, ആ ചിന്തയിൽ
നമ്മുടെ മിഴികൾ തുളുമ്പും,
"ഒരു നേരമെങ്കിലും കാണാതെ" ആ ഗാനം
പലവട്ടം പാടി ഞാൻ തേങ്ങും!

❖

# മുത്തും പവിഴവും

## മുത്ത്

ഒളി ചിതറും ഈ തിരുനടയിൽ
ഒരു നേരം വന്നില്ലെങ്കിൽ,
ഒരു നോക്കു കണ്ടില്ലെങ്കിൽ,
ഒരു വാക്കു മിണ്ടീലെങ്കിൽ
ഗുരുവായൂരപ്പാ! ഈ ഞാൻ
തകർന്നു പോകും, ആകെ-
ത്തളർന്നു പോകും!
തിരുമുമ്പിൽ കണ്ണീരോടെ,
കൈനീട്ടി നിൽക്കുന്നേരം
ഹരിചന്ദന ഗന്ധം ചൂഴും
ഓർമ്മകൾക്കോമനിയ്ക്കാൻ
ഒരു പീലി തന്നില്ലെങ്കിൽ
ഗുരുവായൂരുണ്ണിക്കണ്ണാ
കരഞ്ഞു പോകും, ഈ ഞാൻ
കരഞ്ഞു പോകും!
അകതാരിൽ നിനക്കായ് ഇന്നും
ഒരുക്കിയ നറു നവനീതം
കവരുവാൻ വന്നില്ലെങ്കിൽ,
നുകരുവാൻ നീയില്ലെങ്കിൽ
കളിയാടി ഓടിവരും നിൻ-
കാലൊച്ച കേട്ടില്ലെങ്കിൽ
ഗുരുവായൂരോമന മുത്തേ
കുഴഞ്ഞു പോകും, ഈ ഞാൻ
വലഞ്ഞു പോകും!

### പവിഴം

ഗുരുവായൂരുണ്ടൊരു ഉണ്ണി, കണ്ടാൽ
ആരും മയങ്ങുന്നോരുണ്ണി,
അലിവിന്റെ നിറവായോരുണ്ണി, എന്നും
ആയിരം അഴകുള്ളോരുണ്ണി,
ഒരു നാമം മാത്രം ജപിയ്ക്കുന്നോരെപ്പോലും
ഒരിയ്ക്കലും മറക്കാത്തോരുണ്ണി!
ഓരോ മനസ്സിലെ മതിലകത്തങ്ങനെ
ഓടിക്കളിയ്ക്കുന്നോരുണ്ണി,
മറ്റുള്ള പൈതങ്ങളോടൊപ്പം ചിരിതൂകി
മഞ്ചാടിക്കുരു വാരും ഉണ്ണി,
കൊമ്പന്റെ തുമ്പിയിൽ തൂങ്ങിയും ആടിയും
വമ്പത്തം കാട്ടുന്നോരുണ്ണി!
ഒരുനുള്ളു വെണ്ണയ്ക്കും കള്ളച്ചിരിയോടെ
കൈനീട്ടിക്കാട്ടുന്നോരുണ്ണി
കാണിയ്ക്കായർപ്പിയ്ക്കാനൊന്നുമില്ലെങ്കിലും
കാരുണ്യം ചൊരിയുന്നോരുണ്ണി,
അൻപോടെ ഭക്തരെക്കാത്തരുളീടുന്ന
അമ്പാടിക്കണ്ണനാമുണ്ണി!
ഉള്ളുരുകി പ്രാർത്ഥിച്ചു വിളിച്ചാൽ വിളികേൾക്കും
ഉടനേയടുത്തെത്തും ഉണ്ണി,
"അരികെ ഞാനില്ലയോ? സങ്കടം വേണ്ടെ"ന്നു-
മൊഴിയുന്നോരാരോമലുണ്ണി,
മിഴിനീർ തുടയ്ക്കുന്നു, വാരിപ്പുണരുന്നു
തഴുകിത്തലോടുന്നു ഉണ്ണി!

❖

# തീരാത്ത കടപ്പാട്

എന്നുണ്ണിക്കണ്ണാ! കടം തരാമോ ഒരു
വർണപ്പീലി, മയിൽപ്പീലി?
എന്തിനെന്നല്ലേ, നീ ചാർത്തുമ്പോഴതിൻ-
ചന്തം കണ്ടോണ്ടിരിക്കാനാണ്!
ഓരോ പീലി കാണുമ്പോഴും നിന്നെ
ഓർമ വരുന്നൂ വനമാലി!
പാടാൻ മോഹം! നീയെനിക്കായൊരു
പാഴ്മുളന്തണ്ട് കടം തരാമോ?
നീയൊന്നു തൊട്ടാൽ, ഏതു മുളന്തണ്ടിലും
നിരുപമരാഗങ്ങൾ വിരിയുമല്ലോ!
ഓരോ മനസ്സിലും അതുവരെ കേൾക്കാത്തൊ-
രോടക്കുഴൽവിളി തുളുമ്പുമല്ലോ!
മൂവന്തി വാനമേ! കണ്ണനെയുടുപ്പിക്കാൻ
ഒരു മഞ്ഞപ്പട്ടു കടം തരാമോ?
കോണകം മാത്രമുടുത്തവൻ നില്പതു
കാണുമ്പോൾ നാണം തോന്നുന്നു!
ഗോപികമാരുടെ പണിയാണിതെങ്കിലും
നേരോർത്താൽ ഒരുതരം കെണിയല്ലേ?
ഓരോ,ന്നിടയ്ക്കിടെ വന്നു ചോദിക്കുമ്പോൾ
ഓരോ കള്ളച്ചിരി - ഇതെന്താണ്?
കടമായി മേടിച്ചതൊന്നും നീ പിന്നെ
തിരികെത്തരാറില്ല - എന്നാണോ?
ആണെങ്കിൽ നേരാണ്: കണ്ണാ, നീയല്ലാതെ
ആരുണ്ടെനിയ്ക്കു കടം തരുവാൻ?
സത്യത്തിൽ നാം തമ്മിലുള്ള ബന്ധം തന്നെ
തീർത്താലും തീരാത്ത കടപ്പാടല്ലേ?

❖

# കാത്തുനില്പുതന്നെ!

ഒരു പുലരിക്കതി-
രൊളിയിലെൻ കണ്ണന്റെ
അനുപമ സുന്ദര-
നിർമ്മാല്യ ദർശനത്തിനുവേണ്ടി
നാളെത്രയായി ഞാൻ കാത്തുനിൽക്കുന്നു
നടയിൽ, ഗോപുര നടയിൽ
ചാരെക്കാണുവാനാവാതെ!
ഒരു ചെറിയ പീലിയ്ക്കു വേണ്ടി, കണ്ണന്റെ
നെറുകയിൽ ചൂടുന്ന,
തിരുമുടിയിലാടുന്ന
നിറമേഴുമൊഴുകുന്ന
ഒരു പീലിക്കതിരിനു വേണ്ടി,
നാളെത്രയായി ഞാൻ കൈനീട്ടി നിൽക്കുന്നു
ഗുരുവായൂരോമനക്കണ്ണാ, ദൂരെ
മായൊല്ലേ കാറൊളി വർണ്ണാ!
ഹരിചന്ദനത്തിനുവേണ്ടി, ഒരു നുള്ള്
ഹരിചന്ദനത്തിനുവേണ്ടി,
ഓമനക്കണ്ണനെ
പ്രിയ തോഴി രാധിക ചാർത്തുന്ന,
പരിമളം പൊഴിയുന്ന
തൂമണം തൂവുന്ന
കുളിർ ചന്ദനത്തിനുവേണ്ടി
അരികത്തു വരുവാനുമാവാതെ
ആരോടും പറയുവാൻ വയ്യാതെ
അവശൻ ഞാൻ നിൽക്കുന്നു കണ്ണാ!
ഒരു ഗാനശകലനം കേൾക്കാൻ, കണ്ണന്റെ

മുരളിയിൽ പ്രണവമായ്,
പ്രണയാർദ്ര മധുരമാം
ഗോപികാഗീതമായ്
ഉണരുന്ന ഗാനസുധ നുകരുവാൻ
നാളെത്രയായി ഞാൻ കാതോർത്തിരിയ്ക്കുന്നു.
നാളീകലോചനാ ഇന്നും! നിന്നെ
ഒരുനോക്കു കാണുവാൻ, നിന്റെ
കപടനാട്യങ്ങളും, കേളീവിലാസവും
അരുളുന്നൊരനുഭൂതി നുകരാൻ
ഏറെ വിഷാദത്തോ-
ടേകാന്ത പഥികനായ്
കാത്തുനിൽക്കുന്നു ഞാൻ കണ്ണാ
കരുണാമയ,നുണ്ണിക്കണ്ണാ!

❖

# വൈശാഖം വന്നിട്ടും...

അരുതരുത് മുരാരേ!
ശിക്ഷയിമ്മട്ടിലായാൽ
അടിയനതു സഹിക്കാൻ
ശേഷിയില്ലെന്റെ ശൗരേ!
എന്തേയെന്നുണ്ണീ, നിന്നെയീ നടയിൽ
ഏറെനാളായീലോ കണ്ടിട്ട്!
നാദസുധാരസം കിനിയും നാരായണ-
നാമജപഘോഷം കേട്ടിട്ട്!
ഒന്നുകിൽ ഓരോ വഴിയും അടഞ്ഞിട്ട്,
അല്ലെങ്കിലെങ്ങും ഇരുട്ടു നിറഞ്ഞിട്ട്,
ഓടക്കുഴലിൽ കരടു കുടുങ്ങീട്ട്,
ഓരോ പാട്ടും മറന്നു പോയിട്ട്!
വൈശാഖം വന്നതറിഞ്ഞില്ലേ നീ?
വൈവശ്യം മാറുന്നേയില്ലെന്നോ?
രാവുകൾ പകലുകളാക്കി മാറ്റീടുന്ന
പതിവുകളൊക്കെ മറന്നെന്നോ?
പണ്ടത്തെ കാര്യങ്ങളോർക്കുമ്പോൾ മനമൊരു
പാരാവാരമായ് അലറീട്ട്!
പതിവുകളൊന്നായ് മുടങ്ങീട്ട്, പുതിയ
പതിവുകൾ മെക്കട്ടു കേറീട്ട്!
ഇത്തിരി പൈമ്പാൽ, ഒരു നുള്ളു വെണ്ണ,
കഷ്ടിച്ചൊരു കുമ്പിൾ ഉറതൈരും-
കാത്തിരിക്കും ഞാനെന്നറിയാഞ്ഞിട്ടോ? എന്റെ
കാൽപെരുമാറ്റം കേൾക്കാഞ്ഞിട്ടോ?
പാവം നന്ദിനി ചുരത്താൻ മറന്നിട്ട്!
അല്ലെങ്കിൽ ആരും കറക്കാഞ്ഞിട്ട്!

ഒരു വാക്കുപോലും കേൾക്കാഞ്ഞിട്ട്! കണ്ണാ
അതിലേറെ സങ്കടം നിന്നെ കാണാഞ്ഞിട്ട്!
അരുതരുത് മുരാരേ!
ശിക്ഷയിമ്മട്ടിലായാൽ
അടിയനതു സഹിക്കാൻ
ആവതില്ലെന്റെ ശൗരേ!

❖

# എന്റെ വിഷുക്കൈനീട്ടം!

ഗുരുവായൂർ ഓണനക്കണ്ണനാമുണ്ണി, എന്നോട്
ഒരു നാൾ സ്വകാര്യമായ് പുഞ്ചിരിച്ചു:
“എന്നെ നീ കാണുന്നില്ലെങ്കിലും നിത്യവും
നിന്നെ ഞാൻ കാണുന്നുണ്ടല്ലൊ,
നന്നായി കാണാറുണ്ടല്ലോ!”
എന്നിട്ടും എന്തിനാ,ണീ സങ്കടം? നിന്നെ
എന്നും ഞാൻ കേൾക്കാറുണ്ടല്ലൊ, എല്ലാം
നന്നെന്നു തോന്നാറുണ്ടല്ലൊ!
ആ സ്വരലയത്തിൽ, എന്റെ മനസ്സൊരു
രാഗമരാളമായ് നീന്തുമല്ലൊ!
“ഒരു നേരമെങ്കിലും...” ആ വരി കേൾക്കെ ഞാൻ
അറിയാതെ താളം പിടിയ്ക്കും, തുടർ-
വരികൾക്കു കാതോർത്തു നിൽക്കും,
മതിവരുവോളം ഞാൻ ആൾക്കൂട്ടമറിയാതെ
മതിലകക്കാഴ്ചകൾ കാണും, ഇതുവരെ
കാണാത്ത കാഴ്ചയും കാണും!
“എനിയ്ക്കെന്റെ മുരളിയും, നിനക്കു ഹൃദയതന്ത്രിയും
എന്നെന്നും ഒരുപോലെയല്ലോ, മുഗ്ദ്ധ-
സംഗീത സാഫല്യമല്ലൊ!
അറിയുമെൻ തോഴാ, ഇതുതന്നെയാണല്ലോ
ആദിനാദബ്രഹ്മ സൗഭാഗ്യം!
ആജീവനാന്ത സാഫല്യം!
“ഈയിടെ നിന്റെ വരികളിൽ ചുടുമിഴി-
നീർക്കണം കാണാറുണ്ടല്ലൊ, നേർത്ത-
ഗദ്ഗദം കേൾക്കാറുണ്ടല്ലൊ,
അതുമാത്രം അരുതെന്ന് പറയാറില്ലേ നിന്നെ

അരികത്തു കാണുമ്പോഴെല്ലാം?
എൻമിഴി തുളുമ്പുമ്പോഴെല്ലാം?
"ഇതുകൊണ്ടൊന്നും നീ പതറരുത്, വരവായ്
ഇനിയുമൊരു കണിയുമായ് വിഷുക്കാലം,
പുതുമ പൂത്തുലയും വിഷുക്കാലം!
ഈ വഴി വരാൻ മറക്കരുതി,വിടെയുണ്ടല്ലൊ
പതിവുള്ള നിൻ വിഷുക്കൈനീട്ടം! ഞാൻ
കരുതിവയ്ക്കാറുള്ള കൈനീട്ടം!"

❖

# ആ ഗദ്ഗദം

അരികത്തെൻ കണ്ണനുള്ളപ്പോൾ ഒരിക്കലും
അറിയാറേയില്ല ഞാൻ സങ്കടങ്ങൾ,
പലരുണ്ട് ചുറ്റിലും - എന്നാൽ മറ്റാരോടും
പറയാറേയില്ലെന്റെ വ്യസനങ്ങൾ!
മതിലകത്തെത്തുമ്പോഴേയ്ക്കുമെന്നെ ആരോ
മാടി വിളിയ്ക്കുന്നതായി തോന്നും,
“കാത്തിരിപ്പാണ് ഞാൻ നിന്നെ...” - ഈ മൊഴി
കാതിൽ മുഴങ്ങുന്നതായും തോന്നും!
ചുറ്റമ്പലത്തിലും അവിടെയുമിവിടെയും
കളഭം മണക്കുന്നതായി തോന്നും,
നെയ്ത്തിരി നാളങ്ങൾക്കെന്തൊരു പരിമളം!
നീലക്കാർവർണ്ണന്റെ വികൃതിയാവാം!
തൊഴുതിട്ടും തൊഴുതിട്ടും മതിവരാതെ, ഞാനാ-
നടയിൽ നിന്നറിയാതെ വിതുമ്പും,
അതുകണ്ടാൽ എന്നുണ്ണിക്കണ്ണന്റെ താമര-
മിഴിയിലും കണ്ണീര് തുളുമ്പും!
പറയാറുണ്ടെൻ കണ്ണനിപ്പോഴും കുസൃതികൾ
പലതും, അതിനൊട്ടും മാറ്റമില്ല:
“പാല് കുടിച്ചെന്നു തോന്നണമെങ്കില-
പ്പാലെൻ കുറൂരമ്മ തന്നതാവും,
ഇന്നും മുട്ടിക്കുടിയ്ക്കണമെങ്കിലെൻ-
നന്ദിനി തന്നെ ചുരത്തിടേണം,
ഇത്തിരി നേരം മതി,യെന്നാൽ നിത്യവും
കൂട്ടുകാർക്കൊപ്പം കളിച്ചിടേണം...”
നാമസപ്താഹത്തിൻ ആരവം കേൾക്കാതെ,
നാരായണീയം ജപിയ്ക്കാതെ

പലതും മറന്നുപോയ്! കണ്ണാ എന്നോടു-
പരിഭവം അരുതെന്ന തേങ്ങലോടെ,
"പോയ്‌വരട്ടെ, കാണാം വൈകാതെ,യെന്നു ഞാൻ
പതിവുപോലെ യാത്ര പറയുമ്പോൾ
എന്നും കേൾക്കാം ഒരു നേർത്ത ഗദ്ഗദം:
ഇന്നെങ്ങും പോകേണ്ട, നാളെയാവാം..."

❖

# രാധാമാധവ രാഗതരംഗം

കൃഷ്ണൻ:
ആദ്യാനുരാഗാർദ്രപ്പൂനിലാവാ,യെന്നെ
അടിമുടി തഴുകിയ പ്രണയിനി രാധേ,
നുണക്കുഴിപ്പൂ ചൂഴും കവിൾക്കൂമ്പിൽ തെളിഞ്ഞതെൻ-
നഖക്ഷതമോ? നിൻ രാഗപരിഭവമോ?

രാധ:
അതുമാത്രം എനിയ്ക്കിന്നും അറിഞ്ഞുകൂടാ!
അതുമാത്രം ആരോടും പറഞ്ഞുകൂടാ!

കൃഷ്ണൻ :
അരിമുല്ലപ്പൂനുള്ളി, നുള്ളി നീ കള്ള-
ച്ചിരിയുമാ,യെന്നരികേ വന്നപ്പോൾ,
മറ്റാരും കേൾക്കാതെ, ഓമനേ! ഞാൻ നിന്റെ
കാതിൽപ്പറഞ്ഞതെന്താണ്? ഓർമ്മയുണ്ടോ?

രാധ:
അതുമാത്രം എനിയ്ക്കിന്നും ഓർമ്മയില്ല,
ഓർമ്മയിൽ അതുമാത്രം തെളിയുന്നില്ല!

കൃഷ്ണൻ:
യമുനയി,ലോളങ്ങൾ തോഴിമാരായ് നിന്നെ-
ക്കളിയാക്കിപ്പല കഥയും കിണുങ്ങിയപ്പോൾ
നീന്തിക്കുളിയ്ക്കാതെ നീ പോയതെന്തേ? മുഖം
ചെമ്പനീർപ്പൂപോലെ തുടുത്തതെന്തേ?

രാധ:
ഞാനത് ആരോടും പറഞ്ഞിട്ടില്ല! ഇന്നും
ഞാനല്ലാ,താരും അറിഞ്ഞിട്ടില്ല!

❖

# ഒരു ചെറിയ സ്വകാര്യം

**ക**ണ്ടാൽ മതി - എന്ന് തോന്നില്ല, ഒന്നു
കണ്ടാലോ? മതിയെന്നും തോന്നില്ല.
എത്ര കണ്ടാലും മതിയെന്നു തോന്നാത്തൊ-
ഗുരുവായൂരോമന കൃഷ്ണനുണ്ണി!
ഒട്ടം മടിയ്ക്കേണ്ട ചോദിക്കാൻ, ഇവിടെ വേ-
ണ്ടത്രയുണ്ടല്ലോ നറുവെണ്ണ,
എപ്പോൾ വേണമെന്നാലും എടുത്തോളൂ
ഇപ്പോൾ കലക്കിയ ഉറതൈര്!
കൈനീട്ടിക്കാട്ടുന്നതെന്തിനാണ്?
അവിൽപ്പൊതിക്കാണോ? ആവാലോ!
പൈമ്പാലാണോ വേണ്ടത്? നന്ദിനിപ്പയ്യ്
പറയാതെത്തന്നെ ചുരത്തൂലോ!
കെട്ടിയൊരുങ്ങാൻ പലതരം വീരാളി-
പ്പട്ടുണ്ട്, തള വള ചിലങ്കയുണ്ട്.
മരതക മണിയണിക്കിങ്ങിണിയുണ്ട്,
അണിയിക്കാൻ തോഴിമാർ കൂടെയുണ്ട്!
ഉണ്ണിക്കണ്ണാ! നിന്റെ പൊന്നോടക്കുഴലിൽ
ഉണരാത്ത രാഗങ്ങളില്ലയല്ലോ!
യമുനയിൽ ഓളങ്ങൾപോലെയാണെപ്പോഴും
പുതുമകൾ പുണരാത്ത താളമില്ല!

❖

# ഇനിയെങ്കിലും കണ്ണാ ആടാട്

കണ്ണാ, കണ്ണാ, ഇനിയെങ്കിലും എന്റെ
കണ്മുന്നിലൊന്നു നീ ചാഞ്ചാട്,
എന്റെ മനസ്സിലെ തേന്മാവിൻ കൊമ്പിലെ-
പൊന്നൂഞ്ഞാലില് ചെരിഞ്ഞാട്!
എത്ര നാളായീ ഞാൻ കണ്ടിട്ട്, എന്റെ
മുത്തേ ഒരു വാക്ക് മിണ്ടീട്ടും!
നിർമാല്യകാന്തിതൻ മംഗളഭംഗിയിൽ, ആ
മലർമന്ദഹാസത്തിൽ വിരിയുന്ന ചന്തത്തിൽ
തഞ്ചത്തിൽ, താളത്തിൽ ചാഞ്ചാട്!
അവതാരം കഥയില് മുല്ലപ്പൂ ചുറ്റുന്ന
അഴകോടെ കണ്ണാ നീ ചാഞ്ചാട്,
പൊന്മണിക്കിങ്ങിണി കിഴിയുന്ന ചേലില്,
പീലിത്തിരുമുടി അഴിയുന്ന ചേലില്,
ഗോരോചനക്കുറി മായുന്ന ചേലില്
പട്ടുടയാട ചുളിയുന്ന ചേലില്
ആടാട് കണ്ണാ നീ ആടാട്...!
"കരുണചെയ്‌വാനെന്തു താമസം!" - കരയുന്നോ-
രടിയന്റെ ഹൃത്തിലും ആടാട്,
നൽക്കുറൂരമ്മയ്ക്ക് കണികാണുവാനും,
മേല്പത്തൂരിന്നു പകർത്തുവാനും,
പൂന്താനത്തിനു പാടാനും പണ്ടുനീ
ആടിയപോലൊന്നു ആടാട്...
ചാഞ്ചാടുണ്ണി ചെരിഞ്ഞാട്!

# ഒരേ വിചാരം

ഇനിയെന്നു കാണും നമ്മൾ?
ഇനിയെവിടെ കാണും നമ്മൾ!
പലനാളുകൾ ഇരവും പകലും
ഇതുതന്നെ എന്റെ വിചാരം,
കുറെയേറെ നാളുകളായി
ഇതു തന്നെ എന്റെ വിചാരം!
ഇനി,യെന്നു തരും ഞാൻ എന്റെ
മണിവർണ്ണനു തൂവെണ്ണ?
മലരവിലും പഞ്ചാമൃതവും
പൈമ്പാലും കദളിപ്പഴും?
മറ്റൊന്നില്ലല്ലോ എൻ-
മനതാരിൽ വേറെ വിചാരം!
പാതിമയക്കത്തിൽ, പുലരിയിൽ
നിർമ്മാല്യം കണികാണും ഞാൻ,
തിരുമെയ്യിൻ ചാരുത
തിരുവാകച്ചാർത്തും കാണും,
കണികാണാൻ ഇതുമതിയല്ലൊ!
എന്നാണെൻ ഏക വിചാരം!
തിരുമാലിയാമെൻ കണ്ണനെ
വനമാലിയാക്കണമെന്നും,
തളിർമേനിയി, ലടിമുടി കളഭം
അഭിഷേകം ചെയ്യണമെന്നും
എന്നും ഞാൻ മോഹിയ്ക്കുന്നൂ
എന്നാണതു സാധിയ്ക്കുന്നു?
ഇപ്പോഴും എല്ലായ്പ്പോഴും
ഈവിധമാണെന്റെ വിചാരം!

❖

# അഷ്ടമിരോഹിണി കൃഷ്ണവേഷം!

**അ**ഷ്ടമിരോഹിണീ കൃഷ്ണന്റെ വേഷം ഇ-
ന്നസ്സലായിട്ടുണ്ട് കണ്ണാ, ഇതിങ്ങനെ
അണിയിച്ചൊരുക്കിയ, താരേ മുത്തേ?
രാധയാണോ, സത്യഭാമയാണോ, അതോ
സാക്ഷാൽ രുക്മിണീദേവിയാണോ?
ഇവരാരുമല്ല, നിൻ ഓതിയ്ക്കൻമാരിലെ
ഭവദാസനാണോ? കൃഷ്ണനാണോ?
ഗുരുവായൂരമ്പലത്തിൽച്ചെന്നാൽ കണ്ണന്റെ
പലപല വേഷങ്ങൾ കാണാം,
ആ വേഷം ഉൾക്കണ്ണിൽ കാണുവാൻ കണ്ണന്റെ
അളവറ്റ കാരുണ്യം വേണം!
ചിലനേരം ശ്രീലക,ത്തുദയശ്രീ പൊഴിയുന്ന
അരുണാർക്കനെപ്പോലെ തോന്നും,
അല്ലെങ്കിൽ നന്നായുടുത്തൊരുങ്ങും ഒരു
അവതാരകൃഷ്ണനായ് തോന്നും!
തിരുവാകച്ചാർത്തിന്റെ നേര,ത്തലങ്കാരം
തീരെയില്ലാതെയും കാണാം,
ഒരു പട്ടുകോണകം പോലും ഉടുക്കാത്ത
നാണംകുണുങ്ങിയായും കാണാം!
ചിലനേരം സോപാനഗാനാലാപനം
താളംപിടിച്ചുനിന്നാസ്വദിക്കും,
രാധാമാധവലീലകൾ കേൾക്കുമ്പോൾ
നാണത്താ,ലാമുഖം തുടുക്കും!
ചിലനേരം മതിലക,ത്തമ്പലപ്രാവുകൾ
ക്കിടയിൽ കളിപ്പതും കാണാം,

കാലിൽ മുറിവേറ്റ നന്ദിനിപ്പയ്യിനെ
ത്താലോലിക്കുന്നതും കാണാം!
ചിലനേരം ഉണ്ണിക്കിടാങ്ങളോടൊപ്പം കുന്നി-
ക്കുരു വാരി വാരി കളിയ്ക്കും,
ആരും തിരിച്ചറിയാതിരിക്കാൻ വേഗം
നാലമ്പലത്തിൽ പോയൊളിയ്ക്കും!
കരയുന്ന ഭക്തനെ കണ്ടാൽ കണ്ണന്റെ
മിഴികളും താനേ തുളുമ്പും
"ഞാനില്ലയോ കൂടെ" - യെന്നോതി
വാരിപ്പുണർന്നു വിതുമ്പും!

❖

# അടിയങ്ങൾ കഷ്ടത്തിലായീലോ!

**അ**മ്പാടിക്കണ്ണാ, കാറൊളിവർണ്ണാ,
അടിയങ്ങൾ കഷ്ടത്തിലായീലോ,
അടിതെറ്റി വീണുപിടയും ഞങ്ങൾ
അളവറ്റ ദുഃഖത്തിലായീലോ!
ആപൽഘട്ടത്തിൽ അഭയമേകാൻ വേറെ
ആരുമി,ല്ലാ സത്യം അറിയാലോ!
നീരദവർണ്ണാ ഞങ്ങൾക്കൊരു തുണ
നീയല്ലാതെ മറ്റാരുണ്ട്?
ചോദിക്കാനും പറയാനും ഞങ്ങൾക്കു
നീയില്ലെങ്കിൽ,പ്പിന്നെയാരുണ്ട്?
സങ്കടം കേൾക്കാനും സാന്ത്വനമരുളാനും
അമ്പാടിമുത്തേ വേറാറുണ്ട്?
ഈ തിരുസന്നിധിപോലെ ഞങ്ങൾക്കു-
മറ്റൊരു നിധിയെങ്ങും ഇല്ലല്ലൊ,
ഇതുപോലൊരു മുളന്തണ്ട് ഇന്നും
ഈരേഴു പാരിലും ഇല്ലല്ലൊ,
ഈ മലർമന്ദഹാസം തരും സാന്ത്വനം
ഇന്നും ഒരുൾക്കുളിരാണല്ലോ!
അകലെയാണെങ്കിലും എപ്പോഴും നീ ഞങ്ങൾ-
ക്കരികിലാണെന്നതേ സത്യമെന്നും,
കഥയെന്തുമാവട്ടെ, നമ്മൾക്കൊരിക്കലും
കനവിലും പിരിയുവാനാവില്ലെന്നും
പരമാർത്ഥം മറ്റൊന്നില്ലെന്നു നാം അന്യോന്യം
പതിവായി പറയാറുണ്ടല്ലൊ എന്നും!

❖

# ആ പരിഭവം

**കാ**റൊളിവർണ്ണാ പറയൂ: നിൻ പീലി-
ക്കാർകൂന്തലാകെ അഴിഞ്ഞതെന്തേ?
കസ്തൂരീതിലകം മാഞ്ഞതെന്തേ? നിന്റെ
മഞ്ഞപ്പട്ടാട കിഴിഞ്ഞതെന്തേ?
ഗോപികമാരുടെ പണിയാണോ? നിന്റെ
രാധയൊപ്പിച്ച കെണിയാണോ?
കാതിലെ കുണ്ഡലങ്ങൾ വീണു പോയോ മണി-
മാലകൾ ആരോ കൊണ്ടുപോയോ?
കനകക്കിങ്ങിണി ഊർന്നുപോയോ? തങ്ക-
ത്തളയും വളകളും കളവുപോയോ?
ഗോപികമാർ കളിപ്പിച്ചതാണോ? നിന്റെ
രാധ ഒളിപ്പിച്ചു വച്ചതാണോ?
എന്തു ചോദിച്ചാലും കണ്ണാ നീയിങ്ങനെ
ഒന്നും പറയാതെ നിൽപ്പതെന്തേ?
പതിവുപോ, ലോടിപ്പോകാത്തതെന്തേ? പൊ-
ന്നോടക്കുഴൽ വിളിയ്ക്കാത്തതെന്തേ?
പലതും കേട്ടു മടുത്തതാണോ? മുഖം
പരിഭവം കൊണ്ടു തുടുത്തതാണോ?

❖

# തീരാത്ത സംശയം

എങ്ങോട്ടു യാത്ര പുറപ്പെട്ടാലും
എത്രയോ ദൂരങ്ങൾ പിന്നിട്ടാലും
ഒട്ടും വഴി പിഴയ്ക്കാതെ, യെല്ലായ്പ്പൊഴും
എത്തുന്നു ഞാനീത്തിരുനടയിൽ! എന്റെ-
യമ്പാടിമുത്തിന്റെ സന്നിധിയിൽ!
ഇരവും പകലും അറിയാതെ,
ഇടംവലം നിന്നു തിരിയാതെ,
കോടമഞ്ഞും കുളിർകാറ്റും മഴയുമെൻ-
കൂടെയുണ്ടെന്നതും ഓർക്കാതെ, ഞാനീ-
നടയിൽത്തന്നെ വന്നെത്തുന്നു!
പലവഴി മുന്നിൽത്തെളിഞ്ഞിട്ടും
ചിലതെല്ലാം മാടി വിളിച്ചിട്ടും
എല്ലാം മറന്നുകൊ,ണ്ടെന്നെ മറന്നുകൊ-
ണ്ടെത്തുന്നു ഞാ,നെന്നും നേർവഴിയിൽ, നറു-
വെണ്ണ മണക്കുന്ന നടവഴിയിൽ!
വഴിയേറെ തെറ്റേണ്ടതായിരുന്നു, വേറെ-
വഴികാണാതുഴലുകയായിരുന്നു,
ചാരത്തും ദൂരത്തും മുന്നിലും പിന്നിലും
തീരേ വെളിച്ചമില്ലായിരുന്നു, എന്നിട്ടും
എത്തുന്നു ഞാനീത്തിരുനടയിൽ!
തീരാത്ത സംശയമിപ്പോൾ: എൻ പിന്നിൽ നി-
ന്നാരോ വെളിച്ചം തെളിച്ചിരുന്നോ?
ഏതോരിരുട്ടിലു, മെൻ കൈ പിടിച്ചുകൊ-
ണ്ടാരോ മുന്നിൽ നടന്നിരുന്നോ? കൊഞ്ചും
ചിരിയിലെ, ന്നുൾക്കണ്ണുണർന്നിരുന്നോ?

# നേരു പറയൂ...

**ഒന്ന്**

**നേ**രോതുക: ആദ്യം കാണുവാൻ ഞാൻ ഏതു-
പേരു വിളിയ്ക്കണം കണ്ണാ?
വനമാലിയെന്നോ, നറുവെണ്ണ കവരുന്ന
വികൃതിയെന്നോ, തിരുമാലിയെന്നോ?
എന്നടുത്തോടിയെത്തുമ്പോൾ, നിനക്കാദ്യം
എന്തു തരേണമെൻ കണ്ണാ?
പത വറ്റീടാത്ത പൈമ്പാലോ, നീ
പതിവായ് കവരുന്ന ഉറതൈരോ?
എന്മുന്നിൽ ചിരിതൂകി നിൽക്കുമ്പോൾ ഞാൻ ആദ്യം
എന്തു ചോദിയ്ക്കണം കണ്ണാ?
ഒന്നും പറയാതെ നിന്നാലോ? എന്റെ
കണ്ണാ നീയെന്നെ മറന്നാലോ?
കാണിയ്ക്ക വെയ്ക്കുവാൻ ഒരു പിടി അവിൽ പോലും
കരുതിയിട്ടില്ല ഞാൻ – അറിയാമോ?
എന്നാലും ഓർമ്മകൾക്കോമനിയ്ക്കാനൊരു
പൊന്മയിൽപ്പീലി നീ തരുമോ?

**രണ്ട്**

അരിമുല്ലപ്പൂവേ നിൻ ഇതളുകളിൽ ഇത്രയും
പരിമളം കൈവന്നതെന്നാണ്?
മൊട്ടായിരിക്ക്മ്പോൾ, ഒരു നാൾ കണ്ണൻ വ-
ന്നുമ്മവെച്ചു! അന്നുണ്ടായതാണ്!
പൈങ്കിളിപ്പെണ്ണേ നിൻ കൊക്കിൽ ആദ്യമായ്
ചെഞ്ചായം നീ കണ്ടതെന്നാണ്?
കണ്ണന്റെ അധരങ്ങൾ തെരുതെരെ ആദ്യമായ്

ചുംബിച്ചതെന്നാണോ, അന്നാണ്?
താമരപ്പൂവേ നിന്നുള്ളിൽ ഇപ്പോഴും
തേൻകണം തുളുമ്പുന്നതെന്താണ്?
കൈനിറയെ, കൈനിറയെ കവരാനും നുകരാനും
കണ്ണൻ വരാത്തതുകൊണ്ടാണ്
നേരം വൈകീട്ടും പെൺമയിലേ നീ
പീലി വിടർത്താത്തതെന്താണ്?
നിർത്തിയ പീലികളത്രയും കണ്ണന്
ചാർത്താൻ കൊടുത്തതുകൊണ്ടാണ്

**മൂന്ന്**

കോടക്കാർവർണ്ണാ, എന്നെ നിൻപ്രിയമേറും
ഓടക്കുഴലാക്കി മാറ്റൂ,
പൊട്ടിച്ചിതറുമീയപസ്വരമൊക്കെയും
സപ്തസ്വരങ്ങളായ് തീർക്കൂ!
തുളവീണപാഴ്മുളം തണ്ടാണിവനെന്ന
ദുഃഖം നീ പാടിയകറ്റൂ
അടിയന്റെ ഈരടിയിൽ താനേ വഴിയും
ഗദ്ഗദം നീയൊന്നു കേൾക്കൂ!
ഗോപികൾ മയങ്ങും രാഗാർദ്രഗാനം ഈ-
ഓടക്കുഴലിലും പകരൂ;
എന്നന്തരംഗം നിൻ തിരുവരങ്ങാക്കി
ആനന്ദ നടനം തുടരൂ!

# മാപ്പു തരൂകണ്ണാ, മാപ്പുതരൂ!

ദുഃഖവും സുഖവും ഭഗവാൻ കനിഞ്ഞരുളും
നൽപ്രസാദമാണെന്നതല്ലോ സത്യം?
ഇരുളും വെളിച്ചവം അവിടുത്തെയളവറ്റ
കാരുണ്യമെന്നതല്ലോ പരമാർത്ഥം?
വൈകീ, ഞാനിത് തിരിച്ചറിയാൻ അല്പം
വൈകീയെന്നതല്ലോ യാഥാർത്ഥ്യം?
മാപ്പുതരു കണ്ണാ മാപ്പു തരൂ, എന്റെ
മതിഭ്രമങ്ങൾക്കു നീ മാപ്പുതരൂ!

നേട്ടങ്ങളോരോന്നും എന്റെയദ്ധ്വാനത്തിൻ-
നേർഫലം മാത്രമെന്ന് വരുത്തീ ഞാൻ!
ഓരോ കോട്ടവും അന്യർചെയ്യും ആഭി-
ചാരം മൂലമാണെന്നും തിരുത്തീ ഞാൻ!
അല്പത്തം കൊണ്ടുഞാ, നപ്പൊഴെല്ലാമെന്റെ-
അമ്പാടിക്കണ്ണനെ മറന്നിരിയ്ക്കാം!
മാപ്പു തരു കണ്ണാ മാപ്പുതരൂ, എന്റെ
മതിഭ്രമങ്ങൾക്കു നീ മാപ്പുതരൂ!

മറ്റുള്ളോരെപ്പോലെയ, ല്ലെനിയ്ക്കൊരിയ്ക്കലും
തെറ്റുപറ്റില്ലെന്നു ഞാൻ വിശ്വസിച്ചു!
മറുവഴി മുട്ടിയോരെൻ ക്രൂരതകൾപോലും
പൊറുക്കുമെന്നും ഞാൻ അഹങ്കരിച്ചു!
ഉറ്റവർ, ഉടയവർ ഒരിയ്ക്കലുമീയെന്നെ
വിട്ടുപോവില്ലെന്നും ഞാൻ ധരിച്ചു!
മാപ്പുതരൂ കണ്ണാ മാപ്പുതരൂ, എന്റെ
മതിഭ്രമങ്ങൾ നീ മാപ്പുതരൂ!

പൂങ്കവിൾ മുകർന്നും തൂമണം നുകർന്നും
പൂവാടി തോറും ഞാൻ അലഞ്ഞിരിയ്ക്കാം;
അഴകേറും പൂവുകൾ ഒരു നാൾ പൊടുന്നനെ
കൊഴിയും-ഈ സത്യം ഞാൻ മറന്നിരിയ്ക്കാം;
ചെറുതെന്നലിൽ തറയിൽ വീണടിഞ്ഞപൂക്കളെ
ചവിട്ടിമെതിച്ചു ഞാൻ നടന്നിരിയ്ക്കാം!
മാപ്പുതരൂ കണ്ണാ മാപ്പുതരൂ, എന്റെ
മതിഭ്രമങ്ങൾക്കു നീ മാപ്പുതരൂ!

❖

# എന്താണിതിന്റെയൊരു പേര്?

എന്നുണ്ണിക്കണ്ണാ, മനസ്സിലാകുന്നില്ല;
എന്താണിതിന്റെയൊരുപേര്?
ദുർവ്വിധിയെന്നോ, ദുരിതമെന്നോ, കൊടും
ദുഃഖമെന്നോ, കൊടിയ ശാപമെന്നോ?
ദുർവൃത്തി തൻഫലമെന്നോ? മുജ്ജന്മ-
സുകൃതക്ഷയം തന്നെയെന്നോ?
എന്നുണ്ണിക്കണ്ണാ, മനസ്സിലാകുന്നില്ല
എന്താണിതിന്റെയൊരു പേര്?
അറിയാതെ ചെയ്തോരപരാധമാകിലും
അനിവാര്യമോ ശിക്ഷ കണ്ണാ
ആ ശിക്ഷ സത്യത്തിലിത്രയും ദുസ്സഹ-
മാവേണമെന്നുണ്ടോ കണ്ണാ?
എൻമണി മുത്തേ മനസ്സിലാകുന്നില്ല;
എന്താണിതിന്റെ യൊരു പേര്?
പല പല തെറ്റുകൾ കുറ്റങ്ങൾ ഞാൻ നിന്നോട്
പറയാറുണ്ടല്ലോ മണിവർണ്ണാ;
പലനാളും നിൻ മുന്നിൽ കണ്ണീരൊഴുക്കി ഞാൻ
നിലവിളിയ്ക്കാറില്ലേ കണ്ണാ?
"അരുതരുത്, കരയരുത്" - എന്നൊരു സാന്ത്വനം
ചൊരിയാറുണ്ടല്ലോ നീ കണ്ണാ?
എന്നിട്ടും നീയൊന്നും അറിയുന്നേയില്ലെന്നോ?
എന്താണീ മൗനത്തിൻ പേര്?
നിരവധിയപരാധം ചെയ്താലും, മുൻപൊക്കെ
നീ പൊറുക്കാറില്ലേ കണ്ണാ?
സ്വരമേഴും പാടേ പിഴച്ചാലും നീ മുഗ്ദ്ധ-
സ്വരമാക്കിടാറില്ലേ കണ്ണാ?

“അറിയാതെയാണല്ലോ, സാരമി”-ല്ലെന്നു നീ
പറയാറുമുണ്ടല്ലോ കണ്ണാ?
എന്നിട്ടുമിപ്പോഴും നീയെന്താണിങ്ങനെ?
എന്താണിതിന്റെ പരമാർത്ഥം?
ഒരു നോക്കു കാണാൻ കൊതിച്ചും, കിതച്ചു മ-
ത്തിരുനടയിൽ ഞാനോടി വന്നാൽ,
പരിഭവം തോന്നേണ്ടയെന്നോർത്ത്, യാതൊന്നും
പറയാതെ നിൻ മുന്നിൽ നിന്നാൽ,
ഒരു കള്ളച്ചിരിയോടെ വാരിപ്പുണരാൻ നീ-
യരികേ വരാറില്ലേ കണ്ണാ?
എന്നിട്ടുമിപ്പോളൊരു മാറ്റം! എന്നുണ്ണീ
എന്തിനീ വിധി വൈപരീത്യം?

# കുറൂരമ്മയുടെ അപൂർവ്വ ഭാഗ്യം

അപ്പോൾ കണ്ണനെ ഞാൻ വിളിയ്ക്കും,
ഇപ്പോൾ കണ്ണനെ ഞാൻ വിളിയ്ക്കും,
എപ്പോഴും കണ്ണനെ ഞാൻ വിളിയ്ക്കും,
എന്നുണ്ണിക്കണ്ണനെ ഞാൻ വിളിയ്ക്കും
നീരദവർണ്ണാ! പരിഭവം തോന്നല്ലേ
നീയല്ലാതെനിയ്ക്കാരുണ്ട്? ഈ-
പാവം കുറൂരമ്മയ്ക്കാരുണ്ട്?
അകലെയാണെങ്കിലും ഓടിയെത്തും
അരികത്താണെങ്കിലോ പാടിയെത്തും
മടിയിൽ കയറി ഇരിയ്ക്കും, പിന്നെ
മാറിൽ മയങ്ങിക്കിടക്കും, ഈ-
പതിവുമുടക്കരുതുണ്ണീ, നീയല്ലാതെ
പാവം കുറൂരമ്മയ്ക്കാരുണ്ട്?
കളിയായെൻ തോടകൾ ആട്ടും നീ,
വികൃതികൾ ഒന്നൊന്നായ്ക്കാട്ടും നീ,
കുളിരിളം തെന്നലായ് അടിമുടിയെന്നെ
തഴുകിത്തലോടി രസിയ്ക്കും നീ!
പതിവിതു തുടരൂ കണ്ണാ നീയല്ലാതെ
പാവം കുറൂരമ്മയ്ക്കാരുണ്ട്?
പൈമ്പാൽ കണ്ടാൽ കവർന്നെടുക്കും
കണ്ടാൽ ഓടിയൊളിയ്ക്കും നീ,
“അമ്മേ ഞാനല്ല, പൂച്ച കുടിച്ചതാ-”
ണെന്നൊരു ഭാവം നടിയ്ക്കും നീ,
കള്ളക്കണ്ണീരുമായ് നിൽക്കും നിന്നെ
കാണാനെന്തൊരു ചേലാണ്!
പേടിച്ചു പോയി ഞാ,നൊരുദിനം നിന്നെ

പൂജാമുറിയിൽ കണ്ടില്ല,
നാലിറയത്തും, മഴയിൽ നീ നീരാടും
നടുമുറ്റത്തും ഞാൻ കണ്ടില്ല,
തേടി നടന്നുഞാ,നെല്ലാടവും നോക്കി,
ഒരിടത്തും നിന്നെ കണ്ടില്ല!
ഓർമ്മയില്ലേ കണ്ണാ, നീ കാട്ടിക്കൂട്ടുന്ന
വികൃതികൾക്കതിരില്ലാതായപ്പോൾ,
വനമാലിയല്ല നീ,യെൻ മുന്നിലും മഹാ-
തിരുമാലിയാണെന്നറിഞ്ഞപ്പോൾ,
"നിൽക്കേണ്ട, കാണേണ്ട, നിയ്ക്കെങ്ങാട്ടെങ്കിലും
പൊയ്ക്കോളൂ" - എന്നു ഞാൻ ക്ഷോഭിച്ചപ്പോൾ,
പൊട്ടിച്ചിരിച്ചെന്നരികത്തുവ,ന്നെന്നെ-
ക്കെട്ടിപ്പിടിച്ചു നീ നിന്നേയുള്ളു!
കാരണമിതുമാത്രം നമ്മൾക്കിരുവർക്കും
കാണാതിരിയ്ക്കുവാനാവില്ലല്ലൊ!
അപ്പോഴാണു ഞാൻ അതുവരെക്കാണാത്തോ-
രത്യത്ഭുതം നേരിൽ കാണുന്നൂ
എന്റെ മനസ്സിലെ പൊന്നൂഞ്ഞാലിൽ
എന്നുണ്ണിക്കണ്ണൻ ചാഞ്ചാടുന്നൂ!
എത്ര തപസ്സുചെയ്താലും ലഭിയ്ക്കാത്ത
ഭാഗ്യം, ഭാഗ്യം! എന്നോർക്കുന്നൂ...

❖

# രാധാമാധവം

**ശ്രീ**കൃഷ്ണൻ
എൻപ്രിയ സഖി രാധേ! ഒരു വാക്കു പറയാതെ
ഇന്നലെ നീ,യെങ്ങുപോയി, പ്രിയേ
ഇന്നലെ നീയെന്തേ പോയി?

രാധ
നറുവെണ്ണയും കുറെ ഗോപികളുമായാൽ
നിനക്കെന്തിനാണൊരു രാധ? രാഗ-
പരവശയാം പാവം രാധ?

ശ്രീകൃഷ്ണൻ
കണ്ണന് കളിത്തോഴി രാധമാത്രം-എന്ന്
കളിയാക്കാത്തവർ ആരുണ്ട്? ഈ
ഗോപവാടത്തിൽ ആരുണ്ട്?

രാധ
അതിലിത്ര പരിഭവിയ്ക്കാൻ എന്തുണ്ട്? അവർ
പറഞ്ഞതല്ലേ ഇന്നും പരമാർത്ഥം, എന്നും
നിനക്കു ഞാൻ; എനിയ്ക്കോ നീ മാത്രം!
ശ്രീകൃഷ്ണൻ
അനുരാഗലീലകളിൽ മുഴുകീട്ടും, നിനക്കൊന്നും
അറിയില്ലയെന്നു നുണ പറഞ്ഞില്ലേ? എന്നെ
കളിയാക്കാൻ പലതും പറഞ്ഞില്ലേ?

രാധ
ആരും ഇതൊന്നും അറിയരുതെന്നെന്റെ
കാതിൽ പറഞ്ഞത് നീയല്ലേ? പിന്നെ
വാരിപ്പുണർന്നതും നീയല്ലേ?

ശ്രീകൃഷ്ണൻ
പലരും പറഞ്ഞു കേട്ടിട്ടുണ്ട്, ഞാനൊരു
നുണയനാണെന്നോരപവാദം, എന്റെ
ജാതകദോഷമെന്നേ പറയേണ്ടൂ!

രാധ
അമ്പാടിക്കണ്ണാ നിന്റെ നുണക്കുഴിപ്പൂക്കൾ കണ്ടാൽ
അറിയാമല്ലോ ആർക്കും പരമാർത്ഥം? നീ
നുണയേ പറയൂ എന്ന സത്യം

ശ്രീകൃഷ്ണൻ
ഞാനൊരു മുളന്തണ്ടു മാത്രമാ,ണത് ഹരി-
മുരളിയാക്കുന്നതെൻ രാധയല്ലോ, രാഗങ്ങൾ
ചുംബിച്ചുണർത്തുന്നതും നീയല്ലോ!

രാധ
ആരെന്തുപറഞ്ഞാലും, കണ്ണനില്ലാത്തൊരു
രാധയുണ്ടോ? പ്രണയഗാഥയുണ്ടോ? പാരി-
ലിതുപോലൊ, രനുരാഗ കഥയുമുണ്ടോ?

❖

# വെറുതെ ഒരു പിണക്കം

അറിയാതേ എന്തോ പറഞ്ഞു പോയി! കണ്ണാ
അതിനിത്ര പരിഭവം വേണോ? പറയൂ
അതിരില്ലാ ഗൗരവം വേണോ?
അല്ലെങ്കിലും നമുക്കാവുമോ എന്റെ പൊ-
ന്നമ്പാടി മുത്തേ പിണങ്ങാൻ?
ഇന്നു നീ വെണ്ണയ്ക്കു കൈ നീട്ടിയപ്പോൾ ഞാൻ
എന്തേ പറഞ്ഞതെൻ കണ്ണാ? വെണ്ണ
പിന്നെത്തരാം എന്നുമാത്രം!
അപ്പൊഴേയ്ക്കും നീ പിണങ്ങി! യിദുശ്ശീലം
നന്നല്ലെന്നും ഞാൻ പറഞ്ഞു, നീയോ
തൽക്ഷണം എങ്ങോ മറഞ്ഞു!
കൊതിയനാ,ണെന്തെത്ര കിട്ടിയാലും നീ
മതിയെന്നു പറയാറില്ലല്ലൊ, കട്ടു-
കവരാതിരിയ്ക്കാറില്ലല്ലൊ!
മറ്റുള്ളവർ കേട്ടാൽ നാണക്കേടാണെന്ന
സത്യം വിളിച്ചു പറഞ്ഞു, ഈ പണിയിനി
പറ്റില്ലെന്നും ഞാൻ പറഞ്ഞു.
ആറ്റിൽ കുളിയ്ക്കുന്ന ഗോപികമാരുടെ
ആടകൾ വാരിയെടുത്തു, അവരെ നീ
ആവോളം നാണം കെടുത്തി!
നന്നല്ലയിക്കളി, കേമത്തവുമല്ല
എന്നല്ലേ ഞാൻ പറഞ്ഞുള്ളു? അതിനു നീ
എന്തെല്ലാം എന്നെ പറഞ്ഞു?
അറിയാതെ പലതും പറഞ്ഞിരിയ്ക്കാം കണ്ണാ
അതിനിത്ര പരിഭവം വേണോ? പറയൂ
പതിവില്ലാ ഗൗരവം വേണോ?

❖

# മുക്തക പഞ്ചകം

**ഗുരുവായൂരപ്പനോട്**
എന്നെക്കൊണ്ടു നടത്തിടുന്നതു ഭവാ-
നാണെന്ന സത്യം മറ-
ന്നെന്നോ ഞാൻ? ഗുരുവായൂരപ്പ വെറുതേ
ചൊല്ലുന്നതാണാളുകൾ,
നിന്നെത്തന്നെ നിനച്ചുകൊ,ണ്ടനിശവും
വാഴാൻ കൊതിയ്ക്കുന്നൊരീ
യെന്നെത്തന്നെ നിനക്കു തന്നതുമറ-
ക്കൊല്ലേ മറക്കാതലേ!
ഇന്നും നിന്നെ നിനച്ചിടാത്ത നിമിഷാർ-
ദ്ധം പോലുമി,ല്ലെപ്പൊഴും
നിന്നെത്തന്നെ മനസ്സിലാർത്ത കുതുകം
ലാളിപ്പു ഞാൻ ശ്രീഹരേ!
എന്നിട്ടും ഒരു വാക്കുപോലുമരിയാ-
ടാതെന്നെ വട്ടം കറ-
ക്കുന്ന രോഗമനേക,മെന്റെ കരുണാ-
മൂർത്തേ! വലഞ്ഞേനഹം!
ഇന്നും ഞാൻ കണികണ്ടതെന്തു? ഭഗവൽ
പ്പാദാരവിന്ദങ്ങളോ,
മന്ദസ്മേര മനോഹരാർദ്രമുഖമോ,
ശ്രീവത്സമോ വേണുവോ?
പിന്നെപ്പിന്നെയെനിക്കു കണ്ടുമതിയാ-
വാത്തോരു നിൻ രൂപമോ?
ഒന്നും തന്നെയെനിക്കു ഹാ! പിടിതരു-
ന്നീലെന്നതേ വിസ്മയം!
ഒന്ന,ല്ലൊത്തിരി കാര്യമുണ്ട് പറവാൻ

താായേ, യശോദേ, നിന-
ക്കൊന്നും തന്നെയറിഞ്ഞുകൂട? ശിവനേ!
നാട്യം നടിയ്ക്കായ്കെടോ,
കന്നത്തം പരിധിയ്ക്കുമപ്പുറ,മുടൻ
നീയേ തടഞ്ഞാവു നിൻ-
കണ്ണൻ, കള്ളനവൻ - പരാതി വെറുതേ
ചൊല്ലില്ലയിഗ്ഗോപികൾ!

**ഗോപികമാർ രാധയോട്**
നീലക്കാറൊളി വർണ്ണനെന്നു പറയാൻ
വയ്യെന്റെ രാധേ! സദാ
ലീലാലോലവിലോല, നിന്നു കളഭ-
ക്കൂട്ടാണ് മെയ്യാകവേ!
മേലോകെച്ചെളിയാണിടയ്ക്ക് - ഇവനോ
തോഴീ മനോ മോഹനൻ?
കാലത്തേ തുടരുന്നു വെണ്ണ കവരും
ദുശ്ശീല, മശ്ശീലവും

# ആനയോട്ടം: കണ്ണന്റെ ഒരു മോഹം!

ഗുരുവായൂരമ്പലമതിലകത്ത്,
ഒരു നാൾ സന്ധ്യാ നേരത്ത്,
ഓടിക്കളിച്ചു ചിരിച്ചു നടക്കുന്നോ-
രോമനക്കുട്ടനെ കണ്ടൂ ഞാൻ!
നെറുകയിൽ പീലിയുണ്ടായിരുന്നു,
നെറ്റിയിൽ ഗോപിയുണ്ടായിരുന്നു,
കള്ളനോട്ടം, കൂടെ കള്ളനാട്യം, ചുണ്ടിൽ
കള്ളച്ചിരിയുമുണ്ടായിരുന്നു!
ആരും കാണാ, തിടയ്ക്കിടെ, യപ്പോഴും
നറുവെണ്ണ നുകരുന്നുണ്ടായിരുന്നു,
കുഞ്ഞിക്കൈ രണ്ടിലും കവിളത്തും മാറിലും
ചുണ്ടിലും വെണ്ണയുണ്ടായിരുന്നു!
കുട്ടിക്കളി മാറാത്തോരാനക്കിടാവിന്റെ
കൂടെ കളിയ്ക്കുകയായിരുന്നു,
ആനയ്ക്കു മപ്പോ,ളിവനെൻ കളിത്തോഴ-
നാണെന്നോരു ഭാവമായിരുന്നു!
ആൾത്തിരക്കു, ണ്ടെന്നാൽ ആരും അറിയാതെ
ഞാനും അരികത്ത് ചെന്നു നിന്നു,
കണ്ടാലും കണ്ടാലും മതിയെന്നു തോന്നാത്തോ-
രാക്കളിയാട്ടം കണ്ടു നിന്നു!
എന്നെ കണ്ടപ്പോൾ ആ മണിക്കുട്ടന്റെ
കണ്ണിൽ കുസൃതി വഴിഞ്ഞിരുന്നു,
പരമരഹസ്യമാണെന്ന മട്ടിൽ എന്തോ
പറയാതെ പറയുന്നുണ്ടായിരുന്നു!
മറ്റൊന്നും കണ്ടു ഞാൻ. ആനക്കിടാ,വെല്ലാം
ശ്രദ്ധിച്ചു കേൾക്കുന്നുണ്ടായിരുന്നു,

“അങ്ങനെയാവാം, ആവാം” എന്നവൻ
സമ്മതം മൂളുന്നുണ്ടായിരുന്നു!
എന്താണു കാര്യമെന്നറിയേണമെന്നായെൻ-
ചിന്ത, ഞാനൊന്നടുത്തു ചെന്നു,
അന്നേരം ഓമനക്കുട്ടൻ മൊഴിഞ്ഞു: “നീ
ആരോടും പറയരുതി സ്വകാര്യം-!
“നന്ദനനെന്നാണിവന്റെ പേര്, ഇവിടെ
വന്നനാൾ തൊട്ടെന്റെ കൂട്ടുകാരൻ,
നാണം കുണുങ്ങിയാ, ണെന്നെയിടയ്ക്കിടെ
കാണാതിരിയ്ക്കുവാൻ വയ്യ പോലും!
“നാലഞ്ചു നാൾ കഴി,ഞ്ഞാലെന്റെ ഉത്സവം
ചാലേ തുടങ്ങുമെന്നറിയാമല്ലോ,
ഓർക്കാതിരിയ്ക്കുവാൻ വയ്യ, അന്നത്തെ
ആദ്യചടങ്ങല്ലോ ആനയോട്ടം!
“പഴമക്കാർ പറയാറുണ്ടിപ്പൊഴും: മറ്റൊരു
ചടങ്ങിനുമില്ലിത്ര ആനച്ചന്തം,
കൂട്ടത്തിൽ ഞാനും ഓടാറുണ്ടേ, എനി-
യ്ക്കത്ര മേൽ ഇഷ്ടമീയാനയോട്ടം!”
“മത്സരമുണ്ടാവും, എന്നാലിവൻ ഓടി-
യെത്തണം മുന്നിലെന്നാണെൻ മോഹം
ഓട്ടത്തിലൊന്നാമനാകുവാൻ ഞാൻ ചില
സൂത്രങ്ങൾ പറയുകയായിരുന്നു!
“തക്കം പാർത്തുനിൽക്കേണമെന്നും, ഓട്ടം
തഞ്ചത്തിൽ വേണം തുടങ്ങാനെന്നും,
തണ്ടും തടിയുമുള്ളോരും കൂട്ടത്തി-
ലുണ്ടാവുമെന്നതോർക്കേണമെന്നും,
“കലപിലകൂട്ടിപ്പുറകേയോടുന്നോരിൽ
പലതരക്കാരുമുണ്ടാകുമെന്നും,
പരവശരായൊപ്പം ഓടുന്ന പാപ്പാൻമാർ

പറയുന്നതനുസരിയ്ക്കേണമെന്നും,
“എന്റെ മതിലകത്താണു നീ ഓടുന്ന-
തെന്ന സത്യം മറക്കായ്കയെന്നും,
ഉത്സാഹമേറിയാൽ എല്ലാം മറ,ന്നെന്റെ
ഉണ്ണിക്കിടാങ്ങളും ഓടുമെന്നും,
“ഓടും മുൻ, പോർമ്മിയ്ക്കുവാനായ് ഞാനിവനോട്
ഓരോന്നു പറയുകയായിരുന്നു,
കാരണമെന്തെന്നോ? ഇവനൊരോന്നാമനായ്
കാണാനെനിയ്ക്കുമു,ണ്ടേറെ മോഹം...”

❖

# ത്രിമധുരം

**ഹം**സധ്വനീരാഗസരസ്സിൽ വിടരും
സഹസ്രദളപത്മമേ, സംഗീതമേ,
വൻപെഴും തുമ്പിയും കൊമ്പുമായ് ശ്രീഗണേശൻ
വാണരുളുന്നതാണീ സന്നിധാനം, കണ്ണന്റെ
വലതുഭാഗത്തെഴും സന്നിധാനം, ഇ-
ന്നിവിടെയാവട്ടെ നിൻ ആലാപനം,
വാതാപി... കീർത്തന ആലാപനം!
സപ്തസ്വരരാഗ മകരന്ദം നുകരും
സാമഗാന പ്രിയനല്ലോ ശ്രീഗണേശൻ,
ക്ഷിപ്രപ്രസാദിയാം വിഘ്നവിനാശന! നിൻ-
തൃപ്പാദ ഭജനമെൻ സുകൃതമല്ലോ
ഭക്തജന മാനസമാം തിരുവരങ്ങിൽ പ്രദോഷ-
നൃത്തനൃത്യങ്ങളാടും ഭഗവാനേ,
എൻ തെറ്റു കുറ്റങ്ങൾ നാളികേരങ്ങളായ്
നിൻ നടയിലുടയേണം ബലവാനേ!

**2**

ശരവണപ്പൊയ്കയിൽ അവതാരം, നീ
അളവറ്റ കരുണതൻ ആകാരം,
താരുണ്യമുരുകാ, ലാവണ്യമുരുകാ
നീ മാത്രം അടിയങ്ങൾക്കാധാരം!
ജ്ഞാനപ്പഴം പൊഴിയ്ക്കും ഷൺമുഖനേ! അ-
ജ്ഞാനത്തിൽ ഇരുളകറ്റും വേലവനേ,
ആടിയും പാടിയും നിൻ സന്നിധി തേടിയും
ഓടിയെത്തുന്നു ഞങ്ങൾ ഭഗവാനേ!
അവ്വയാർ മതിമറന്നു പാടിയ കീർത്തനങ്ങൾ
ക്കാധാര ശ്രുതി ചേർത്ത ആണ്ടവനേ,

അടിയങ്ങൾ ആലപിയ്ക്കും ഈരടികളിലും
സ്വരരാഗ മധു ചൊരിയൂ കുമാരനേ!
നന്മതൻ നിറവായും ഉണ്മതൻ ഒളിയായും
കൺമുന്നിൽ കളിയാടും അമരനേ,
ഇനിയുമീ നടയിൽ കാവടിയാടാൻ
കനിയൂ, കനിയൂ വേൽമുരുകാ!

**3**

ഒരു നേര,മൊരു നോക്കു കണ്ടു തൊഴുതമ്മയോ-
ടൊരുപാട് ദുഃഖങ്ങൾ പറയാൻ
നിറമിഴികളോടെ തിരുവെങ്കിടത്തെ-
ത്തിരുനടയിലോടിയെത്തുമ്പോൾ
ഇരുകൈകളും നീട്ടി വാരിപ്പുണർന്നമ്മ
അളവറ്റ കരുണ ചൊരിയുന്നൂ!
അമ്മേ അമ്മേ ശരണം, തവ-
ചരണാരവിന്ദം ശരണം!
അകതാരിലേറുന്ന മോഹാന്ധകാരത്തി-
ലറിവിന്റെ സൂര്യൻ കെടുമ്പോൾ,
മുറ്റും ദുരിതങ്ങൾ, ശാപങ്ങളീയെന്നെ
നിത്യവും വേട്ടയാടുമ്പോൾ
മുട്ടറുക്കാമെന്നു നേർന്നതേയുള്ളൂ ഞാൻ
ദുഃഖങ്ങൾ വഴിമാറിടുന്നു!
അമ്മേ അമ്മേ ശരണം, എന്നുമാ-
ച്ചരണാരവിന്ദം ശരണം!
ഒരു നുള്ളു കുങ്കുമം, ഇത്തിരി വരമഞ്ഞൾ,
ഒരുപിടി കണ്ണുനീർ പൂക്കൾ,
ഇല്ല മറ്റൊന്നുമെനിക്കില്ല, യീ നടയിൽ
അർപ്പിയ്ക്കുവാൻ! ഞാൻ വിതുമ്പി,
"അമ്മയ്ക്കു സന്തോഷമായ് ഉണ്ണി..." പെട്ടെന്നൊ-
രശരീരി കാതിൽ തുളുമ്പി!
അമ്മേ അമ്മേ ശരണം, എന്നുമാ-
പ്പാദാരവിന്ദം ശരണം!

❖

# രാധമാധവ സ്വരസംഗമം

**ശ്രീ**കൃഷ്ണൻ
സ്വരസംഗമം - സപ്തസ്വരസംഗമം...
സ്വരസംഗമം - സപ്തസ്വരസംഗമം,
ആദിനാദബ്രഹ്മത്തിൽ
ആത്മാവിൽ നിന്നുയരും
ആധാരശ്രുതിരാഗതാള ത്രിവേണിതൻ
ദ്രുതസംഗമം - ബീജസ്വരസംഗമം
അനുപമമാം - മുഗ്ദ്ധസ്വരസംഗമം!
അരികേ വരൂ തോഴി, അരികേ വരൂ,
കേളീ സദനത്തിൽ വേഗം വരൂ!

രാധ:
കളകൂജനം-ദൂരെ കളകൂജനം...
കളകൂജനം-ചാരെ കളകൂജനം
ആദിയുഷസ്സിന്റെ സരസ്സിൽ നീന്തും
പ്രണയ മരാള കന്യകമാർ പൊഴിയ്ക്കും
കള കൂജനം - പ്രണയ കളകൂജനം!
കണ്ണാ വരൂ മണിവർണ്ണാ വരൂ
കളമുരളീരവ മധുരം തരൂ... (സപ്തസ്വരാലാപനം)

ശ്രീകൃഷ്ണൻ:
മലരമ്പനോ, നിന്റെ മിഴിയോ സഖീ?
മലരമ്പനോ, നിന്റെ മിഴിയോ സഖീ?
മദകരമീ രാവിൽ മാടിവിളിയ്ക്കുന്നു
മോഹമുണർത്തുന്ന പൂനിലാക്കുളിരിൽ,
തഴുകിത്തലോടുന്ന താരേ സഖീ?
അരികേ വരൂ രാധേ, അരികേ വരൂ
അനുരാഗ വല്ലരീമദന്ധം പകരൂ...(സപ്തസ്വരാലാപനം)

രാധ:
മുഴുതിങ്കളോ, നിന്റെ മുഖഭംഗിയോ...
മുഴുതിങ്കളോ, നിന്റെ മുഖഭംഗിയോ...
പ്രഥമ സമാഗമ ലജ്ജാവിവശമാം
മനതാരിൽ ഈ രതിനിർവൃതി ചൊരിയുന്നു
പറയൂ ഹരി, എന്നിൽ പടരൂ ഹരീ...
കണ്ണാ വരൂ, മണിവർണ്ണാ വരൂ
കളമുരളീരവ മധു പകരൂ...          (സപ്തസ്വരാലാപനം)

❖

# അണ്ണന്റെ നെന്മിനിയും കണ്ണന്റെ ഉണ്ണിയും

ഗുരുവായൂരോമനക്കണ്ണാ, നിന്നോട്
ചെറിയൊരു സംശയം ചോദിച്ചെന്നാൽ
പരിഹസിയ്ക്കാതെ, സ്വകാര്യമായ് എന്നോട്
പറയുമോ പരമാർത്ഥമെന്റെ മുത്തേ?
'നെന്മിനി'യമ്പലം എന്നു കേട്ടാൽ ഇന്നും
നിൻമേനി കോരിത്തരിയ്ക്കാറുണ്ടോ?
മറ്റാരും കാണാതെ നിന്റെ 'രാമേട്ട'നെ
നിത്യവും നീ തൊഴാൻ പോകാറുണ്ടോ?
പോകുമ്പോൾ നേദിയ്ക്കാനിത്തിരി വെണ്ണയും
പൈമ്പാലും പഴവും നീ കരുതാറുണ്ടോ?
കൺമുന്നിൽക്കാണുന്ന മാത്രയിൽ ഏട്ടൻ വ-
ന്നുണ്ണിയെക്കെട്ടിപ്പിടിയ്ക്കാറുണ്ടോ?
"ഇന്നെന്താ കണ്ണാ നീ,യിത്തിരി വൈകിയോ?"
എന്നൊരു കുശലം ചോദിയ്ക്കാറുണ്ടോ?
"വേഗം മടങ്ങണം, ഇന്നും ഉഷഃപൂജ
വൈകിയാൽ പറ്റി,ല്ലറിയാമല്ലൊ,
പോകട്ടെ ഞാനിപ്പോൾ..." എന്നു നീ ഏട്ടന്റെ
കേശവപ്പൈതലായ് കൊഞ്ചിടുമ്പോൾ,
"എന്തു തിരക്കാണിതെന്നുണ്ണിക്കണ്ണാ" യെ-
ന്നേട്ടൻ പരിഭവം പറയാറുണ്ടോ?
ഗുരുവായൂരമ്പാടിക്കണ്ണാ, ഞാനെന്റെ
ചെറിയൊരു സംശയം ചോദിയ്ക്കുമ്പോൾ,
പതിവുപോലെന്നെപ്പരിഹസിയ്ക്കാതെ നീ
പറയുമോ പരമാർത്ഥം ഗോപബാലാ?
നെന്മിനിയമ്പലമതിലകത്തിരുവരും
തമ്മിൽ കുശലങ്ങൾ കൈമാറുമ്പോൾ

ഓർക്കുമ്പോ,ളോർക്കുമ്പോൾ ചുണ്ടിൽ ചിരിവരും
പണ്ടത്തെക്കഥകളും പറയാറുണ്ടോ?
നെന്മിനിയില്ലത്തെ കുഞ്ചുണ്ണിയെന്ന പൊ-
ന്നുണ്ണിയെപ്പറ്റിയും ഓർക്കാറുണ്ടോ?
ഒട്ടും പഠിച്ചില്ല മന്ത്രങ്ങൾ, പൂജയും,
കുട്ടിക്കളിതെല്ലും മാറീട്ടില്ല:
വന്ദ്യവയോധികനച്ഛൻ, അക്കാലത്ത്
കണ്ണന്റെ മേൽശാന്തിയായിരുന്നു!
പ്രായവും ക്ഷീണവുമോർക്കാതെ കണ്ണനെ-
സ്സേവിച്ചു കഴിയുകയായിരുന്നു...
പെട്ടെന്നൊരു ദിനം തീരെക്കിടപ്പിലായ്,
ഒട്ടു നടക്കാനും വയ്യെന്നായി;

❖

# വിഷുക്കണിയഴക്!

നെറുകയിൽ മയിൽപ്പീലിക്കത്രഴക്,
നെറ്റിയിൽ കസ്തൂരിക്കുറിയഴക്,
മിഴികളിൽ അഞ്ജന നിറമഴക്, ചെ-
ഞ്ചൊടിയിൽ വിടരുന്ന ചിരിയഴക്!
ഇന്നെന്നപോലെ എന്നുമെൻ ഗുരുവായൂ-
രമ്പാടി മുത്തിന് ഏഴഴക്, വിഷു-
ക്കണി കാണുവാനോ നൂറഴക്!
കാതിൽ ചാഞ്ചാടും കുണ്ഡലമഴക്,
കവിളിണയിൽ വിരിയുന്ന നുണക്കുഴിയഴക്,
അണിമാറിൽ പ്പൊൻമണിത്താലികളഴക്,
അരയിൽ തിരുകിയ ഓടക്കുഴലഴക്!
ഇന്നെന്നപോലെ എന്നുമെൻ ഗുരുവായൂ-
രമ്പാടി മുത്തിന് ഏഴഴക്, വിഷു-
ക്കണി കാണുവാനോ നൂറഴക്!
അരയിലെ കാഞ്ചനക്കിങ്ങിണിയഴക്
ഞൊറിവച്ചുടുപ്പിച്ച മഞ്ഞപ്പട്ടഴക്,
അണിമാറിൽ ശ്രീവത്സം പൊന്നഴക്, കൈ-
വള, തള, മോതിരം ചേർന്നഴക്!
ഇന്നെന്നപോലെ എന്നുമെൻ ഗുരുവായൂ-
രമ്പാടി മുത്തിന് ഏഴഴക്, വിഷു-
ക്കണി കാണുവാനോ നൂറഴക്!
ഉഷപ്പൂജ നേരത്തോരുണ്ണി തന്നഴക്,
ഉച്ചപ്പൂജയ്ക്കാഹാ! നിറഞ്ഞഴക്,

സന്ധ്യയ്ക്ക് കണ്ടാൽ ഓടിയടുത്തു ചെ-
ന്നുമ്മ വയ്ക്കാൻ തോന്നും അഴകഴക്!
ഇന്നെന്നപോലെ എന്നുമെൻ ഗുരുവായൂ-
രമ്പാടി മുത്തിന് ഏഴഴക്, വിഷു-
ക്കണി കാണുവാനോ നൂറഴക്!

❖

# എന്റെ ഉണ്ണിക്കണ്ണനോട്

ഈറൻ മിഴിയോടെ ഒരു ദിനം മേല്പത്തൂർ
നാരായണീയം സമർപ്പിച്ചപ്പോൾ, തൃ
പ്പാദങ്ങളിൽ വീണു നമിച്ചപ്പോൾ,
ഓമനക്കണ്ണാ, സത്യമല്ലേ? നിന്റെ
താമരമിഴികളും തുളുമ്പിയില്ലേ? ഒരു
നിമിഷനേരം നീയും വിതുമ്പിയില്ലേ?
അറിയാം എനി,യ്ക്കെന്റെ കണ്ണാ, അത്രമേൽ
കരുണാർദ്രമല്ലോ നിൻ ഹൃദയം!
ഇടറുന്നോരീണത്തിൽ പൂന്താനം ഓരോ
ഈരടിയും പാടി തേങ്ങിയപ്പോൾ, എനിയ്ക്കിനി
ഉണ്ണി നീ മാത്രമെന്നു കരഞ്ഞപ്പോൾ,
കളിചിരി മാറാത്തോരുണ്ണിയായ് കണ്ണാ നീ
അരികത്ത് ഓടിച്ചെന്നില്ലേ? ആ തപ്ത-
മനസ്സിൽ കയറി ഇരുന്നില്ലേ?
അറിയാം എനി,യ്ക്കെന്റെ കണ്ണാ ആത്രമേൽ
കരുണാർദ്രമല്ലോ നിൻ ഹൃദയം!
രാത്രിയായീ, നടയടച്ചു; ഇനി മാല
ചാർത്തുവാനാവില്ലെ,ന്നറിഞ്ഞപ്പോൾ, മഞ്ജുള
ഇടനെഞ്ചു പൊട്ടി കരഞ്ഞപ്പോൾ,
ആൽത്തറകല്ലിൽ ചാർത്തിയ മാല നീ
ആ രാത്രി തന്നെ അണിഞ്ഞില്ലേ? ഭക്ത-
മഞ്ജുളയിൽ കാരുണ്യം ചൊരിഞ്ഞില്ലേ?
അറിയാം എനിയ്ക്കെന്റെ കണ്ണാ, അത്രമേൽ
കരുണാർദ്രമല്ലോ നിൻഹൃദയം!

❖

# സാഫല്യം

ഗുരുവായൂരിൽ ഒരു നേരം തൊഴുതാൽ
തീരാത്ത ദുഃഖങ്ങളുണ്ടോ? അകന്നു-
പോകാത്ത ദുരിതങ്ങളുണ്ടോ?
തിരുമെയ്യിലാടിയ തീർത്ഥം സേവിച്ചാൽ
മാറാത്ത രോഗങ്ങളുണ്ടോ? വിട്ടു-
മാറാത്ത രോഗങ്ങളുണ്ടോ?

*കോറസ്*

ഹരി നാരായണ ഗോവിന്ദ
ജയ നാരായണ ഗോവിന്ദ;
ഹരി നാരായണ ജയ നാരായണ
ഗുരുപവനേശാ ഗോവിന്ദ!
നാരായണ നാമം ഒരിയ്ക്കൽ ജപിച്ചാൽ
തോരാത്ത കണ്ണുനീരുണ്ടോ? വിട്ടു-
പോകാത്ത പാപങ്ങളുണ്ടോ?
കണ്ണന്റെ തിരുസന്നിധിയേക്കാൾ വിലപ്പെട്ട
മറ്റൊരു നിധി നമുക്കുണ്ടോ? ആ നിധി
മാറ്റാത്ത ദാരിദ്ര്യമുണ്ടോ?

*കോറസ്*

കണ്ണന്റെ കാരുണ്യയമുനപോലെ പുണ്യ-
തീർത്ഥം നമുക്കേറെയുണ്ടോ? പര-
മാനന്ദ മകരന്ദമുണ്ടോ?
കണ്ണനെ കൺകുളിർക്കെ കാണുമ്പോൾ മ-
റ്റെന്തെങ്കിലും ഓർക്കാറുണ്ടോ? വേറെ
എന്തെങ്കിലും അറിയാറുണ്ടോ?

*കോറസ്*

# അപരാധം പൊറുക്കൂ...

**ക**രുണ ചെയ്‌വാനെന്തു താമസമെന്നു ഞാൻ
അറിയാതെ ചോദിച്ചുപോയി, കൃഷ്ണാ
അവിവേകം അയ്യോ! പറഞ്ഞുപോയി;
അപരാധം പൊറുക്കൂ; അടിയങ്ങൾക്കവലംബം
അവിടുത്തെ കാരുണ്യം മാത്രമല്ലോ;
അളവറ്റ വാത്സല്യം മാത്രമല്ലോ!
- എന്നിട്ടും
കരുണ ചെയ്‌വാനെന്തു...

ഓർക്കാപ്പുറത്തൊരു നാൾ മൃത്യുപാശത്തിന്റെ
കെട്ടുകളിൽ ഹൃദയം പിടഞ്ഞപ്പോൾ,
നിന്നേ വിളിച്ചു ഞാൻ കരഞ്ഞപ്പോൾ,
ഗരുഡവാഹന! നീ തിടുക്കത്തിലോടി വന്നൂ
പുതിയൊരു ജീവിതം എനിയ്ക്കു തന്നൂ!
- എന്നിട്ടും
കരുണ ചെയ്‌വാനെന്തു...

കണ്ണുനീരല്ലാതെ കാണിയ്ക്കയർപ്പിയ്ക്കാൻ
ഒന്നുമില്ലെന്നു ഞാൻ തേങ്ങിയപ്പോൾ,
നിന്നേ പുണർന്നു ചാരെ നിന്നപ്പോൾ,
കണ്ടു ഞാൻ നിൻമിഴികൾ തുളുമ്പുന്നൂ; എനിയ്ക്കായ്
വീണ്ടും നീ ആടി കുചേലവൃത്തം!
- എന്നിട്ടും
കരുണചെയ്‌വാനെന്തു...

❖

# ഒരു പ്രാർത്ഥന

ആറ്റുനോറ്റുണ്ടായ പൈതലാണ്; എനി-
യ്ക്കോമനത്തിങ്കൾ കിടാവാണ്;
കണ്ണീരു തോരാത്ത പ്രാർത്ഥന കേട്ടെന്റെ
കണ്ണാ, നീ തന്ന നിധിയാണ്!
കാരുണ്യമൂർത്തേ, ഗുരുപവനേശാ
കാത്തരുളേണമേ കാർവർണ്ണാ,
മറ്റൊന്നുമില്ലെനിയ്ക്കർത്ഥിയ്ക്കാൻ, എപ്പോഴും
ഒപ്പമുണ്ടാവണേ മണിവർണ്ണാ!
ഇവളെന്റെ ഓമന മുത്താണ്, എന്റെ
ജന്മജന്മാന്തര സുകൃതമാണ്;
ഏറെ നാൾ മോഹിച്ചു മോഹിച്ചു കൈവന്ന
ആരോമ,ലെൻ തങ്കക്കുടമാണ്!
കൈയ്യോ വളരുന്നു, കാലോ വളരുന്നു,
കൗതുകമോടെ ഞാൻ നോക്കുന്നൂ,
തേനും വയമ്പും മണക്കുമാപ്പാൽച്ചിരി
മതിവരുവോളം ഞാൻ നുകരുന്നൂ!
കുഞ്ഞിക്കണ്‍ നിറയെ കുസൃതിയാണ്,
കാട്ടുന്നതെപ്പോഴും വികൃതിയാണ്,
കളിചിരിയിങ്ങനെ കണ്ടിട്ടും കണ്ടിട്ടും
കൊതി തീർന്നിട്ടില്ലെനിയ്ക്കിപ്പോഴും! (ആറ്റു...)

# സുപ്രഭാതഗീതം

ഉഷഃസരസ്സിൽ വിരിയുകയായീ സഹസ്രദളപത്മം,
മനസ്സരസ്സിൽ വിടരുകയായി ഹരിയുടെ പദപത്മം,
കിഴക്കു ദിക്കിൽ തെളിയുകയായി തരുണാരുണ ഭംഗി,
ഹോഗുരുപവനേശപുര! പുലരിക്കതിരൊളിയിൽ മുങ്ങി!
നനുത്ത തെന്നൽ ശ്രുതിമീട്ടുന്നൂ മഞ്ജുളാൽക്കൊമ്പിൽ,
ഉണർന്നുപാടീടുന്നു കിളികൾ പ്രഭാതഗീതങ്ങൾ;
പൂമിഴിപൂട്ടിയുറങ്ങും കണ്ണനെ ഉണർത്തുവാനായി
ചരാചരങ്ങളിൽ നിന്നുയരുന്നൂ മംഗലധ്വനികൾ!
ഓംകാരാർദ്രമുദാരം ശംഖനാദം ഉയരുന്നൂ
ഒരായിരം നെയ്ത്തിരിനാളങ്ങൾ പൂത്തുതളിർക്കുന്നൂ;
കുളിച്ചൊരുങ്ങി ഭക്തജനാവലി നടയിൽ തിങ്ങുന്നൂ
മുഴങ്ങിടും ഹരി നാമജപത്തിൽ ലയിച്ചു നിൽക്കുന്നൂ!
അഴിഞ്ഞുലഞ്ഞൊരു പീലിത്തിരുമുടി, മഞ്ഞപ്പൂഞ്ചേല,
കിഴിഞ്ഞ കനക കിങ്ങിണി, കടകം, വാടിയ വനമാല,
മന്ദം മന്ദം വിടരും മിഴിയും നനുത്ത പുഞ്ചിരിയും,
മനം മയക്കിടു-മീ നിർമ്മാല്യ ദർശനമേ പുണ്യം!
തുടുത്ത കൈയ്യിൽ പൊന്നോടക്കുഴൽ, മറുകൈയ്യിൽ വെണ്ണ
കറുത്ത മെയ്യിൽ കളഭച്ചാർത്തിൻ അഴകും പരിമളവും,
അടുത്തുനിൽക്കും ഗോപികമാരുടെ നേരിയ ഒളിനോട്ടം
ഇടയ്ക്കിടയ്ക്കൊരു കള്ളനാട്യം - ഈ ദർശനമേ പുണ്യം?

❖

# കണികാണും നേരം

**ക**ണികാണും നേരം കമലാനേത്രന്റെ
നിറമേറും മഞ്ഞ തുകിൽ ചാർത്തി,
കനകക്കിങ്ങിണി വളകൾ മോതിരം
അണിഞ്ഞുകാണേണം ഭഗവാനേ!
ഗുരുവായൂരുണ്ണിക്കണ്ണാ, കാരുണ്യം
ചൊരിയും കോടക്കാറണിവർണ്ണാ,
അകതാരിൽ മോഹം പെരുകുന്നൂ നിന്റെ
അഴകേറും രൂപം കണികാണാൻ!
ഉദയകാന്തിയിൽ മനം മുഴുകുമ്പോൾ
കുളിരിളം തെന്നൽ തഴുകുമ്പോൾ
അകതാരിൽ മോഹം പെരുകുന്നൂ കണ്ണാ
അരികത്തായ് നിന്നെ കണികാണാൻ!
ഘനശംഖാരവം മുഴങ്ങുമ്പോൾ കിളികൾ
ഹരിഗീതം പാടിതുടങ്ങീടുമ്പോൾ
തെളിയുന്നുമുന്നിൽ ശ്രീകോവിൽ, കണ്ണാ
പെരുകുന്നു മോഹം കണികാണാൻ!
നിത്യനിർവൃതി അരുളും നിർമ്മാല്യ-
ദർശനത്തിന്റെ സുകൃതവും,
തിരുവാകച്ചാർത്തും ഓർക്കുമ്പോൾ കണ്ണാ
കൊതിയാവും നിന്നെ കണികാണാൻ!
കമലാവല്ലഭാ ഗോവിന്ദാ പാഹി
കായാമ്പുവർണ്ണാ പരിപാഹി;
കമലലോചനാ കമനീയാനനാ
അഴകോടെ നിന്നെ കാണേണം!
വിജയഗോപാല ഗോവിന്ദാ പാഹി
ഗോകുല ബാലാ പരിപാഹി;

കളമുരളീലോല ഹേ നന്ദലാലാ
അഴകോടെ നിന്നെ കാണേണം
നവനീതചോരാ ഗോവിന്ദാ പാഹി
ഗിരിധരാ ഹരേ പരിപാഹി,
കരുണാസാഗര ശ്രീധരാ നിന്നെ
അഴകോടെ കണികാണേണം!
നെറുകയിൽ കാറ്റിൽ ഇളകിയാടുന്ന
നറുപീലിക്കതിരും കാണേണം;
കസ്തൂരി തിലകം, കളഭ ചന്ദന-
ക്കുറിയും കൺമുന്നിൽ കാണേണം.
മകരകുണ്ഡല ശോഭയും ഭക്ത-
വാത്സല്യം വഴിയും മിഴികളും
ഓങ്കാരം പൊഴിയും പൊന്നോടക്കുഴലും
കോടക്കാർവർണ്ണാ കാണേണം!
മലർമന്ദഹാസം വിരിയുന്ന ചൊടിയും
നാട്യവും കള്ളനോട്ടവും
ശരണമേവർക്കും അരുളും ഭാവവും
അടിയങ്ങൾക്കെന്നും കാണേണം!
കണികാണുന്നേരം
അഴകേറും നിറമാറിൽ മിന്നിത്തിളങ്ങും പൂത്താലി
മരതക മണിഹാരവും,
നിറമാലയുമായെൻ
അരികെ വാ കണ്ണാ കണികാണാൻ!
കനകാഭ തിരളും വളകളും നാനാ-
രത്നങ്ങൾ മിന്നും തളകളും
കിലുകിലെ കൊഞ്ചും കിങ്ങിണിയും ചാർത്തി
അരികെ വാ കണ്ണാ കണികാണാൻ!
അരയിൽ മഞ്ഞപൂന്തുകിൽനീർത്തിമീതെ
കിലുങ്ങും കിങ്ങിണി നിരചാർത്തി

വരിക പൊന്നോടക്കുഴലുമായ് കണ്ണാ
കൊതിയായി നിന്നെ കണികാണാൻ!
ഉറിയിൽ തൂങ്ങുന്ന നറുവെണ്ണ കവർ-
ന്നെടുക്കുമ്പോഴത്തെ തിടുക്കവും
തെരുതെരെ വെണ്ണ നുകരുമ്പോൾ കാട്ടും
വികൃതിയും കണ്ണാ കാണേണം.
മറ്റാരും കാണാതുറതൈരും, പാലും
കൂട്ടുകാരൊപ്പം നുകരുമ്പോൾ
വനമാലി ആടിത്തിമർക്കും ഓരോരോ
കളികളും മുന്നിൽ കാണേണം!
വെണ്ണപോലെ നീ മണ്ണുതിന്നതി-
ന്നമ്മതൻ തല്ലുകൊള്ളുമ്പോൾ
ചെറിയൊരു വായിൽ ഈരേഴുപാരും
കാട്ടുമാ രൂപം കാണേണം!
കേളികളാടി തളർന്നും വാർമുടി-
പ്പീലികൾ ഊർന്നും കുറിമാഞ്ഞും
അരികത്തോടിവാ വൈകാതെ കണ്ണാ-
കൊതിയായി നിന്നെ കണി കാണാൻ!
മഞ്ഞപ്പൂന്തുകിൽ കിഴിഞ്ഞും, കിങ്ങിണി
അഴിഞ്ഞും വാർകൂന്തൽ നിരയൂർന്നും
ചിരിതൂകിക്കൊണ്ടെൻ അരികേ വാ കണ്ണാ
ധൃതിയായീ നിന്നെ കണി കാണാൻ!
മഴവില്ലിൻ അഴകിൻ നിറവോടെ, പര-
ന്നൊഴുകും പൂനിലാക്കുളിരോടെ,
അടുത്തുവാ മഴമുകിലലൊളി വർണ്ണാ
തിടുക്കമായ് നിന്നെ കണികാണാൻ!
കമലലോചനാ കാമമോചനാ
കദന നാശന, മണിവർണ്ണാ,
ശ്രിതജനാവന, ശ്രീനികേതന,

അരികത്തോടി വാ കണി കാണാൻ!
പരമപാലക, പശുപബാലക,
ഭുവനനായക, മണിവർണ്ണാ,
ഭവ ഭയാന്തക, മുരളീഗായക
അരികത്തോടി വാ കണി കാണാൻ!
ഗുരുവായൂരുണ്ണിക്കണ്ണാ, കാരുണ്യം
ചൊരിയും കോടക്കാറണി വർണ്ണാ
അകതാരിൽ മോഹം പെരുകുന്നൂ, നിന്റെ
അഴകേറും രൂപം കണികാണാൻ...

❖

# ആനന്ദ നിർവൃതി

ഗുരുവായൂരെന്നു കേൾക്കുമ്പൊഴേയ്ക്കും മനം
തെരുതെരെ നൃത്തമാടുന്നൂ,
തിരതല്ലുമോർമ്മയിൽ കതിരൊളിചൊരിയുന്നോ-
രൊരു പീലിമിന്നിമായുന്നു;
കരുണാർദ്രമായ്, ഏറെ മധുരമായെൻ കാതിൽ
മുരളീരവം പൊഴിയുന്നൂ,
അരികിലുമകലെയും ഹരിചന്ദനത്തിന്റെ
പരിമളം ഊർന്നൊഴുകുന്നൂ!
ഗുരുവായൂരെന്നു കേൾക്കുമ്പോഴേയ്ക്കും മനം
തെരുതെരെ പാട്ടുപാടുന്നു!
എങ്ങോ തിമർക്കുന്ന മഞ്ജീര ശിം്ചിതം
എൻ മനസ്സിൽ പൊഴിയുന്നു,
കണ്ണനെ നിത്യവും കണികണ്ടുരണരുമാ-
സ്വർണ്ണധ്വജം തെളിയുന്നു;
നാരായണീയത്തിൽ നാദസുധയെന്റെ
നാവിൽ തുളുമ്പി നിൽക്കുന്നു!
ഗുരുവായൂരെന്നുകേൾക്കുമ്പോഴേയ്ക്കും മുന്നിൽ
പല പല രംഗങ്ങൾ കാൺമൂ
വർണ്ണം പകരുമുദയശ്രീ നൽകിയ
സ്വർണ്ണത്തളികയുമായി,
ഗോരോചനക്കുറി കൂട്ടൊരുക്കാൻ വരും
ഗോപികമാരെ ഞാൻ കണ്ടൂ;
ചേതോഹരം ബാല സൂര്യനൊരുക്കിയ
പീതാംബരങ്ങളുമായി,
ശ്രീലകത്തുണ്ണിതൻ ചുറ്റിലും മേവുന്ന
ഗോപാല ബാലരെ കണ്ടു!

എന്നെന്നും കണ്ണനു പൈമ്പാൽ ചുരത്തുന്ന
നന്ദിനി പശുവിനെ കണ്ടു;
മിഴികൾ നിറഞ്ഞും മൊഴിമുറിഞ്ഞും നടയിൽ
തൊഴുതുനിൽപ്പോരെ ഞാൻ കണ്ടു,
വലയുന്നോർക്കാശ്രയം നീ മാത്രമെ, ന്നുള്ളിൽ
നിലവിളിക്കുന്നോരെ കണ്ടൂ!
വാതിൽമാടത്തിൽ ഞാനെത്തവെ മന്ത്രമായ്
കാതിൽ പൊഴിയുകയായി;
ആർത്തനെന്നാലും മതിമറന്നേ പാടും
മേൽപ്പത്തൂരിൻ ഭക്തിഗീതം
അഗ്രേ പശ്യാമി...
എത്രകേട്ടാലും മതിവരില്ലെന്നു ഞാ-
നോർത്തുനിന്നീടുമാന്നേരം
പേർത്തുമെൻ കാതിൽ നിറഞ്ഞു തുളുമ്പുന്ന
കീർത്തനം ആരുടെതാവാം?
എല്ലാം മറന്നുകൊണ്ടാവില്വമംഗലം
ചൊല്ലിയോരഷ്ടകമാവാം,
ഗീത ഗോവിന്ദവുമാവാം.
അമ്പാടിക്കുട്ടനെ തൻമകനായ് കണ്ട-
പൂന്താനം പാടിയതാവാം
പാവം കുറൂരമ്മ തൈരു കടയുമ്പോൾ
പാടിയോരിരടിയാവാം.
കാലതിവർത്തിയാം കൃഷ്ണനാട്ടത്തിലെ
ഗോപികാ ഗീതകമാവാം
മന്ദാരമാല കൊരുക്കുമ്പോൾ മഞ്ജുള
മന്ത്രിച്ച കീർത്തനമാവാം-
നെന്മിനി ഇല്ലത്തെ കൊച്ചുപട്ടേരിയാം
കുഞ്ചുണ്ണി തൻ, കൊഞ്ചലാവാം!
ഗുരുവായൂരെന്ന് കേൾക്കുമ്പോഴേയ്ക്കും സ്വരം

ഇടറുന്നു, മിഴി നിറയുന്നു!
ഒരു മാത്രയോർക്കുകിൽ നാവിൽ തെളിയുന്നു
തിരുവാക ചാർത്തിന്റെ തീർത്ഥം!
പലനാൾ കഴിഞ്ഞിട്ടും മറഞ്ഞുപോകുന്നീലാ
കളഭത്തിൻ പരിമളം മാത്രം
ഒരു നാളും വിട്ടുപോവില്ലുഷഃപൂജതൻ
കദളിപ്പഴത്തിൻ മാധുര്യം.
അകതാരിലെപ്പോഴും
തെളിയുന്നു കൃഷ്ണാ നിൻ-
അനവദ്യരൂപ സൗന്ദര്യം!

❖

# സ്വരൂപവർണ്ണന

*(ശ്രീ തിരുവാലൂർ ശ്രീകുമാരൻ തിരുമേനിയുടെ നിത്യപ്രഭാഷണത്തെ (19-06-2021) ആധാരമാക്കി എഴുതിയത്.*

സ്വർണ്ണത്താമര മലരിൽ വിളങ്ങും
കണ്ണാ, നിനക്കെന്തു ഭംഗി!
മാനവർ മാത്രമല്ല, വാനവരും നിന്നെ
മാറോട് ചേർത്തു നിർത്തിപ്പുണരും!
അഴകെഴും നെറ്റിയിൽ മേൽശാന്തി ചാർത്തിയ
കളഭക്കുറിയ്ക്കെന്തു ഭംഗി!
കാൽത്തള, കൈവള, കിങ്ങിണിയും കണ്ടാൽ
ഓടിവ,ന്നുമ്മ വയ്ക്കാൻ തോന്നും!
ഒന്നല്ല, രണ്ടല്ല, മൂന്നുണ്ടമാലകൾ,
ഒളിചിന്നും ബഹുവർണ്ണ തിരുമുടിമാലകൾ,
മരതകമണിയണി കുണ്ഡല ശോഭയും
മലർ മന്ദഹാസവും - എന്തു ഭംഗി!

❖

# യമുനേ നീ അറിഞ്ഞില്ലേ?

നിലാവുദിച്ചല്ലോ, യമുനേ
നീയറിഞ്ഞില്ലേ?
കടമ്പു പൂത്തല്ലോ! എന്നിട്ടും
ആരും പറഞ്ഞില്ലേ?
ഗോപകന്യകമാർ നന്നായ്
ഞൊറിഞ്ഞുടുത്തല്ലോ
കണ്ണാടിക്കവിളിൽ നുണക്കുഴി-
പ്പൂക്കൾ വിടർന്നല്ലോ!
കൊക്കുരുമ്മുന്നു, പ്രണയ
ച്ചൂടിൽ ഇണക്കിളികൾ,
കിയിലും മയിലും തുടങ്ങിയല്ലോ
ഓരോരോ കളികൾ!
കൈവളയണിയുന്നു, ചേലിൽ
യമുനയിൽ ഓളങ്ങൾ,
ഓരോരോ രംഗങ്ങൾക്കും
പല പല താളങ്ങൾ!
വൃന്ദാവനം തുടുത്തു, ഒരു
ഗോപികയെപ്പോലെ,
നമ്മുടെ മാനസചോരൻ കണ്ണൻ
എത്താറായീലോ...!
ഒഴുകിവരുന്നൂലോ കാറ്റിൽ
ഹരിചന്ദന ഗന്ധം,
അത്ഭുതം; ഇപ്പോഴേ വ-
ന്നെത്തിയെന്നോ വസന്തം?
കേൾക്കുന്നതെന്താണ്? ഹരിയുടെ
കാൽച്ചിലമ്പൊച്ചയാണോ?

കൈകൊട്ടിപ്പാടുന്നു ദൂരെ
കാനനച്ചോലയാണോ?
രാഗങ്ങൾ മാറി മാറി നന്നായ്
പാടുന്നു രാക്കിളിയോ?
കോടക്കാർ വർണ്ണന്റെ പൊ-
ന്നോടക്കുഴൽ വിളിയോ?
രാവാണെന്നോർക്കാതെ വണ്ടുകൾ
മൂളിപ്പറക്കുന്നു
നീൾമിഴി നീർത്തുന്നൂ നിശാ-
ഗന്ധികളെമ്പാടും!
രാഗോന്മാദിനികൾ - തീരം
തേടും ഓളങ്ങൾ
നീളെ മുഴക്കുന്നൂ നവനവ-
മൃദംഗ താളങ്ങൾ!
അന്തരംഗം ഹാ! നർത്തന-
രംഗമൊരുക്കുന്നു,
കാറൊളിവർണ്ണാ വാ, ഞങ്ങൾ
കാതോർത്തിരിക്കുന്നു!
നിലാവുദിച്ചല്ലോ, യമുനേ
നീയറിഞ്ഞില്ലേ?
കടമ്പു പൂത്തല്ലോ! എന്നിട്ടും
ആരും പറഞ്ഞില്ലേ?

❖

# ശ്രീമഹാഗണപതി - ഉണ്ണിഗ്ഗണപതി

**ഓം**... ഓം... ഓം...

ഉണ്ണിഗ്ഗണപതി ഭഗവാനേ...
ഈരേഴുലകിനും ബലവാനേ...
മംഗള കാരണ-ദുഃഖനിവാരണ
വിഘ്ന വിനാശന-പുരാണവാരണ
ശരണം-ശരണം-തിരുചരണം!
ശരണം-ശരണം-തിരുചരണം!
ഹംസധ്വനിയാം രാഗസരസ്സിൽ
പിറന്ന സിദ്ധി വിനായകനേ,
ഭവ ഭയ ദുഃഖമകറ്റി, ഞങ്ങൾ-
ക്കഭയം നൽകും ഗജാനനാ
മംഗളകാരണ-ദുഃഖനിവാരണ
ശരണം ശരണം തിരുചരണം!
അപാരകീർത്തേ-നിരുപമമൂർത്തേ
ഉമാമഹേശ്വര യോഗ തേജസ്സേ,
സപ്തസ്വരലയമയ-
കീർത്തന തീർത്ഥമായ്
അവതരിയ്ക്കൂ-ഗം-ഗണപതയേ!
ഗണപതിയേ-ഉണ്ണിഗണപതിയേ...

# ഒരു വിഷുപ്പാട്ട് കടം തരാമോ?

ഓമനക്കണ്ണാ, കടം തരാമോ, എനി-
യ്ക്കൊരു വിഷുപ്പാട്ടിന്റെ ഈണം?
ഈണത്തിനൊപ്പം പാടുവാൻ ചേലൊത്ത
ഈരടികളും നീ കടം തരേണം!
കളിചിരി മാറാത്ത കൈശോര വേഷം
കണികണ്ടു തൊഴുതുനിൽക്കുമ്പോൾ,
പണ്ടു നീ പാടിപ്പഠിപ്പിച്ചൊരാപ്പഴ-
മ്പാട്ടു പാടാനൊരു മോഹം!
പൊൻവെയിൽ നാളത്തിൽ മുങ്ങി, ക്കണിക്കൊന്ന
കിങ്ങിണി ചാർത്തി നിൽക്കുമ്പോൾ
പാടാനറിയാത്ത പാഴ്മുളന്തണ്ടിനും
പാടാൻ തുടിയ്ക്കയായ് മോഹം!
സപ്തസ്വരങ്ങളേയില്ല, മുജ്ജന്മ-
സിദ്ധമാം വൈഭവം പോലുമില്ല,
എന്നാലുമീ വിഷുപ്പുലരിയിൽ നിൻ മുന്നിൽ
വന്നൊന്ന് പാടുവാൻ ദാഹം!
ആരെങ്കിലും വന്ന് ചൊല്ലിത്തരുന്നതും
കാതോർത്ത് കാത്തുനിൽക്കുമ്പോൾ,
പാടത്തിനക്കരെ, ക്കുന്നിൻ ചെരിവിലെ
പാവം കണിക്കൊന്ന തേങ്ങി:
"തഴുകിത്തലോടാൻ വരാറുള്ള വനമാലി
ഇതുവഴി ഇനിയും വന്നില്ല;
പാതിമയക്കത്തിൽ നിന്നുണർത്താ, നവൻ
ഒരു മുത്തം പോലും തന്നില്ല...
കുന്നിൻ ചെരുവിലെ കൊന്നക,ളാകയാൽ

മിന്നും പൊന്നും ചാർത്തിയില്ല,
ഇടയന്റെ ചുണ്ടിലെ പൊൻമുളം തണ്ടിൽനി-
ന്നിതുവരെ പാട്ടൊന്നും കേട്ടതില്ല..."
പാവം വിഷുപ്പക്ഷി തേങ്ങി: "പണ്ടത്തെ-
പ്പാട്ടുകളെല്ലാം മറന്നേ പോയി;
ഓരോ കിളികളും ആരോടും യാതൊന്നും
പറയാതെ, യെങ്ങോ പറന്നേ പോയി..."
എന്നാലും എന്നുണ്ണിക്കണ്ണാ, എനിയ്ക്കു നീ
ഇന്നൊരു പാട്ടു കടം തായോ!
നിന്നോടല്ലാതെ ഞാൻ ആരോടു ചോദിയ്ക്കും?
കണ്ണാ! ഓടിയടുത്തു വായോ!
ഗോപികമാരെ രസിപ്പിയ്ക്കാൻ നീ പാട്ട്-
പാടിപ്പഠിപ്പിയ്ക്കാറുണ്ടല്ലോ,
കോരിത്തരിയ്ക്കുമാത്തോഴിമാരെ നീ
ആരും കാണാതെ പുണരുമല്ലോ!
അരികത്തു നീ വന്നു നിന്നാൽ മതി, രാധ
അടിമുടി പൂത്തുലയാറില്ലേ?
'ഇതു തന്നെയാണെൻ വിഷുക്കണി' യെന്നു നീ
കളിയാക്കി കാതിൽ പറയാറില്ലേ?
ആകയാ, ലൊന്നു പറഞ്ഞുതായോ, എനി-
യ്ക്കാലപിക്കാനൊരു പാട്ട്;
ഏതോ വിഷുപ്പക്ഷി നിന്നെക്കേൾപ്പിയ്ക്കുവാൻ
ഏറെ മോഹിച്ചോരു നാടൻപാട്ട്!
അറിയില്ല എന്നു നീ പറയില്ല എന്നെനി-
യ്ക്കറിയാം; നീ ഗാന മൂർത്തിയല്ലോ!
പ്രണവമുണരുന്നതേ നിൻ മണിച്ചുണ്ടിലെ
കളമുരളിയിൽ നിന്നു തന്നെയല്ലോ?
രാധയ്ക്കു കേൾക്കുവാൻ മാത്രമായ്, നീ ചില
രാഗങ്ങൾ ചിട്ടപ്പെടുത്താറില്ലേ?

ആ രാഗം പാടിയാൽ രാധയ്ക്കും ഭാമയ്ക്കും
കവിളത്ത് 'കൈനീട്ടം' നൽകാറില്ലേ?
സത്യത്തി, ലെന്റെ ഗാനങ്ങളെല്ലാം പ്രേമ-
മൂർത്തേ! നിന്റെ കൈനീട്ടമല്ലോ;
എന്റെയാ, ണെന്റെയാണെന്നു ഞാൻ പറയുന്ന-
തെല്ലാം എനിയ്ക്കു നീ തന്നതല്ലോ!

❖

# ആരേ പറഞ്ഞത്?

**ആ**രേ പറഞ്ഞതെൻ കണ്ണാ, നിനക്കിന്ന്
തീരേ ഭംഗി പോരെന്ന്?
പതിവുപോലെ നിൻ കളിത്തോഴിമാർ ഇന്ന്
അണിയിച്ചൊരുക്കീല എന്ന്, എന്നിട്ടും
(ആരേ പറഞ്ഞതെൻ...)
നേരു പറയട്ടെ: മുത്തേ നിന്നെക്കാണാൻ
ഏറെയുണ്ടിന്നൊരു ഭംഗി,
ഒരു നിമിഷ,മൊരു നോക്കു കാണേണ്ടതാമസം
ആരും മയങ്ങുന്ന ഭംഗി! എന്നിട്ടും
(ആരേ പറഞ്ഞതെൻ...)
ഉള്ളം കുളിർക്കുവാൻ നിൻചുണ്ടിൽ വിരിയുന്ന
കള്ളിച്ചിരി ഒന്നുപോരേ?
കൊടിയ ദുഃഖങ്ങളും അകലുവാൻ നിന്റെയാ-
കപട നോട്ടം മാത്രം പോരേ? എന്നിട്ടും
(ആരേ പറഞ്ഞതെൻ...)
തിരുമുടിയിലെ ഒരു പീലിതന്നഴക്
ആയിരം മഴവില്ലിനുണ്ടോ?
അരയിൽ ചാർത്തുമാപ്പട്ടിന്റെ അഴക്
തരുണാർക്ക കിരണങ്ങൾക്കുണ്ടോ? എന്നിട്ടും
(ആരേ പറഞ്ഞതെൻ...)
നിൻ മണിച്ചുണ്ടൊന്നു ചുംബിച്ചാൽ പാഴ്മുളം-
തണ്ടിലും സപ്തസ്വര പ്രവാഹം;
ആരോമലുണ്ണി നീ വെറുതേ നടന്നാലും
അതിനുമുണ്ടഴകാർന്ന നൃത്തഭാവം, എന്നിട്ടും
(ആരേ പറഞ്ഞതെൻ...)

ആലോല നീലമിഴികൾ ഭംഗി ഇ-
ന്നാകാശ നീലിമയ്ക്കുണ്ടോ?
ആ ബാലഗോപാല വേഷഭംഗി, ഓർത്താൽ
ഈരേഴുലകിലുമുണ്ടോ? എന്നിട്ടും
(ആരേ പറഞ്ഞതെൻ...)

❖

# രാസക്രീഡ

**അ**മ്പാടിക്കണ്ണനുണ്ണി എങ്ങുപോയി? ഇ-
ന്നെന്തുപറ്റി, തോഴിമാരേ, പിണക്കമാണോ?
ചെന്നു-വിളിച്ചിട്ടും വിളിച്ചിട്ടും വന്നില്ല,
ഇന്ന് കുളിയ്ക്കാനും കളിയ്ക്കാനും കണ്ടില്ല! അമ്പാടി...

വനമാലി ഇപ്പോഴും മയക്കമാണോ? നമ്മെ
കളിപ്പിയ്ക്കാൻ ദൂരെ ദൂരെ മറഞ്ഞതാണോ?
രാധ വന്നു വിളിച്ചപ്പോൾ പോയതാണോ? അനു-
രാഗലോലൻ നമ്മെയെല്ലാം മറന്നതാണോ? അമ്പാടി...

കാലിമേച്ചു നടപ്പതും കണ്ടില്ല, ആ
വേണുഗാനം ഇതുവരെ കേട്ടില്ല,
തഴുകിത്തലോടിയെന്നെ ഉണർത്തിയില്ല, ആരും
കാണാതെ എന്നെയവൻ പുണർന്നില്ല. അമ്പാടി...

ഒരുവാക്കു പോലുമവൻ പറഞ്ഞില്ല വെണ്ണ
കവരാനും നുകരാനും വന്നില്ല;
കളിയാക്കാൻ ഒന്നും ഞാൻ പറഞ്ഞില്ല, എന്റെ
കണ്ണാ നിൻ സങ്കടം ഞാൻ അറിഞ്ഞില്ല. അമ്പാടി...

മയിൽപ്പീലിത്തിരുമുടി ഒരുക്കിവച്ചു, പുതു-
മഞ്ഞപ്പട്ടുടയാട ഞൊറിഞ്ഞുവച്ചു,
കാത്തിരുന്ന്, കാത്തിരുന്ന് തളർന്നുവല്ലോ, എന്റെ
കണ്ണാ ഇതൊന്നും നീ അറിഞ്ഞില്ലെന്നോ? അമ്പാടി...

കണ്ണനുണ്ണി, നിന്നെയൊന്ന് ഓർത്തതേയുള്ളു, ഗോപ-
കന്യകമാർ അടിമുടി പൂത്തു തളിർത്തു;
മദനമോഹന, ഇനിയും നിൻ പരിഭവമരുതേ, കേളി-
സദനമാക്കൂ ഞങ്ങളുടെ അന്തരംഗം! അമ്പാടി...

കാട്ടുമുളന്തണ്ടല്ലോ ഞങ്ങളെന്നും; നീ
ചുംബിച്ചു നിൻ പ്രാണമുരളിയാക്കി,
രാഗവും നീ, സ്വരവും നീ, ഈരടിയും നീ, ഇതിൽ
ആധാരശ്രുതിയും നീ തന്നെയല്ലോ! അമ്പാടി...

കാർവർണ്ണാ, ഒരു നിമിഷംപോലും നിന്നെ
കാണാതിരിയ്ക്കുവാൻ ആവില്ലല്ലോ;
അത്രമാത്രം നമ്മളൊന്നായ്ത്തീർന്നുവല്ലോ, എന്നി-
ട്ടിനിയുമെന്തേ നീയരികേ വന്നില്ല!

അമ്പാടി...

അരുതരുതേ പിണങ്ങരുതേ ഗോപബാലാ, തിമർ-
ത്താടേണ്ടേ നമുക്കിനിയും രാസലീല?
വരിക വരിക വേഗമെന്റെ വേണുവിലോലാ, നിന്നെ
കാണാൻ തിടുക്കമായി നന്ദലാലാ...

അമ്പാടി...

❖

# കരുണാമയനുടെ ഹൃദയം...

ഈറൻമിഴിയോടെ ഒരുദിനം മേല്പത്തൂർ
നാരായണീയം സമർപ്പിച്ചപ്പോൾ, തൃ-
പ്പാദങ്ങളിൽ വീണു നമിച്ചപ്പോൾ,
ഓമനക്കണ്ണാ, സത്യമല്ലേ? നിന്റെ
താമരമിഴികൾ തുളുമ്പിയില്ലേ? ഒരു
നിമിഷനേരം നീയും വിതുമ്പിയില്ലേ?
അറിയാം എനി,യ്ക്കെന്റെ കണ്ണാ, അത്രമേൽ
കരുണാർദ്രമല്ലോ നിൻ ഹൃദയം!
ഇടറുന്നോരീണത്തിൽ പൂന്താനം ഓരോ
ഈരടിയും പാടി തേങ്ങിയപ്പോൾ, എനിയ്ക്കിനി-
ഉണ്ണി നീ മാത്രമെന്നു കരഞ്ഞപ്പോൾ,
കളിചിരി മാറാത്തോരുണ്ണിയായ് കണ്ണാ നീ
അരികത്ത് ഓടിച്ചെന്നില്ലേ? ആ തപ്ത-
മനസ്സിൽ കയറി ഇരുന്നില്ലേ?
അറിയാം എനി,യ്ക്കെന്റെ കണ്ണാ അത്രമേൽ
കരുണാർദ്രമല്ലോ നിൻ ഹൃദയം!
രാത്രിയായീ, നടയടച്ചു; ഇനി മാല
ചാർത്തുവാനാവില്ലെ,ന്നറിഞ്ഞപ്പോൾ, മഞ്ജുള
ഇടനെഞ്ചുപൊട്ടി കരഞ്ഞപ്പോൾ,
ആൽത്തറക്കല്ലിൽ ചാർത്തിയ മാല നീ
ആ രാത്രി തന്നെ അണിഞ്ഞില്ലേ? ഭക്ത-
മഞ്ജുളയിൽ കാരുണ്യം ചൊരിഞ്ഞില്ലേ?
അറിയാം എനിയ്ക്കെന്റെ കണ്ണാ, അത്രമേൽ
കരുണാർദ്രമല്ലോ നിൻഹൃദയം!

❖

# എങ്കിലും ഒരു ചോദ്യം

**എ**ന്നോടു സത്യം പറയുന്ന പതിവില്ല-
യെങ്കിലും ഞാനൊന്നു ചോദിച്ചോട്ടെ:
രാഗവിലോലനാം നിൻസഖി ഇന്നുമാ-
രാധയാണോ സത്യഭാമയാണോ?
നന്ദകുമാരന്റെ മറുപടിയതിന്നൊരു-
മന്ദസ്മിതം മാത്രമായിരുന്നു!
ആരെയാണെപ്പോഴുമോർമ്മിച്ചിടുന്നു നീ
പാവം കുചേലനെയാണോ കണ്ണാ?
ഉത്തമനുദ്ധവനെയാണോ, നിൻ നിത്യ-
ഭക്തനാം അക്രൂരനെയാണോ?
ഒരു നിമിഷം: ആ മിഴി നിറഞ്ഞതല്ലാതൊരു
മറുപടിയതിന്നുമില്ലായിരുന്നു!
ഏതാണു കൂടുതൽ ഹൃദ്യം, ജയദേവ-
ഗീതഗോവിന്ദമരന്ദമാണോ?
ആട്ടക്കഥയായി മാനവേദൻ നടയി-
ലർപ്പിച്ച കാവ്യനിവേദ്യമാണോ?
അതിനുള്ള മറുപടി വാക്കുകളില്ലാത്ത
ഒരു നറും പുഞ്ചിരിയായിരുന്നു!
ഭാഗവതത്തിൽ സ്വയം സമർപ്പിച്ചൊരാ-
വാഴകുന്നത്തിന്റെ വായനയോ,
ഒരു കിളിപ്പാട്ടുകൊ,ണ്ടമരനായ് മാറിയ
പുറയന്നൂരിൻ മുഗ്ദ്ധ ഭാവനയോ,
ഏറെ പ്രിയംകരമെന്ന ചോദ്യത്തിന്റെ
നേരെയും കണ്ണൻ ചിരിച്ചേയുള്ളൂ!
അതുപോലെയമ്പാടിയിൽപ്പണ്ടു തോഴിമാർ
അണിയിച്ചൊരുക്കിയ വേഷമാണോ,

കളഭത്താൽ മേൽശാന്തിമാരിപ്പോൾ ചാർത്തുന്ന
പലപല വേഷമോ ഏറെയിഷ്ടം?
ഒന്നും പറയാതെ, യിക്കിളിയായ പോൽ
കണ്ണനാമുണ്ണി ചിരിച്ചേയുള്ളു!
ഒരു സംശയം കൂടി: പൂന്താനപ്പാനയോ
നാരായണീയമോ ഏറെയിഷ്ടം?
ഉരിയാടിയില്ലൊരു വാക്കും! മറുപടി
ഒരു കള്ളപ്പുഞ്ചിരിയായിരുന്നു!
അഴകാർന്ന കവിളിൽ നുണക്കുഴിപ്പൂവുകൾ
വിരിയുന്നു; കണ്ണൻ ചിരിച്ചുകൊണ്ടേ-
പറയുന്നു: മറ്റാരും അറിയേണ്ട, ഞാനൊരു
പരമാർത്ഥം ചൊല്ലാം, സ്വകാര്യമായി:
നാരായണീയം കേൾക്കാതേയുണരുവാ-
നാവില്ലതെൻ നിത്യശീലമായി!
ഓരോ ദശകവും കേൾക്കുന്ന മാത്രയിൽ
ഓർക്കും ഞാൻ പണ്ടത്തെയാ രംഗങ്ങൾ;
പാവ,മെൻ പട്ടേരിയാകുലചിത്തനായ്
അവശനായ് വാതിൽമാടത്തിലെത്തി
എന്നെ വായിച്ചു കേൾപ്പിയ്ക്കുന്ന മാതിരി
എന്നും എഴുതുകയായിരുന്നു!
ഇന്നതോർക്കുമ്പോൾ, പലപ്പോഴുമറിയാതെൻ-
കണ്ണു നിറഞ്ഞു തുളുമ്പിടുന്നൂ,
പറയട്ടെ കാരണം: അന്നാക്കൃതി ഞങ്ങൾ
ഒരുമിച്ചെഴുതുകയായിരുന്നു!

❖

# വിസ്മയം തന്നെയെല്ലാം

ഓർക്കുമ്പോൾ, ഓർക്കുമ്പോൾ വിസ്മയം ഏറുന്നു:
ഓമനക്കണ്ണാ നിൻ വൈഭവങ്ങൾ;
മറ്റെങ്ങും കണ്ടിട്ടേയില്ല ഞാൻ ഈ വിധം
ചിത്തം മയക്കുന്ന മറിമായങ്ങൾ!
കാണാൻ തുടങ്ങിയ നാൾ മുതൽക്കിപ്പോഴും
കുട്ടിത്തം! ചാരുകൈശോരവേഷം;
എത്ര വളർന്നിട്ടും ഇന്നും കുട്ടിക്കളി
വിട്ടുമാറാത്തൊരു മുഗ്ദ്ധഭാവം!
മായുന്നേയില്ല നിൻ ചുണ്ടിൽനി,ന്നിപ്പാരിൽ
ആരും മയങ്ങുന്ന മന്ദഹാസം;
ദുഃഖങ്ങൾ അകലുന്നു, ദുരിതങ്ങൾ ഒഴിയുന്നു-
മറ്റെങ്ങുമില്ലാത്ത ശ്രീവിലാസം!
ഒരു നേരം മാത്രമേ കണ്ടുള്ളു നാം! തമ്മിൽ
പിരിയുവാൻ വയ്യാത്ത നിലയിലായി!
ഒരു വരം മാത്ര,മെൻ നാവിൽ നിന്നവിടുത്തെ
തിരുനാമം വിട്ടൊഴിയാതെയായി!
അകലെയാണെങ്കിലും നിന്നെ ഇടയ്ക്കിടെ
കാണാതിരിക്കുവാൻ വയ്യെന്നായി;
ആ കള്ളനോട്ടവും നാട്യവും - ചുറ്റിലും
നറുവെണ്ണ തൻ മണം നിറയുകയായ്!
എന്തിനു പൊൻപ,ട്ടരഞ്ഞാണം, മരതക-
ക്കിങ്ങിണി, തരിവള, കാൽത്തളയും?
ഒരു പട്ടുകോണകം മാത്രമായാലെന്ത്?
ഹരിയുടെ അഴകൊന്നു വേറെത്തന്നെ!
കുഞ്ഞിക്കൈ രണ്ടിലും വെണ്ണ വേണം, പിന്നെ
കവരാനും നുകരാനും വേറെ വേണം,

എന്തു തന്നാലും, അതെത്രയായാലും നീ
മതിയെന്നു പറയുന്ന ശീലമില്ല!
കളഭത്തിലാറാടി നിൽക്കുമ്പോഴും നിന്റെ
കവിളിൽ നുണക്കുഴിച്ചന്തം കാണാം;
ആലോല നീല മിഴികളിൽ അനുരാഗ-
ലോലന്റെ സാകൂത സ്മിതവും കാണാം!

❖